റബ്ബർ

ഒക്ടോബർ 2026 • വാർഷികവരിസംഖ്യ ₹100

- റബ്ബർതൈകളിൽ ശാഖകൾ എങ്ങനെ ക്രമീകരിക്കാം
- തേൻ അനുബന്ധ ഉത്പന്നങ്ങളുടെ മൂല്യവർധനയ്ക്കായി പരിശീലനം
- കാട് – മലയാളത്തിലെ ആദ്യ റബ്ബർചരിത്ര നോവൽ
- മനുഷ്യജീവിതത്തിൽ പോളിമറുകളുടെ പങ്ക്
- പ്രവാസത്തിൽ നിന്ന് കൃഷിയിലേക്ക്



റബ്ബർമരങ്ങൾ ടാപ്പുചെയ്തു തുടങ്ങുമ്പോൾ

കപ്പുതൈകൾ സുരക്ഷിതമായി എത്തിച്ചുതരുന്നതിന് പ്രത്യേക വാഹന സംവിധാനമുള്ള കപ്പുതൈ റബ്ബർ നഴ്സറി



All Kerala Delivery Facility Available on Request

അടുത്ത സീസണിലേക്ക് വണ്ടർ റൂട്ട് തൈകളുടെ ബുക്കിംഗ് ആരംഭിച്ചിരിക്കുന്നു..!



CHEERAKUZHY
Wonder Root
ROOT TRAINER RUBBER PLANT



ചീരക്കുഴി
CHEERAKUZHY

Karshakasree K C Kuraikose
CHEERAKUZHY RUBBER NURSERY & RESEARCH CENTRE PVT. LTD.

Kottappuram P.O, Sreekrishnapuram, Palakkad-679 513
Ph: 08592900400, 9747500600
09447011047, 09447315306
Email: cheerakuzhy@gmail.com
Booking trough : www.cheerakuzhy.com

ഉള്ളടക്കം

06 | റബ്ബർമരങ്ങൾ ടാപ്പുചെയ്തു തുടങ്ങുമ്പോൾ

10 | റബ്ബർതൈകളിൽ ശാഖകൾ എങ്ങനെ ക്രമീകരിക്കാം

14 | തേൻ അനുബന്ധ ഉത്പന്നങ്ങളുടെ മൂല്യവർധനയ്ക്കായി പരിശീലനം

18 | കാട് - മലയാളത്തിലെ ആദ്യ റബ്ബർചരിത്ര നോവൽ

21 | മനുഷ്യജീവിതത്തിൽ പോളിമറുകളുടെ പങ്ക്

24 | പ്രവാസത്തിൽ നിന്ന് റബ്ബർകൃഷിയിലേക്ക്

26 | റബ്ബർമാസിക @ 60

29 | കോൾസെന്റർ

33 | കൃഷിപ്പണികൾ

36 | പരിശീലനങ്ങൾ

38 | ഗ്രാമകേരളം

40 | വിപണി

42 | തോട്ടത്തിലാശാൻ



725

റബ്ബർ

ഒക്ടോബർ 2026

റബ്ബർബോർഡ്
കോട്ടയം-686 002, കേരളം
ഫോൺ: 0481-2301231
വെബ്സൈറ്റ്: www.rubberboard.gov.in
ഇ മെയിൽ: ppr@rubberboard.org.in

facebook.com/rubberboard
x.com/rubberboard
instagram.com/therubberboard
youtube.com/@RubberBoardIndia
റബ്ബർക്ലിനിക്ക്: 9496333117
റബ്ബർബോർഡ് കോൾസെന്റർ 0481 2576622

ചെയർമാൻ:
എൻ. ഹരി

എക്സിക്യൂട്ടീവ് ഡയറക്ടർ:
എം. വസന്തഗേശൻ ഐ.ആർ.എസ്.

എഡിറ്റർ:
ബി. ശ്രീകുമാർ

അസിസ്റ്റന്റ് എഡിറ്റർ:
കെ.കെ. ബെന്നി

മുഖചിത്രം ഫോട്ടോ:
റാണി ജോസ്

വാർഷികവരിസംഖ്യ: 100 രൂപ
വരിസംഖ്യ (10 വർഷത്തേക്ക്): 750 രൂപ
വരിസംഖ്യ മണിയോർഡറായോ ഡിമാന്റ് ഡ്രാഫ്റ്റായോ സെക്രട്ടറി, റബ്ബർബോർഡ്, കോട്ടയം - 686 002 എന്ന വിലാസത്തിൽ അയയ്ക്കുക.

പരസ്യദാതാക്കളുടെ അവകാശവാദങ്ങൾക്ക് റബ്ബർബോർഡ് ഉത്തരവാദിയായിരിക്കുന്നതല്ല. പരസ്യങ്ങളിൽ പറയുന്ന ഉത്പന്നങ്ങളോ സേവനങ്ങളോ ഉപഭോക്താക്കൾ നേരിട്ടു ബോധ്യപ്പെട്ട് സ്വീകരിക്കേണ്ടതാണ്.

റബ്ബർടാപ്പിങ്ങിൽ സ്ത്രീശക്തിയുടെ കൈത്താങ്ങ്

റബ്ബർകൃഷിയിലെ രൂക്ഷമായ ടാപ്പിങ്തൊഴിലാളിക്ഷാമത്തിന് പരിഹാരം കാണുന്നതിനും കുടുംബങ്ങളിൽ തൊഴിൽ പ്രോത്സാഹിപ്പിക്കുന്നതിനുമായി റബ്ബർബോർഡ് 'പ്രോ-വുമൺ ജെൻഡർ ബജറ്റിങ്' പരിശീലനപദ്ധതി ആരംഭിച്ചത് 2021-22 കാലത്താണ്. സ്വന്തം കൃഷിയിടങ്ങളിലോ സമീപതോട്ടങ്ങളിലോ ടാപ്പിങ്ങും തോട്ടംപരിപാലനവും ഏറ്റെടുക്കാൻ വനിതകളെ പ്രാപ്തരാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

പ്രതിവർഷം ശരാശരി 110 ബാച്ചുകളിലായി 1,650-ലധികം വനിതകൾക്ക് ഈ പദ്ധതിയിലൂടെ പരിശീലനം നൽകിവരുന്നു. പരിശീലനം പൂർത്തിയാക്കുന്നവർക്ക് ടാപ്പിങ് കത്തി, ടേപ്പ്, ഷാർപ്പനർ, ടെംപ്ലേറ്റ് തുടങ്ങിയവ ഉൾപെടുന്ന ടാപ്പിങ് കിറ്റും നൽകുന്നുണ്ട്. പരിശീലനം നേടിയവരിൽ 70 ശതമാനത്തിലധികം പേർ തോട്ടംപരിപാലന പ്രവർത്തനങ്ങളിൽ ഏർപെടുന്നു എന്നത് ശ്രദ്ധേയമാണ്. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് വഴി നടപ്പാക്കുന്ന ഈ പരിശീലനപരിപാടികളിൽ പങ്കെടുക്കുന്നവർക്ക് ഭക്ഷണം, സ്റ്റൈപ്പൻഡ്, പരിശീലനസൗകര്യങ്ങൾ എന്നിവ റബ്ബർബോർഡ് നൽകുന്നുണ്ട്.

തൊഴിലാളിക്ഷാമത്തിന് പരിഹാരം കാണുന്നതിനൊപ്പം സ്ത്രീശാക്തീകരണത്തിനും കുടുംബവരുമാനം വർധിപ്പിക്കുന്നതിനും റബ്ബർകൃഷിയുടെ സുസ്ഥിരതയ്ക്കും വഴിയൊരുക്കുന്ന ശ്രദ്ധേയമായ ഇടപെടലായി ഈ പദ്ധതി മാറിയിരിക്കുകയാണ്. കഴിയുന്നത്ര വനിതകൾ ഈ പരിശീലനപരിപാടി പ്രയോജനപ്പെടുത്തുന്നത് നന്നായിരിക്കും.

- എഡിറ്റർ



പുതിയ സാങ്കേതികവിദ്യകൾക്കായി സഹകരണം

ഇന്ത്യയുടെ കാർഷിക-വ്യാവസായിക സമ്പദ്‌വ്യവസ്ഥയിൽ പ്രകൃതിദത്തറബ്ബർമേഖലയ്ക്ക് നിർണായക സ്ഥാനമാണുള്ളത്. ലക്ഷക്കണക്കിന് ആളുകളുടെ ഉപജീവനത്തിന് പിന്തുണ നൽകുന്ന ഈ മേഖല, രാജ്യത്തെ വിവിധ വ്യവസായങ്ങൾക്ക് അത്യന്താപേക്ഷിതമായ അസംസ്കൃതവസ്തു ലഭ്യമാക്കുന്നു. അതേ സമയം, കാലാവസ്ഥാവ്യതിയാനം, വർധിച്ചുവരുന്ന ഉത്പാദനച്ചെലവ്, തൊഴിലാളികളുടെ ലഭ്യതക്കുറവ്, പരിസ്ഥിതി പ്രശ്നങ്ങൾ, സുസ്ഥിരവും ഉയർന്ന മൂല്യവർധിതവുമായ ഉത്പന്നങ്ങൾക്കുള്ള വർധിച്ച ആവശ്യം തുടങ്ങിയ വെല്ലുവിളികൾ ഈ മേഖല നേരിടുകയാണ്.

ഈ സാഹചര്യത്തിൽ, പരമ്പരാഗത ഗവേഷണ സമീപനങ്ങൾക്കപ്പുറം വിവിധ ശാസ്ത്രശാഖകളുടെ അറിവും വൈദഗ്ധ്യവും സംയോജിപ്പിച്ചുള്ള അന്തർവിഷയ ഗവേഷണവും സാങ്കേതിക നവീകരണവും അനിവാര്യമാണ്. ഈ ആവശ്യകത തിരിച്ചറിഞ്ഞുകൊണ്ട്, ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം (ആർ.ആർ.ഐ.ഐ.), തിരുവനന്തപുരത്തെ കൗൺസിൽ ഓഫ് സയന്റിഫിക് ആന്റ് ഇൻഡസ്ട്രിയൽ റിസേർച്ചിന്റെ (സി.എസ്.ഐ.ആർ.) കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇന്റർ ഡിസിപ്ലിനറി സയൻസ് ആന്റ് ടെക്നോളജി (എൻ.ഐ.ഐ.എസ്.ടി.) യുമായി തന്ത്രപ്രധാനമായ സഹകരണത്തിന് തുടക്കം കുറിച്ചിരിക്കുകയാണ്.

പ്രകൃതിദത്ത റബ്ബറുത്പാദനം, വിളപരിഷ്കരണം, സസ്യസംരക്ഷണം, സംസ്കരണം, ഉത്പന്നവികസനം തുടങ്ങിയ മേഖലകളിൽ ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിന്റെ വൈദഗ്ധ്യവും ഉത്പന്നനിർമാണം, നാനോ ടെക്നോളജി, ബയോടെക്നോളജി, പോളിമറുകൾ, രസതന്ത്രം, പ്രോസസ്സ് ടെക്നോളജി തുടങ്ങിയ മേഖലകളിൽ സി.എസ്.ഐ.ആർ. - എൻ.ഐ.ഐ.എസ്.ടി.-യുടെ മികവും പരസ്പരം പൂരകമാണ്. ഈ വൈദഗ്ധ്യങ്ങൾ ഒരുമിപ്പിക്കുന്നതിലൂടെ റബ്ബർമേഖലയിലെ സങ്കീർണമായ വെല്ലുവിളികൾക്ക് നൂതനവും സുസ്ഥിരവുമായ പരിഹാരങ്ങൾ കണ്ടെത്തുന്നതിനുള്ള വലിയ സാധ്യതകളാണ് തുറക്കുന്നത്.

പരസ്പര താൽപര്യമുള്ള മേഖലകളിൽ സംയുക്ത ഗവേഷണവും സാങ്കേതികവിദ്യാവികസനവും ഈ സഹകരണത്തിന്റെ പ്രധാന ഭാഗമായിരിക്കും. ഉത്പന്നനിർമാണം, സുസ്ഥിര സംസ്കരണ സാങ്കേതികവിദ്യകൾ, മൂല്യവർധിത ഉത്പന്നങ്ങൾ, വിഭവങ്ങളുടെ കാര്യക്ഷമമായ വിനിയോഗം എന്നിവയ്ക്ക് പ്രത്യേക പ്രാധാന്യം നൽകും. അതോടൊപ്പം, ഗവേഷണഫലങ്ങളെ പരിശോധനശാലകളിൽ മാത്രം പരിമിതപ്പെടുത്താതെ കർഷകരിലേക്കും വ്യവസായ സംരംഭങ്ങളിലേക്കും വിപണിയിലേക്കും എത്തിക്കുന്നതിന് ഊന്നൽ നൽകും.

കർഷകർക്ക് മെച്ചപ്പെട്ട നടീൽവസ്തുക്കൾ, കാലാവസ്ഥാവ്യതിയാനത്തെ പ്രതിരോധിക്കാൻ ശേഷിയുള്ള കൃഷിരീതികൾ, കാര്യക്ഷമമായ വിളപരിപാലനം, രോഗനിയന്ത്രണം, കുറഞ്ഞ ചെലവ്, ഉയർന്ന ഉത്പാദനക്ഷമത, മെച്ചപ്പെട്ട വരുമാനം എന്നിവ ലഭ്യമാക്കുക എന്നതാണ് സാങ്കേതികവിദ്യയുടെ അന്തിമ ലക്ഷ്യം. സംസ്കരണ-നിർമാണ മേഖലകൾക്ക് കൂടുതൽ കാര്യക്ഷമവും പരിസ്ഥിതി സൗഹൃദവുമായ പ്രക്രിയകൾ, മൂല്യവർധിത ഉത്പന്നങ്ങൾ, വ്യാവസായികതലത്തിൽ പ്രയോഗിക്കാവുന്ന സാങ്കേതികവിദ്യകൾ എന്നിവ വികസിപ്പിക്കാനും ഈ കൂട്ടായ്മ സഹായിക്കും.

ശാസ്ത്രജ്ഞരും സാങ്കേതിക വിദഗ്ധരും തമ്മിലുള്ള അടുത്ത ഇടപെടൽ കൃഷിയിടങ്ങളിലും വ്യവസായങ്ങളിലും നേരിടുന്ന യഥാർഥ പ്രശ്നങ്ങൾ കൂടുതൽ കൃത്യമായി തിരിച്ചറിയാനും അവയ്ക്ക് പ്രായോഗിക പരിഹാരങ്ങൾ വികസിപ്പിക്കാനും സഹായിക്കും. ഇതിലൂടെ ഗവേഷണവും സാങ്കേതികവിദ്യയും സമൂഹത്തിനും സമ്പദ്‌വ്യവസ്ഥയ്ക്കും നേരിട്ട് പ്രയോജനപ്പെടുന്ന രീതിയിൽ മാറ്റിയെടുക്കാൻ സാധിക്കും.

ഈ സഹകരണം രണ്ട് സ്ഥാപനങ്ങൾ തമ്മിലുള്ള ഒരു സംയുക്ത സംരംഭം മാത്രമല്ല; റബ്ബർമേഖലയിലെ ശാസ്ത്രീയവും സാങ്കേതികവുമായ മുന്നേറ്റങ്ങൾക്ക് പുതിയൊരു വാതിൽ തുറക്കുകയുമാണ്. സി.എസ്.ഐ.ആർ. സംവിധാനത്തിലെ മറ്റ് പ്രമുഖ ഗവേഷണസ്ഥാപനങ്ങളുമായും പ്രത്യേക വൈദഗ്ധ്യമുള്ള ലബോറട്ടറികളുമായും ഭാവിയിൽ കൂടുതൽ സഹകരണങ്ങൾക്ക് ഇത് അടിത്തറയാകുമെന്ന് പ്രതീക്ഷിക്കുന്നു.

പ്രകൃതിദത്തറബ്ബറിന്റെ ഭാവി, സുസ്ഥിരതയെയും ശാസ്ത്രീയ മുന്നേറ്റങ്ങളെ പ്രായോഗിക നേട്ടങ്ങളാക്കി മാറ്റാനുള്ള നമ്മുടെ കഴിവിനെയും ആശ്രയിച്ചിരിക്കും. അന്തർവിഷയ ഗവേഷണത്തെ പ്രോത്സാഹിപ്പിക്കുകയും സാങ്കേതികവിദ്യാവികസനത്തിന് വേഗം പകരുകയും ഇന്ത്യൻ റബ്ബർമേഖലയുടെ ശാസ്ത്ര-സാങ്കേതിക അടിത്തറ ശക്തിപ്പെടുത്തുകയും ചെയ്യുന്നതിലൂടെ ഈ പങ്കാളിത്തം ഒരു പുതിയ അധ്യായത്തിന് തുടക്കം കുറിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

ഇത് ഒരു തുടക്കം മാത്രമാണ്. ശാസ്ത്രീയ മികവും നിരന്തരമായ പ്രതിബദ്ധതയും നവീകരണത്തിനും സാങ്കേതികവിദ്യയുടെ പ്രായോഗികവത്ക്കരണത്തിനുമുള്ള ഏകീകൃത സമീപനവും കൈമുതലാക്കി, കൂടുതൽ സുസ്ഥിരവും സാങ്കേതികമായി മുന്നേറിയതും ആഗോളതലത്തിൽ മത്സരക്ഷമവുമായ ഒരു ഇന്ത്യൻ റബ്ബർമേഖല കെട്ടിപ്പടുക്കാൻ നമുക്ക് ഒരുമിച്ച് മുന്നേറാം.

ആശംസകളോടെ



എം. വസന്തഗേശൻ ഐ.ആർ.എസ്.
എക്സിക്യൂട്ടീവ് ഡയറക്ടർ, റബ്ബർബോർഡ്



ചന്ദ്രലേഖ കെ.
ഡെവലപ്മെന്റ് ഓഫീസർ

റബ്ബർമരങ്ങൾ

ടാപ്പുചെയ്തു തുടങ്ങുമ്പോൾ

ഒരു ദീർഘകാലവിളയായ റബ്ബറിൽ നിന്ന് സുസ്ഥിരമായി ആദായം ലഭിക്കണമെങ്കിൽ ശാസ്ത്രീയമായ ടാപ്പിങ് രീതികൾ അവലംബിക്കേണ്ടതുണ്ട്. അശാസ്ത്രീയമായ ടാപ്പിങ് രീതികൾ, ടാപ്പിങ്ങിലെ മറ്റ് അപാകങ്ങൾ എന്നിവയെല്ലാം റബ്ബർതോട്ടങ്ങളിൽ നിന്നുള്ള വിളവ് കുറയുന്നതിന് കാരണമാകാം. പലപ്പോഴും ഇതുമൂലം മരങ്ങൾ വളരെ നേരത്തെ മുറിച്ചു മാറ്റേണ്ട സാഹചര്യവും ഉണ്ടാകാറുണ്ട്. മറ്റു പല വിളകളുമായി താരതമ്യം ചെയ്യുമ്പോൾ മെച്ചപ്പെട്ട ആദായം തരുന്ന വിളയാണ് റബ്ബർ. എന്നിരുന്നാലും ഇപ്പോൾ കൃഷിചെയ്തുവരുന്ന ഉത്പാദനശേഷി കൂടിയ റബ്ബറിനങ്ങളിൽ നിന്ന് യഥാർത്ഥത്തിൽ കൈവരിക്കാവുന്ന ഉത്പാദനക്ഷമതയുടെ ഏകദേശം പകുതിയോളം മാത്രമേ പല കർഷകർക്കും നേടാൻ കഴിയുന്നുള്ളൂ. ദീർഘകാല അടിസ്ഥാനത്തിൽ റബ്ബറിന്റെ ഉത്പാദനം വർദ്ധിപ്പിക്കണമെങ്കിൽ ഉത്പാദനക്ഷമത കൂട്ടുന്നതിനുള്ള മാർഗങ്ങൾ കാര്യക്ഷമമായി എല്ലാ തോട്ടങ്ങളിലും നടപ്പാക്കേണ്ടതാണ്. നല്ല വിളവ് തരുന്ന റബ്ബറിനങ്ങൾ തെരഞ്ഞെടുത്ത് തോട്ടത്തിൽ നടുകയും ശാസ്ത്രീയമായി പരിപാലിക്കുകയും ചെയ്യുന്ന പല കർഷകരും വിളവെടുപ്പ് ശാസ്ത്രീയമാക്കുന്നതിൽ വേണ്ടത്ര ശ്രദ്ധിക്കുന്നില്ല എന്ന് കാണുന്നു. റബ്ബർ കൃഷി ആദായകരമാക്കുന്നതിൽ വിളവെടുപ്പുരീതികൾക്കുള്ള പ്രാധാന്യം വലുതാണ്. ശാസ്ത്രീയമായ ടാപ്പിങ് സമ്പ്രദായങ്ങൾ തുടക്കം മുതൽ തന്നെ അനുവർത്തിച്ചാൽ മാത്രമേ കൂടുതൽ കാലത്തേക്ക് ആദായം നേടാനും കൃഷി ലാഭകരമാക്കാനും സാധിക്കുകയുള്ളൂ.

ഒട്ടു ബന്ധത്തിൽ നിന്ന് 125 സെൻറീമീറ്റർ ഉയരത്തിൽ 50 സെന്റീമീറ്റർ വണ്ണമെത്തിയാൽ മരങ്ങളിൽ ടാപ്പിങ് ആരംഭിക്കാം. വണ്ണം കുറഞ്ഞ മരങ്ങളിൽ കുറ്റമറ്റ രീതിയിൽ ടാപ്പിങ് നടത്താൻ പ്രയാസമാണ്. ഈ മരങ്ങളിൽ ഉത്പാദനം കുറവായിരിക്കുമെന്ന് മാത്രമല്ല ടാപ്പിങ്ങിനു ശേഷം പുതുപ്പട്ട ശരിയായി വളരുകയുമില്ല. ഒരു തോട്ടത്തിലെ ശരാശരി 70 ശതമാനം മരങ്ങൾ ആവശ്യത്തിന് വണ്ണമെത്തിയാൽ ടാപ്പിങ് തുടങ്ങാവുന്നതാണ്. സാധാരണമായി റബ്ബർമരങ്ങളിൽ പുതുതായി ടാപ്പിങ് തുടങ്ങാൻ മാർക്കു ചെയ്യുന്നത് മാർച്ച്-ഏപ്രിൽ മാസങ്ങളിലാണ്. മാർച്ചിൽ ടാപ്പിങ് ആരംഭിച്ച തോട്ടത്തിൽ വണ്ണമെത്താത്തതുകൊണ്ട് ഒഴിവാക്കിയ മരങ്ങൾ ആവശ്യമായ വണ്ണമെത്തുന്ന മുറയ്ക്ക് സെപ്റ്റംബർ മാസത്തിൽ മാർക്ക് ചെയ്യാം.

മരങ്ങളുടെ ചുറ്റുവണ്ണത്തിന്റെ പകുതി ഭാഗത്ത് മാർക്കുചെയ്താണ് ടാപ്പുചെയ്യുന്നത്. വെട്ടുചാൽ എപ്പോഴും ഇടതുവശത്ത് മുകളിൽ നിന്നും തുടങ്ങി വലതുവശത്ത് താഴോട്ട് (മരത്തിന് അഭിമുഖമായി നിൽക്കുമ്പോൾ) ആയിരിക്കണം. പാൽക്കുഴലുകൾ പട്ടയിൽ ക്രമീകരിച്ചിരിക്കുന്നത് എതിർ ദിശയിൽ ആയതുകൊണ്ടാണ് വെട്ടുചാലുകൾ ഇടതു മുകളിൽ നിന്ന് വലതു താഴേക്ക് ചെരിഞ്ഞു വേണമെന്നു പറയുന്നത്. ഇത് മൂലം പരമാവധി പാൽക്കുഴലുകൾ മുറിയുന്നതിനും കൂടുതൽ റബ്ബർപാൽ ലഭിക്കുന്നതിനും ഇടയാകുന്നു. വെട്ടുചാലിന്റെ ചെരിവും കൃത്യമായി പാലിക്കേണ്ടതുണ്ട്. ബഡ്ഡു മരങ്ങളിൽ 30 ഡിഗ്രി ചെരിവിലാണ് വെട്ടുചാൽ മാർക്കുചെയ്യേണ്ടത്. ചെരിവ് കുറഞ്ഞാൽ റബ്ബർപാൽ വെട്ടുചാലിൽ കൂടി ഒഴുകാതെ ചാല് കവിഞ്ഞൊഴുകുന്നതിന് ഇടയാകും. ചെരിവ് കൂടുതലായാൽ മുൻകാന പെട്ടെന്ന് തറനിരപ്പിൽ എത്തുകയും ചുവടുഭാഗത്ത് പട്ട ത്രികോണാകൃതിയിൽ ആയി ഉപയോഗശൂന്യമാകുകയും ചെയ്യും. ശരിയായ ചെരിവ് കിട്ടാൻ 30 ഡിഗ്രി ചെരിവിൽ ഉണ്ടാക്കിയിട്ടുള്ള ടെംപ്ലേറ്റ് എന്ന ഉപകരണം ഉപയോഗിച്ച് പട്ട മാർക്ക് ചെയ്യുകയാണ് വേണ്ടത്. തോട്ടത്തിലെ എല്ലാ മരങ്ങളിലും ഒരേ വശത്ത് നിരപ്പുതട്ടിന് സമാന്തരമായ വശങ്ങളിലൊന്നിൽ മാർക്ക് ചെയ്താൽ ടാപ്പിങ്, പാൽശേഖരണം, പട്ട സംരക്ഷണം എന്നിവ എളുപ്പമാകും.

റബ്ബർമരങ്ങളിൽ വെട്ടുചാലും മാർഗ്ഗരേഖകളും ശരിയായ ഉയരത്തിലും ചെരിവിലും അടയാളപ്പെടുത്തുക എന്നതാണ് ടാപ്പിങ് തുടങ്ങുന്നതിനുള്ള ആദ്യപടി. ഇതിനായി 125 സെന്റീമീറ്റർ ഉയരം അടയാളപ്പെടുത്തിയ കനം കുറഞ്ഞ ഒരു റീപ്പർ, അളക്കുന്നതിനുള്ള ഒരു ടേപ്പ്, ടെംപ്ലേറ്റ്, വരക്കത്തി എന്നിവ ആവശ്യമാണ്.

ആദ്യം റീപ്പർ ഉപയോഗിച്ച് മുൻകാന വരേണ്ട വശത്ത് ഒട്ടുബന്ധത്തിൽനിന്ന് 125 സെന്റീമീറ്റർ ഉയരം മരത്തിൽ അടയാളപ്പെടുത്തണം. ഈ അടയാളത്തിൽ റീപ്പർ വച്ച് താഴേക്ക് ഒട്ടുബന്ധം വരെ ലംബമായി വരക്കത്തി ഉപയോഗിച്ച് ഒരു വര വരയ്ക്കണം. മുൻകാനയ്ക്ക് ആധാരം ഈ വരയാണ്. ഇനി മരത്തെ നെടുനീളത്തിൽ രണ്ടു തുല്യഭാഗങ്ങളായി തിരിക്കണം. ഇതിനായി മരത്തിൽ നേരത്തെ 125 സെന്റീമീറ്റർ ഉയരം അടയാളപ്പെടുത്തിയ ഭാഗത്തെ വണ്ണം അളന്ന് പകുതി വണ്ണം കണക്കാക്കി മറുവശത്ത് മുൻകാനവരയ്ക്ക് എതിർവശത്തായി ഒരു അടയാളമിടണം. അതുപോലെ മരത്തിന്റെ ഒട്ടുബന്ധത്തിന് മുകളിലും മരത്തിന്റെ വണ്ണമളന്ന് മറുവശത്ത് പകുതി വണ്ണം അടയാളപ്പെടുത്തുക. ഇനി മുകളിലും താഴെയുമുള്ള ഈ അടയാളങ്ങളെ റീപ്പർ ഉപയോഗിച്ച് ബന്ധിപ്പിച്ചുകൊണ്ട് ലംബമായി ഒരു വര വരയ്ക്കണം. ഈ വര ടാപ്പിങ് തുടങ്ങേണ്ട ഉയരത്തിൽ നിന്ന് ഏകദേശം 30 സെ.മീ. അധികം മുകളിലേക്ക് നീട്ടി വരയ്ക്കണം. ഈ വരയാണ് പിൻകാനയ്ക്ക് ആധാരം.









വെട്ടുചാലിന്റെ ചെരിവ് കൃത്യമായി നിർണയിക്കുന്നതിന് 30 ഡിഗ്രി ചെരിവുള്ള ടെംപ്ലേറ്റും മാർഗരേഖകൾ വരയ്ക്കുന്നതിനായി മുനയുള്ള ഒരു വരക്കത്തിയും ഉപയോഗിക്കാം. 125 സെ.മീ. ഉയരത്തിൽ ടെംപ്ലേറ്റിന്റെ ചെരിഞ്ഞ കുറിയ വശം മുൻകാനയോട് ചേർത്തുവച്ച ശേഷം ഇടതുമുകളിലേക്ക് മരത്തിൽ ചേർത്തുപിടിച്ച് പിൻകാനവരെ എത്തിക്കുക. ഈ നിലയിൽ ടെംപ്ലേറ്റ് ഉറപ്പിച്ചുപിടിച്ച് പിൻകാനയിൽ എത്തുന്നവരെയുള്ള ദൂരത്തിൽ ടെംപ്ലേറ്റിന്റെ നെടിയ രണ്ട് അരികുകളിൽ കൂടിയും നടുക്കുള്ള മുന്നു പൊഴികളിൽ കൂടിയും ഇടതുവശം ഉയർന്നും വലതുവശം താഴ്ന്നും നിശ്ചിത ചെരുവിൽ അഞ്ച് വരകൾ മരത്തിൽ അടയാളപ്പെടുത്തണം. ഇതിൽ ഏറ്റവും മുകളിലത്തെ വരയിലൂടെയാണ് വെട്ടുചാൽ തുറക്കേണ്ടത്. അതിനു താഴെയുള്ള വരകളെ 'ഗൈഡ് ലൈൻസ്' അഥവാ മാർഗരേഖകൾ എന്നു പറയുന്നു. ഈ വരകൾക്ക് സമാന്തരമായി വേണം എപ്പോഴും വെട്ടുചാൽ നിലനിർത്താൻ. മാർഗരേഖകളുമായി ഒത്തുനോക്കുമ്പോൾ വെട്ടുചാലിന്റെ ചെരിവ്, പട്ടയുടെ വിനിയോഗം എന്നിവ മനസ്സിലാക്കുന്നതിന് സാധിക്കുന്നു. ഓരോ വർഷവും മരങ്ങളിൽ മാർഗരേഖകൾ അടയാളപ്പെടുത്തിയശേഷം വേണം വീണ്ടും ടാപ്പിങ് തുടങ്ങാൻ. മുൻകാനയിൽ നിന്നും 15-20 സെ.മീ. നീളത്തിൽ താഴേക്ക് ഒരു ചെറിയ പൊഴി ഉണ്ടാക്കി അതിനുതാഴെ ചില്ലും ചിരട്ടതാങ്ങിയും ഉറപ്പിക്കണം.

മിക്കയിനം റബ്ബർമരങ്ങളിലും പട്ടക്കുള്ളിൽ പാൽക്കുഴലുകൾ ഇടതു താഴെ നിന്ന് വലതു മുകളിലേക്ക് ഏകദേശം മൂന്ന് മുതൽ അഞ്ചുവരെ ഡിഗ്രി വരെ ചരിഞ്ഞാണ് ഇരിക്കുന്നത്. അതിനാൽ ഇടത് മുകളിൽ നിന്നും വലതു താഴേക്ക് ടാപ്പുചെയ്താൽ മാത്രമേ കൂടുതൽ പാൽക്കുഴലുകൾ മുറിയുകയും ശരിയായ ഉത്പാദനം ലഭിക്കുകയും ചെയ്യുകയുള്ളൂ.

ടാപ്പിങ്ങിന്റെ ആഴം ഉത്പാദനത്തെ നിയന്ത്രിക്കുന്ന ഒരു പ്രധാന ഘടകമാണ്. തണ്ണിപ്പട്ടയോട് ചേർന്ന് ഒരു മില്ലിമീറ്റർ വരെ പട്ട നിർത്തി ടാപ്പുചെയ്യുമ്പോഴാണ് മെച്ചപ്പെട്ട ഉത്പാദനം ലഭിക്കുക. തണ്ണിപ്പട്ടയോട് ചേർന്ന ഭാഗത്തു കൂടുതൽ പാൽക്കുഴലുകൾ ഉണ്ടെന്നതാണ് ഇതിന് കാരണം. ശരിയായ ആഴത്തിൽ ടാപ്പുചെയ്തില്ലെങ്കിൽ വിളവ് കുറയുകയും ചെയ്യും.

ടാപ്പുചെയ്തു ഉത്പാദനം എടുക്കാതെയും റെയിൻ ഗാർഡിങ് നടത്താതെയും ഇട്ടിരിക്കുന്ന തോട്ടങ്ങളിൽ മഴ മാറുന്ന മുറയ്ക്ക് ടെംപ്ലേറ്റ് ഉപയോഗിച്ച് പുതുതായി മാർഗരേഖകൾ വരച്ച് ടാപ്പിങ് പുനരാരംഭിക്കാൻ ശ്രമിക്കുന്നത് നന്നായിരിക്കും.

ടാപ്പിങ് തുടങ്ങുമ്പോൾ ശ്രദ്ധിക്കേണ്ട മറ്റൊരു പ്രധാനപ്പെട്ട കാര്യമാണ് ടാപ്പിങ്ങിന്റെ ഇടവേള. ഇപ്പോൾ പ്രചാരത്തിലുള്ള ഇനങ്ങൾ ഒന്നും ഒന്നിരാടൻ ദിവസത്തെ ടാപ്പിങ്ങിന് യോജിച്ചതല്ല. ഒരു ടാപ്പിങ്ങിൽ മരത്തിൽ നിന്ന് നഷ്ടപ്പെട്ട അത്രയും റബ്ബർപാൽ ഈ ഭാഗത്തുതന്നെ ഉത്പാദിപ്പിക്കപ്പെടേണ്ടതുണ്ട്. ഇതിന് 48 മണിക്കൂറിൽ കൂടുതൽ സമയം വേണമെന്നാണ് കണക്കാക്കിയിട്ടുള്ളത്. അത്രയും സമയം മരത്തിന് വിശ്രമം കൊടുത്തില്ലെങ്കിൽ പട്ടമരപ്പ് കൂടുതലായിരിക്കും. പുതുതായി ടാപ്പിങ് തുടങ്ങുന്ന മരങ്ങളിൽ ആദ്യം മുതൽ മൂന്നു ദിവസത്തിൽ ഒരിക്കൽ മാത്രം ടാപ്പുചെയ്യാൻ ശ്രദ്ധിക്കണം. നാല് ദിവസത്തിലൊരിക്കൽ, ആഴ്ചയിലൊരിക്കൽ എന്നീ ഇടവേളകളിലുള്ള ടാപ്പിങ് രീതികളും ഇപ്പോൾ കൂടുതൽ കർഷകർ സ്വീകരിച്ചുവരുന്നുണ്ട്. ചെലവ് കുറയ്ക്കുന്നതിനും മരങ്ങളുടെ ഉത്പാദനകാലം ദീർഘിപ്പിക്കുന്നതിനും അതുവഴി കൃഷി കൂടുതൽ ലാഭകരമാക്കുന്നതിനും ടാപ്പറുടെ സേവനം കൂടുതൽ തോട്ടങ്ങളിൽ ലഭ്യമാകുന്നതിനും ഇത് ഉപകരിക്കും. പല കാരണങ്ങളാൽ വിളവെടുപ്പിന് പാകമായ തോട്ടങ്ങൾ ടാപ്പുചെയ്യാതെ ഇടുന്നത് ഒരു ദേശീയ നഷ്ടമാണ്. ഇത് ഒഴിവാക്കാൻ പരമാവധി ശ്രമിക്കേണ്ടതുണ്ട്. •

റബ്ബർബോർഡ് ചെയർമാൻ കർഷകയോഗങ്ങളിൽ പങ്കെടുത്തു

തൃശൂർ





തൃശ്ശൂർ റീജിയണൽ ഓഫീസിന് കീഴിലുള്ള റബ്ബർകർഷകരുടെയും റബ്ബറുത്പാദകസംഘം (ആർ. പി.എസ്.) പ്രതിനിധികളുടെയും യോഗം റബ്ബർബോർഡ് ചെയർമാൻ എൻ. ഹരി ഉദ്ഘാടനം ചെയ്തു. ഡെപ്യൂട്ടി റബ്ബർ പ്രൊഡക്ഷൻ കമ്മീഷണർ കമലാക്ഷി കെ.കെ. അധ്യക്ഷത വഹിച്ച യോഗത്തിൽ വാരികുളം ആർ.പി.എസ്. പ്രസിഡന്റ് പി.ഡി. മാത്യു, പരിയാരം ആർ.പി.എസ്. പ്രസിഡന്റ് പോൾസൺ ചാക്കോ, ജവഹർ ആർ.പി.എസ്. പ്രസിഡന്റ് മുരളീധരൻ എന്നിവർ സംസാരിച്ചു. തുടർന്ന് കർഷകരും ആർ.പി.എസ്. പ്രതിനിധികളും ചെയർമാനുമായി ആശയവിനിമയം നടത്തി. ഡെവലപ്മെന്റ് ഓഫീസർ ഷാജി കെ.എം. സ്വാഗതം ആശംസിക്കുകയും വള്ളത്തോൾ റബ്ബേഴ്സ് മാനേജിങ് ഡയറക്ടർ ജയൻ കെ.വി. നന്ദി പറയുകയും ചെയ്തു.

മംഗളൂരു



റബ്ബർബോർഡ് ചെയർമാൻ എൻ. ഹരി റബ്ബർബോർഡിന്റെ മംഗളൂരു റീജിയണൽ ഓഫീസ് സന്ദർശിക്കുകയും മൂർജ്ജേ റബ്ബറുത്പാദകസംഘത്തിൽ സംഘടിപ്പിച്ച ഉത്പാദകസംഘം പ്രതിനിധികളുടെ യോഗത്തിൽ പങ്കെടുക്കുകയും ചെയ്തു.

കെദ്ദലിക്കെ ആസ്ഥാനമായി പ്രവർത്തിക്കുന്ന മൂർജ്ജേ റബ്ബറുത്പാദകസംഘത്തിന്റെ പ്രസിഡന്റ് ഗണേഷ് പ്രസാദ് ഹൊള്ള അധ്യക്ഷത വഹിച്ച യോഗം ചെയർമാൻ എൻ. ഹരി ഭദ്രദീപം കൊളുത്തി ഉദ്ഘാടനം ചെയ്ത് മുഖ്യപ്രഭാഷണം നടത്തി. റബ്ബർബോർഡിന്റെ മംഗളൂരു റീജിയണൽ ഓഫീസിന്റെ ചുമതല വഹിക്കുന്ന ഡെവലപ്മെന്റ് ഓഫീസർ പി. ദീപ്തി ദാസ് സ്വാഗതം പറഞ്ഞു. സംഘത്തിന്റെ മുൻ പ്രസിഡന്റ് പി.ജെ. ജോസഫ് മൂർജ്ജേ റബ്ബറുത്പാദകസംഘത്തിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് വിശദീകരിച്ചു.

മേഖലയിലെ റബ്ബർകർഷകർ നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ച് യോഗത്തിൽ പങ്കെടുത്തവർ ചെയർമാനുമായി ചർച്ച ചെയ്തു. കാർക്കള, ബെൽത്തങ്ങാടി എന്നീ ഫീൽഡ് സ്റ്റേഷനുകളുടെ പരിധിയിൽ വരുന്ന റബ്ബറുത്പാദകസംഘങ്ങളിലെ പ്രസിഡന്റുമാരും കമ്മറ്റിയംഗങ്ങളും യോഗത്തിൽ പങ്കെടുത്തു. തുടർന്ന് സംഘത്തിന്റെ സമുഹസംസ്കരണശാലയും ചെയർമാൻ സന്ദർശിച്ചു. റബ്ബർബോർഡ് റീജിയണൽ ഓഫീസിലെ ഫീൽഡ് ഓഫീസർ സച്ചിൻ കെ.എസ്., സർവ്വേ ഓഫീസർ ശിവരാമ എന്നിവരും യോഗത്തിൽ പങ്കെടുത്തു.



സ്ലീബ വി. പോൾ
ഫാം ഓഫീസർ

റബ്ബർതൈകളിൽ

ശാഖകൾ എങ്ങനെ ക്രമീകരിക്കാം

റബ്ബറിന് സാമാന്യം ഭേദപ്പെട്ട വില ഈ വർഷം ലഭിച്ചുകൊണ്ടിരിക്കുന്നു. വില കൂടി നിൽക്കുന്നതുകൊണ്ട് ചുരുക്കം ചില കർഷകരെങ്കിലും പുതിയ മരങ്ങളിൽ ടാപ്പിങ് തുടങ്ങാൻ തിടുക്കം കൂട്ടുന്നതായി ശ്രദ്ധയിൽപെട്ടു. അതുകൊണ്ടാകാം റബ്ബർബോർഡിന്റെ കോൾ സെന്ററിൽ ധാരാളം വന്ന ഒരു ചോദ്യമായിരുന്നു എത്ര വർഷം കഴിഞ്ഞാൽ റബ്ബർമരങ്ങൾ ടാപ്പുചെയ്യാം എന്നത്. റബ്ബർകർഷകർക്ക് പൊതുവെ ഇതിനെപ്പറ്റി നല്ല ധാരണയുണ്ടെങ്കിലും പുതുതായി റബ്ബർകൃഷിയിലേക്ക് കടന്നുവരുന്ന പല കർഷകർക്കും ഇക്കാര്യത്തിൽ ധാരണക്കുറവുണ്ടാകാം. റബ്ബർമരം ടാപ്പുചെയ്യാറായോ എന്ന് തീരുമാനിക്കുന്നത് അതിന്റെ പ്രായം (വർഷം) അടിസ്ഥാനമാക്കിയല്ല മറിച്ച് അതിന്റെ വണ്ണത്തെ അടിസ്ഥാനമാക്കിയാണ്. 125 സെന്റീമീറ്റർ ഉയരത്തിൽ കുറഞ്ഞത് 50 സെന്റീമീറ്റർ ചുറ്റുവണ്ണമെത്തിയാൽ റബ്ബർമരങ്ങളിൽ ടാപ്പിങ് തുടങ്ങാവുന്നതാണ്.

മാറുന്ന കാലാവസ്ഥ, മഴയുടെ ലഭ്യത, അന്തരീക്ഷതാപനിലയിലെ വ്യതിയാനങ്ങൾ, വിളപരിപാലനത്തിലെ അപാകങ്ങൾ ഇവയെല്ലാം റബ്ബർതൈകൾ ടാപ്പിങ്ങിന് പാകമാകുന്നതിനെ വൈകിപ്പിക്കുന്നു. റബ്ബർമരം ടാപ്പിങ്ങിനുള്ള വണ്ണമെത്തുന്നതിൽ തൈകളിലെ പാർശ്വമുകുളങ്ങളുടെ ക്രമീകരണം അഥവാ പ്രൂണിങ്ങിന് ഒരു പ്രധാന പങ്കുണ്ട്. നല്ല വേരുപടലമുള്ള ഒരു റൂട്ട്സ്റ്റോക്കിൽ അത്യുത്പാദനശേഷിയുള്ള ഇനത്തിന്റെ ഒട്ടുകണ്ണ് ബഡ്ഡു ചെയ്തു പിടിപ്പിച്ച ശേഷം ആ ഒട്ടുകണ്ണിൽ നിന്ന് കിളിർത്തുവരുന്ന മുകുളം വളർത്തിയാണല്ലോ കൂടത്തൈകൾ അല്ലെങ്കിൽ റൂട്ട്ട്രെയിനർ

കപ്പുതൈകൾ ഉത്പാദിപ്പിക്കുന്നത്. ഒട്ടുകണ്ണിൽ നിന്നും കരുത്തോടെ വളർന്നുവരുന്ന മുകുളമാണ് വളരാൻ അനുവദിക്കേണ്ടത്. റൂട്ട്സ്റ്റോക്കിൽ നിന്ന് വളർന്നു വരാവുന്ന മറ്റ് പാർശ്വമുകുളങ്ങൾ അവ ഉണ്ടാകുമ്പോൾ തന്നെ നീക്കം ചെയ്യണം. അല്ലെങ്കിൽ പ്രധാന മുകുളത്തിന്റെ വളർച്ചയെ അത് ബാധിക്കും.

കപ്പുതൈകളിലും കൂടത്തൈകളിലും ഒന്നോ രണ്ടോ തട്ട് ഇലകൾ വളർന്ന് അവ മൂപ്പെത്തുമ്പോഴാണ് കൃഷിസ്ഥലത്തേക്ക് മാറ്റി നടുന്നത്. റബ്ബർതൈകൾ തട്ടു തട്ടുകളായാണ് വളർന്നുവരുന്നത്. ഒരു തട്ടിൽ 10 മുതൽ 12 വരെ ഇലത്തണ്ടുകൾ ഉണ്ടായിരിക്കും. ഒരു തട്ടിലെ ഇലകൾ മൂപ്പെത്തി ഒരു ചെറിയ ഇടവേളയ്ക്കുശേഷം അതിന്റെ അഗ്രമുകുളം വീണ്ടും വളർന്ന് അടുത്ത തട്ട് ഇലകൾ വരും. അഗ്രമുകുളം തടസ്സങ്ങൾ ഇല്ലാതെ നേരെ മുകളിലേക്ക് വളർത്തിയെടുക്കാൻ ശ്രദ്ധിക്കണം.

റബ്ബർമരങ്ങളിൽ ഒട്ടുബന്ധത്തിൽ നിന്ന് രണ്ട് മുതൽ മൂന്ന് വരെ മീറ്റർ ഉയരം വരെയുള്ള തടിയിൽ ടാപ്പു ചെയ്താണല്ലോ ആദായമെടുക്കുന്നത്. അതിനാൽ ഈ ഭാഗത്ത് ശിഖരങ്ങൾ ഉണ്ടായാൽ അത് ടാപ്പിങ്ങിന് തടസ്സമാകും. അതുകൊണ്ടുതന്നെ തൈകൾ വളർന്നുവരുന്ന സമയത്ത് ഈ ഭാഗത്ത് ഉണ്ടാകുന്ന ശിഖരങ്ങൾ അവ കിളിർത്തുവരുമ്പോൾ തന്നെ മുറിച്ചുമാറ്റണം. ഇതിന് 'പ്രൂണിങ്' എന്നാണ് പറയുന്നത്. നിശ്ചിത ഉയരം വരെ ശിഖരങ്ങൾ ഇല്ലാത്ത തായ്ത്തടിയിൽ തടസ്സങ്ങൾ ഇല്ലാതെ സുഗമമായി ടാപ്പുചെയ്യാൻ കഴിയും.





അനാവശ്യമായ പാർശ്വമുകുളങ്ങൾ അധികം വളരുന്നതിന് മുൻപായി മുറിച്ചു മാറ്റേണ്ടതാണ്. നല്ല മൂർച്ചയുള്ള കത്തി ഉപയോഗിച്ച് തണ്ടോട് ചേർത്ത് മുളയുടെ താഴെ നിന്ന് മുകളിലേക്ക് ശ്രദ്ധാപൂർവ്വം മുറിച്ചു മാറ്റണം. ശിഖരങ്ങൾ പിരിച്ച് ഒടിച്ചു കളയുന്നതും താഴേക്ക് വലിച്ചൊടിക്കുന്നതും നല്ലതല്ല. ഇങ്ങനെ ചെയ്യുമ്പോൾ പുറംതൊലി കീറിപോകാനും തൈകൾക്ക് ക്ഷതമേൽക്കാനും സാധ്യതയുണ്ട്. മുളയുടെ മുകൾവശത്തു നിന്ന് താഴേക്ക് ശിഖരങ്ങൾ മുറിച്ചാൽ അബദ്ധത്തിൽ താഴെയുള്ള ഇലത്തണ്ടുകൾ മുറിഞ്ഞു പോകാൻ സാധ്യതയുണ്ട്. ശിഖരങ്ങൾ മുറിച്ചു കളയുമ്പോൾ ചുവടുഭാഗം അധികം നീളത്തിൽ നിർത്തിയാൽ അത് വീണ്ടും പൊട്ടിമുളച്ചേക്കാം. അതേസമയം തായ്ത്തണ്ടിനോട് വളരെ ചേർത്ത് മുറിച്ചാൽ മഴക്കാലത്ത് തായ്ത്തണ്ടിന് കേടുവരാൻ സാധ്യതയുണ്ട്. അതിനാൽ രണ്ട് രണ്ടര സെന്റീമീറ്റർ നീളത്തിൽ ശിഖരത്തിന്റെ ചുവടുഭാഗം നിലനിർത്തിക്കൊണ്ട് ബാക്കി ഭാഗം മുറിച്ചു കളയുന്നതാണ് നല്ലത്.

റബ്ബറിലെ നിശ്ചിത ഉയരം വരെയുള്ള പാർശ്വമുകുളങ്ങൾ യഥാസമയം മുറിച്ചു കളയുന്നില്ലെങ്കിൽ കർഷകർക്ക് പല രീതിയിൽ നഷ്ടങ്ങളുണ്ടാകാം. ആവശ്യത്തിന് ഉയരം എത്തുന്നതിന് മുൻപുണ്ടാകുന്ന ശിഖരങ്ങൾ തൈയുടെ അഗ്രമുകുളത്തിന്റെ വളർച്ചയെ മന്ദീഭവിപ്പിക്കുന്നത് കൊണ്ട് ഉയരം എത്തുന്നത് സാവധാനത്തിൽ ആകും. സസ്യങ്ങളുടെ വളർച്ചയ്ക്ക് പോഷകങ്ങൾ ആവശ്യമാണല്ലോ. ശിഖരങ്ങൾ വളർന്നശേഷം മുറിച്ചുമാറ്റുമ്പോൾ അത്രയും പോഷകങ്ങളും സസ്യവളർച്ചയും പാഴാകുന്നു. ആവശ്യമില്ലാത്ത പാർശ്വമുകുളങ്ങൾ ആദ്യം തന്നെ ഒഴിവാക്കിയാൽ അവയുടെ വളർച്ചയ്ക്ക് വേണ്ടിവരുന്ന പോഷകങ്ങൾ കൂടി തായ്ത്തടിയുടെ വളർച്ചയ്ക്ക് ഉപകരിക്കും. അടിഭാഗത്ത് ശിഖര



ങ്ങൾ ഉള്ള മരങ്ങളുടെ വളർച്ച പലപ്പോഴും കുറവുള്ള തായാണ് കണ്ടുവരുന്നത്. റബ്ബർതടിയുടെ ചുവടുഭാഗം ശിഖരങ്ങൾ ഇല്ലാത്തതും നല്ല വണ്ണമുള്ളതും ആയാൽ മാത്രമേ വിളവെടുപ്പുകാലം കഴിഞ്ഞ് തടികൾ മുറിച്ചു മാറ്റുമ്പോൾ നല്ല വില ലഭിക്കൂ. റബ്ബർതടിയുടെ വില നിശ്ചയിക്കുന്നത് പ്രധാനമായും തായ്ത്തടിയുടെ വണ്ണത്തെയും അതിന്റെ നീളത്തെയും അടിസ്ഥാനത്തിലാണ്. അനാവശ്യമായ പാർശ്വമുകുളങ്ങൾ അപ്പപ്പോൾ മുറിച്ച് നീക്കി സംരക്ഷിച്ചാൽ റബ്ബറിന്റെ വളർച്ച കൂടുകയും കൂടുതൽ ആദായം ലഭിക്കുകയും തടിക്ക് നല്ല വില ലഭിക്കുകയും ചെയ്യും.

നിശ്ചിത ഉയരം വരെയുള്ള പാർശ്വമുകുളങ്ങൾ മുറിച്ചു മാറ്റുന്ന പോലെ തന്നെ പ്രധാനമാണ് രണ്ടര മൂന്നു മീറ്റർ ഉയരത്തിന് മുകളിൽ പാർശ്വമുകുളങ്ങൾ നിലനിർത്തുന്നതും. റബ്ബർമരങ്ങളുടെ ശരിയായ വളർച്ചയ്ക്ക് സന്തുലിതമായ ശാഖാവിന്യാസം വളരെ പ്രധാനമാണ്. അതുകൊണ്ട് രണ്ടര മൂന്നു മീറ്റർ ഉയരത്തിന് മുകളിൽ ഉണ്ടാകുന്ന ശിഖരങ്ങൾ സന്തുലിതമായി നിലനിർത്തണം. രണ്ടര മൂന്നു മീറ്റർ ഉയരമായ തൈകളിൽ ശിഖരങ്ങൾ വരുന്നില്ലെങ്കിൽ എന്തു ചെയ്യണം എന്നു നോക്കാം. ഒരു റബ്ബർതൈ നട്ട് നല്ല പരിചരണങ്ങൾ നൽകിയാൽ ഏകദേശം ഒരു വർഷത്തിനകം രണ്ടര മൂന്നു മീറ്റർ ഉയരത്തിൽ വളർന്നുവരും. പിന്നീട് ഉണ്ടാകുന്ന ശിഖരങ്ങളിൽ മൂന്നോ നാലോ എണ്ണം സന്തുലിതമായ ഇലപ്പടർപ്പ് വരുന്ന രീതിയിൽ നില നിർത്തി ബാക്കിയുള്ളവ മുറിച്ചു മാറ്റണം. ഈ ഉയരമായിട്ടും ശിഖരങ്ങൾ വരാത്ത തൈകളിൽ കൃത്രിമമായി ശാഖകൾ മുളപ്പിക്കണം. ഇതിനായി അഗ്രമുകുളം നുള്ളിക്കളയുകയോ മുറിച്ചു നീക്കുകയോ ചെയ്യരുത്. ഇങ്ങനെ ചെയ്താൽ ചൂല് പോലെ ശിഖരങ്ങൾ വളരാനും തൈയുടെ വളർച്ച കുറയാനും ഇടയാകും.

രണ്ടര മൂന്നു മീറ്റർ ഉയരമെത്തിയിട്ടും ശാഖകൾ വരാത്ത തൈകളിൽ അവ മുളപ്പിച്ച് എടുക്കാനായി മുകളിലെ തടിലെ ഇലകൾ മൂപ്പെത്തുമ്പോൾ അതിലെ നാലഞ്ച് ഇലത്തണ്ടുകൾ മുകളിലേക്ക് ചേർത്തുപിടിച്ച് അഗ്രമുകുളത്തിൽ പ്രകാശം പതിക്കാത്ത രീതിയിൽ വശങ്ങളിലായി ഒന്നുരണ്ടു റബ്ബറിലകൾ ചുറ്റിവെച്ച് ചരടുപയോഗിച്ച് കെട്ടിവെക്കുക. അഗ്രമുകുളത്തിൽ സൂര്യപ്രകാശം വീഴാതെ കെട്ടിവയ്ക്കുമ്പോൾ അതിനു തൊട്ടുതാഴെയുള്ള ഇലത്തണ്ടുകളോട് ചേർന്നിരിക്കുന്ന പാർശ്വമുകുളങ്ങൾ ഉത്തേജിപ്പിക്കപ്പെട്ട് ശാഖകളായി വളർന്നു വരും. രണ്ടാഴ്ച കഴിഞ്ഞ് ശിഖരങ്ങൾ പൊട്ടിയാലുടൻ കെട്ട് അഴിച്ചുവിടണം. മൂന്നോ നാലോ ശിഖരങ്ങൾ സന്തുലിതമായി നിലനിർത്തി ബാക്കിയുള്ളവ നീക്കം ചെയ്യണം. കെട്ടഴിച്ചുവിടുമ്പോൾ സുഷുപ്താവസ്ഥയിലായിരുന്ന അഗ്രമുകുളത്തിൽ സൂര്യപ്രകാശം പതിച്ച് അത് ഉത്തേജിപ്പിക്കപ്പെടുകയും തുടർന്ന് മുകളിലേക്ക് വളരുകയും ചെയ്യും. ഇങ്ങനെ തൈകൾക്ക് നല്ലൊരു ഇലപ്പടർപ്പ് വികസിപ്പിച്ചെടുക്കാൻ സാധിക്കും. അല്ലാത്തപക്ഷം തൈകൾ കൂടുതൽ ഉയരത്തിൽ വളർന്ന് ഇലഭാരം കൂടി വളഞ്ഞുപോകാനും കാറ്റുപിടുത്തം കൂടി മരങ്ങൾ ഒടിഞ്ഞു പോകാനും സാധ്യതയുണ്ട്. നല്ല സന്തുലിതമായ ഇലപ്പടർപ്പുള്ള റബ്ബർമരങ്ങൾ കാറ്റുമൂലം ഒടിഞ്ഞുവീഴാനുള്ള സാധ്യത വളരെ കുറവാണ്. ചുരുക്കിപ്പറഞ്ഞാൽ തായ്ത്തടിയുടെ ടാപ്പുചെയ്യാൻ ഉദ്ദേശിക്കുന്ന ഭാഗത്തെ ശിഖരങ്ങൾ നീക്കം ചെയ്യുകയും അതിനു മുകളിലുള്ള ഭാഗത്ത് സന്തുലിതമായി ശാഖകൾ ക്രമീകരിക്കുകയും ചെയ്താൽ മരങ്ങൾക്ക് നല്ല വളർച്ച ലഭിക്കും.

റബ്ബറിന്റെ അദായമില്ലാത്ത അപക്വകാലത്തിൽ കർഷകർക്ക് ചെറിയൊരു വരുമാനം ലഭിക്കാൻ ഇടവിളക്കൃഷി ഉപകരിക്കും. കൂടാതെ റബ്ബർതോട്ടത്തിൽ കളകൾ വളരാതിരിക്കാനും ഇടവിളക്കൃഷി സഹായിക്കുന്നു. റബ്ബറിൽ ഇടവിളയായി പൈനാപ്പിൾ കൃഷിചെയ്യാറുണ്ട്. ഇതുമൂലം കർഷകർക്ക് ഒരു ഇടക്കാലവരുമാനം ലഭിക്കും. പൈനാപ്പിൾ കൃഷി പലപ്പോഴും കരാടിസ്ഥാനത്തിൽ നൽകുകയാണ് ചെയ്യുന്നത്. ചില കർഷകർ റബ്ബറിന്റെ മൂന്നുനാലു വർഷത്തെ പരിചരണവും കരാടിസ്ഥാനത്തിൽ പൈനാപ്പിൾകൃഷി ചെയ്യുന്നവരെത്തന്നെയാണ് ഏൽപിക്കുന്നത്. പലപ്പോഴും ഉടമസ്ഥൻ തോട്ടത്തിൽ കൃത്യമായി ചെല്ലുകയോ ചെയ്യേണ്ട ജോലികൾ കൃത്യമായി ചെയ്യുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയോ ചെയ്യുന്നില്ല. ഇതുമൂലം മൂന്നോ നാലോ വർഷത്തെ കരാർകൃഷി കഴിഞ്ഞ് തോട്ടത്തിൽ ചെല്ലുമ്പോൾ പല തൈകളും ചെറുതും വേണ്ടത്ര വളർച്ച ഇല്ലാത്തതുമായി കാണുന്നു. പല മരങ്ങളിലും ടാപ്പിങ് പാനലുകളിടേണ്ടിടത്ത് ശിഖരങ്ങൾ വളർന്നു വലുതായിരിക്കുന്നതായും കാണാറുണ്ട്. ഇതുമൂലം റബ്ബറിന്റെ വളർച്ച കുറയാനും ടാപ്പിങ് നടത്താൻ ബുദ്ധിമുട്ടും നേരിടേണ്ടി വരുന്നു. ഇത് പിന്നീട് മാറ്റിയെടുക്കാൻ സാധ്യമല്ല. റബ്ബറിന്റെ വളർച്ചയെയും 30 വർഷത്തോളമുള്ള ടാപ്പിങ്കാലത്തെയും ഉത്പാദനത്തെയും ഇത് സാരമായി ബാധിക്കും. തൈകൾ നട്ടശേഷം ആദ്യ വർഷങ്ങളിൽ നന്നായി ശ്രദ്ധിച്ചാൽ ഇങ്ങനെയുള്ള അപാകങ്ങൾ ഒഴിവാക്കാനാകും. തൈകൾ നന്നായി വളർന്ന് നല്ല ഉത്പാദനം തരുന്നതിലും തടികൾ മുറിച്ച് വിൽക്കുന്ന സമയത്ത് നല്ല വില ലഭിക്കുന്നതിലും ശാഖകളുടെ ശരിയായ ക്രമീകരണത്തിന് വലിയ പങ്കുണ്ട്. •

റബ്ബർബോർഡും സി.എസ്.ഐ.ആർ. - എൻ.ഐ.ഐ.എസ്.റ്റി.യും റബ്ബർമേഖലയിൽ കൈകോർക്കുന്നു



റബ്ബർമേഖല നേരിടുന്ന സാങ്കേതിക വെല്ലുവിളികൾക്ക് നൂതനവും സുസ്ഥിരവുമായ പരിഹാരങ്ങൾ കണ്ടെത്തുന്നതിനായി കൗൺസിൽ ഓഫ് സയന്റിഫിക് ആന്റ് ഇൻഡസ്ട്രിയൽ റിസേർച്ചിന്റെ (സി.എസ്.ഐ.ആർ.) കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇന്റർ ഡിസിപ്ലിനറി സയൻസ് ആന്റ് ടെക്നോളജി (എൻ.ഐ.ഐ.എസ്.റ്റി.)യും വാണിജ്യ വ്യവസായ മന്ത്രാലയത്തിന് കീഴിലുള്ള റബ്ബർബോർഡിന്റെ ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രവും (ആർ.ആർ.ഐ.ഐ.) സഹകരിക്കുന്നു. ഇതിന്റെ ഭാഗമായി ഇരു സ്ഥാപനങ്ങളും സംയുക്ത ഗവേഷണ-വികസന പദ്ധതികൾ നടപ്പാക്കും.

'അഡ്വാൻസ്ഡ് ഫങ്ഷണൽ മെറ്റീരിയലുകളുടെ വികസനവും റബ്ബർമേഖലയിലെ സാങ്കേതിക പ്രശ്നങ്ങൾക്കുള്ള നൂതന പരിഹാരങ്ങളും' എന്ന വിഷയത്തെ കേന്ദ്രീകരിച്ചായിരിക്കും ഗവേഷണം. തിരുവനന്തപുരത്തെ സി.എസ്.ഐ.ആർ.-എൻ.ഐ.ഐ.എസ്.റ്റി. കാമ്പസിൽ നടന്ന ചർച്ചയിൽ റബ്ബർ ബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ എം. വസന്തഗേശൻ ഐ.ആർ.എസ്., റബ്ബർ പ്രൊഡക്ഷൻ കമ്മീഷണർ ഡോ. സിജു റ്റി., ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം ഡയറക്ടർ ഡോ. ദേബബ്രത റായ്, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് ഡയറക്ടർ എച്ച്. പ്രിയ വർമ, സി.എസ്.ഐ.ആർ.- എൻ.ഐ.ഐ.എസ്.റ്റി. ഡയറക്ടർ ഡോ. സി. അനന്ദരാമകൃഷ്ണൻ എന്നിവരും ഇരു സ്ഥാപനങ്ങളിലെ മുതിർന്ന ശാസ്ത്രജ്ഞരും പങ്കെടുത്തു.

വിദേശ ആശ്രിതത്വം കുറയ്ക്കുന്നതിനായി തദ്ദേശീയ രാസവസ്തുക്കളുടെയും ഹൈബ്രിഡ് റിയേജന്റുകളുടെയും വികസനം, കാർബൺ ബ്ലാക്ക് വീണ്ടെടുക്കുന്നതിനുള്ള നൂതന സാങ്കേതികവിദ്യകൾ, മലിനജല സംസ്കരണത്തിനുള്ള മൈക്രോബിയൽ സാങ്കേതികവിദ്യകൾ, സൾഫർ രഹിത വൾക്കനൈസേഷൻ, ഡീ-വൾക്കനൈസേഷൻ, മൂല്യവർധിത റബ്ബറുത്പന്നങ്ങളുടെ വികസനം തുടങ്ങിയ മേഖലകൾക്ക് മുൻഗണന നൽകും.

സി.എസ്.ഐ.ആർ.-ന്റെയും കേരള സർക്കാരിന്റെയും പിന്തുണയോടെ തിരുവനന്തപുരം തോന്നയ്ക്കൽ ബയോ 360 ലൈഫ് സയൻസ് പാർക്കിൽ പ്രവർത്തിക്കുന്ന 'സി.എസ്.ഐ.ആർ.- എൻ.ഐ.ഐ.എസ്.റ്റി. ഇന്നൊവേഷൻ, ടെക്നോളജി ആന്റ് ഓൺട്രപ്രൂണർഷിപ്പ് ഹബ്ബ്' വഴിയാണ് ഇതുനടപ്പാക്കുന്നത്.

റബ്ബർമേഖലയിലെ ശാസ്ത്രീയ അറിവുകളെ പ്രായോഗിക സാങ്കേതികവിദ്യകളാക്കി മാറ്റുന്നതിനും തദ്ദേശീയവും സുസ്ഥിരവുമായ പരിഹാരങ്ങൾ വികസിപ്പിക്കുന്നതിനും ഈ സഹകരണം സഹായിക്കുമെന്ന് സി.എസ്.ഐ.ആർ.- എൻ.ഐ.ഐ.എസ്.റ്റി. ഡയറക്ടർ ഡോ. സി. അനന്ദരാമകൃഷ്ണൻ പറഞ്ഞു. റബ്ബർകർഷകർ ഉൾപ്പെടെ റബ്ബറുത്പാദനം, സംസ്കരണം, വിപണനം എന്നീ മേഖലകളിലെ മുഴുവൻ പങ്കാളികൾക്കും ഈ സഹകരണത്തിന്റെ പ്രയോജനം ലഭിക്കുമെന്ന് റബ്ബർബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ എം. വസന്തഗേശൻ ഐ.ആർ.എസ്. വ്യക്തമാക്കി. റബ്ബറധിഷ്ഠിത വ്യവസായങ്ങളിലെ ജീവനക്കാർ, ഗവേഷകർ, സ്റ്റാർട്ടപ്പുകൾ നടത്തുന്നവർ എന്നിവരുടെ സാങ്കേതിക നൈപുണ്യ വികസനത്തിനും തദ്ദേശീയ ഉത്പാദനശേഷി വർധിപ്പിക്കുന്നതിനും ഈ പദ്ധതി വഴിയൊരുക്കും.



സുരേഷ് ബാബു എസ്.ആർ.
ഡെവലപ്മെന്റ് ഓഫീസർ

ദീപാ സുകുമാർ
ഫീൽഡ് ഓഫീസർ

തേൻ അനുബന്ധ ഉത്പന്നങ്ങളുടെ
മൂല്യവർധനയ്ക്കായി പരിശീലനം

തേനീച്ചവളർത്തലിൽ ഏർപ്പെട്ടിരിക്കുന്ന റബ്ബർകർഷകരെയും സംരംഭകത്വത്തിൽ താൽപര്യമുള്ള റബ്ബറുത്പാദകസംഘങ്ങളെയും ഉൾപെടുത്തി തേൻ അനുബന്ധ ഉത്പന്നങ്ങളുടെ മൂല്യവർധനയെക്കുറിച്ച് ഒരു ഏകദിന പരിശീലനപരിപാടി പുളിമാത്ത് വെച്ച് സംഘടിപ്പിച്ചു. അസംസ്കൃത ഉത്പന്നങ്ങൾ കുറഞ്ഞ വിലയ്ക്ക് വിൽക്കുന്നതിനു പകരം ഭക്ഷ്യ-പാനീയ, ഔഷധ, സൗന്ദര്യവർധക മേഖലകളിൽ ഉപയോഗിക്കാവുന്ന മൂല്യമേറിയ ഉത്പന്നങ്ങളാക്കി മാറ്റുന്നതിലൂടെ കർഷകർക്ക് കൂടുതൽ വരുമാനം നേടാനാകും. ഈ സാധ്യതകൾ പ്രയോജനപ്പെടുത്തുക എന്നതായിരുന്നു പരിശീലനപരിപാടിയുടെ ഉദ്ദേശ്യം.

റബ്ബർബോർഡിന്റെ തിരുവനന്തപുരം റീജിയണൽ ഓഫീസിന് കീഴിലെ കിളിമാനൂർ ഫീൽഡ് സ്റ്റേഷൻ പരിധിയിൽ പുളിമാത്ത് പഞ്ചായത്ത് ഹാളിൽ നടന്ന പരിശീലനപരിപാടി റബ്ബർബോർഡ് ഡെവലപ്മെന്റ് ഓഫീസർ എസ്.ആർ. സുരേഷ് ബാബു ഉദ്ഘാടനം ചെയ്തു. പുളിമാത്ത് കൃഷി ഓഫീസർ എ.കെ. അനന്തപദ്മനാഭൻ സന്നിഹിതനായിരുന്നു. ഹോർട്ടിക്കോർപ്പിലെ മുൻ പ്രോഗ്രാം ഓഫീസർ ബെന്നി ഡാനിയേലാണ് പരിശീലനത്തിന് നേതൃത്വം നൽകിയത്. വിവിധ തേൻ അനുബന്ധ ഉത്പന്നങ്ങളെ പരിചയപ്പെടുത്തിയതോടൊപ്പം അവയുടെ സംസ്കരണത്തിലൂടെയും മൂല്യവർധനയിലൂടെയും ലഭ്യമാകുന്ന സാധ്യതകളെക്കുറിച്ചും അദ്ദേഹം വിശദീകരിച്ചു. പരിശീലനത്തിൽ പങ്കെടുത്തവർക്ക് പ്രായോഗിക പരിശീലനവും അദ്ദേഹം നൽകി.

കേരളത്തിലെ റബ്ബർതോട്ടങ്ങളിൽ നിന്ന് ഇപ്പോൾ ഒരു വർഷം ശേഖരിക്കുന്ന തേൻ ഏകദേശം 5000 ടൺ



ബെന്നി ഡാനിയേൽ കർഷകർക്ക് പരിശീലനം നൽകുന്നു

മാത്രമാണ്. എന്നാൽ വിദഗ്ദ്ധ റിപ്പോർട്ടുകൾ കണക്കാക്കിയിട്ടുള്ള ഉത്പാദനസാധ്യത ഏകദേശം 80,000 ടൺ ആണ്. ഈ അന്തരം സൂചിപ്പിക്കുന്നത് വിഭവത്തിന്റെ 90 ശതമാനത്തിലധികവും ശേഖരിക്കപ്പെടാതെ നഷ്ടപ്പെടുന്നു എന്നാണ്. ശാസ്ത്രീയമായ തേനീച്ചവളർത്തൽ വ്യാപകമാക്കുന്നതിലൂടെ ഈ സാധ്യത കൂടുതൽ പ്രയോജനപ്പെടുത്താനാകും. കർഷകർക്ക് തേനീച്ച വളർത്തലിൽ ശാസ്ത്രീയമായ പരിശീലനം നൽകുക, ഗുണമേന്മയുള്ള തേനീച്ചക്കൂടുകളും ഉപകരണങ്ങളും ലഭ്യമാക്കുക, തേൻ ശേഖരണത്തിനും സംസ്കരണത്തിനും ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുക തുടങ്ങിയ നടപടികൾ ഇതിന് സഹായകരമാകും. അതോടൊപ്പം, ഗുണമേന്മ ഉറപ്പാക്കുന്ന പാക്കേജിങ്, ബ്രാൻഡിങ്, വിപണന സംവിധാനങ്ങൾ എന്നിവ ശക്തിപ്പെടുത്തേണ്ടതും അനിവാര്യമാണ്. റബ്ബർ കൃഷിയിൽ നിന്നുള്ള വരുമാനത്തിനുപുറമെ തേനീച്ചവളർത്തലിലൂടെ ലഭിക്കുന്ന അധികവരുമാനം പ്രത്യേകിച്ച് ചെറുകിടകർഷകർക്ക് സാമ്പത്തികമായി ഗുണകരമാകും.

തേനീച്ചവളർത്തലിലൂടെ ലഭിക്കുന്നത് തേൻ മാത്രമല്ല. തേനീച്ച മെഴുക് (bee wax), പ്രൊപ്പോളിസ് (propolis), റോയൽ ജെല്ലി (royal jelly), ബീ പോളൻ (bee pollen), തേനീച്ച വിഷം (bee venom) തുടങ്ങി വിപണിമൂല്യമുള്ള നിരവധി ഉപോത്പന്നങ്ങളും ഇതിലൂടെ ലഭിക്കുന്നു. തേനും തേനുത്പന്നങ്ങളും ശാസ്ത്രീയമായി ശേഖരിച്ച്, സംസ്കരിച്ച്, ഗുണമേന്മ ഉറപ്പുവരുത്തി കൂടുതൽ വിപണിമൂല്യമുള്ള ഉത്പന്നങ്ങളാക്കി മാറ്റുന്ന പ്രക്രിയയാണ് മൂല്യവർധന (value addition). തേനീച്ചവളർത്തലിന്റെ വരുമാനസാധ്യത വർധിപ്പിക്കുന്നതിനൊപ്പം, ഈ മൂല്യവർധനാപ്രക്രിയ സംരംഭകത്വത്തിനും പുതിയ വിപണിസാധ്യതകൾക്കും വഴിയൊരുക്കുന്നു.

തേൻ അനുബന്ധ ഉത്പന്നങ്ങൾ – ഒരു അവലോകനം

ഓരോ ഉത്പന്നത്തിന്റെയും ഉപയോഗവും വിപണിസാധ്യതയുമാണ് മൂല്യവർധനയുടെ അടിസ്ഥാനം. തേൻ നേരിട്ട് ഉപയോഗിക്കുന്നതിനൊപ്പം പാനീയങ്ങൾ, മധുരപലഹാരങ്ങൾ, അച്ചാറുകൾ, സൗന്ദര്യവർധകവസ്തുക്കൾ തുടങ്ങിയവയുടെ നിർമാണത്തിൽ പ്രധാന ചേരുവയായും ഉപയോഗിക്കുന്നു. ബാമുകൾ, ക്രീമുകൾ, ലിപ് ബാം, മെഴുകുതിരികൾ തുടങ്ങിയ ഉത്പന്നങ്ങളുടെ നിർമാണത്തിൽ തേനീച്ചമെഴുക് വ്യാപകമായി ഉപയോഗിക്കപ്പെടുന്നു. രോഗപ്രതിരോധശേഷി നൽകുന്ന പ്രൊപ്പോളിസ്, ന്യൂട്രാസ്യൂട്ടിക്കൽ ഉത്പന്നങ്ങളിലും ഉപയോഗിക്കുന്നു. റോയൽ ജെല്ലി ഉയർന്ന മൂല്യമുള്ള ഒരു ന്യൂട്രാസ്യൂട്ടിക്കൽ ഉത്പന്നമാണ്. ബീ പോളൻ, പോഷക സപ്ലിമെന്റായും തേനീച്ചവിഷം ഔഷധ, സൗന്ദര്യവർധകമേഖലകളിലും ഉപയോഗിക്കുന്നു. ഒരു തേനീച്ചക്കൂട്ടിൽ നിന്ന് ഇത്രയും വൈവിധ്യമുള്ള ഉത്പന്നങ്ങൾ ലഭിക്കുന്നതിനാൽ ഇവയോരോന്നിനെയും സംസ്കരിച്ച് വിപണിയിലെത്തിക്കുന്നത് കൂടുതൽ വരുമാനത്തിന് വഴിയൊരുക്കുന്നു.

മൂല്യവർധനയുടെ പ്രസക്തി

സംസ്കരിക്കാത്ത തേൻ മൊത്തമായി വിൽക്കുമ്പോൾ ലഭിക്കുന്ന വില കുറവാണ്. എന്നാൽ ജലാംശം കുറയ്ക്കൽ, അരിക്കൽ എന്നിവയിലൂടെ ഗുണമേന്മ മെച്ചപ്പെടുത്തി ആകർഷകമായി പായ്ക്ക് ചെയ്ത്, ബ്രാൻഡ് ചെയ്ത തേനിന് അധികവില ലഭിക്കുന്നു. തേനിനൊപ്പം മെഴുക്, പ്രൊപ്പോളിസ്, ബീ പോളൻ, റോയൽ ജെല്ലി, ബീ വെനം എന്നീ ഉപോത്പന്നങ്ങളും ലഭിക്കുന്നു. ഇവ സംസ്കരിച്ചെടുക്കുന്നതോടെ ഉയർന്ന മൂല്യമുള്ള ഉത്പന്നങ്ങളായി മാറുന്നു.

തേൻ കയറ്റുമതിയിൽ ഇന്ത്യ ഇന്ന് രണ്ടാം സ്ഥാനത്താണ്. മധുക്രാന്തി പോർട്ടൽ, നാഷണൽ ബീ കീപ്പിങ് ആന്റ് ഹണി മിഷൻ ലാബുകൾ എന്നിവയുടെ പിന്തുണയോടെ കയറ്റുമതിവിപണിക്ക് സാധ്യതയേറുന്നു. അസംഘടിത കർഷകർ മിക്കപ്പോഴും ഉപേക്ഷിക്കുന്ന തേനീച്ച മെഴുക്, പ്രൊപ്പോളിസ്, ബീ പോളൻ തുടങ്ങിയവയെ



മൂല്യവർധന വരുത്തിയ തേൻ അനുബന്ധ ഉത്പന്നങ്ങൾ

വിൽപനയോഗ്യമായ ഉത്പന്നങ്ങളാക്കി മാറ്റി വിപണനം നടത്താൻ സാധിക്കുന്നു. തേനീച്ചയുടെയും തേൻ അനുബന്ധ ഉത്പന്നങ്ങളുടെയും സംസ്കരണം, പായ്ക്കിങ്, ബ്രാൻഡിങ്, വിപണനം എന്നീ മേഖലകളിൽ സ്ത്രീകൾക്കും മറ്റുള്ളവർക്കും പ്രാദേശിക തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നുണ്ട്. ഉയർന്ന വരുമാനസാധ്യത ശാസ്ത്രീയ രീതികൾ സ്വീകരിക്കാൻ കർഷകരെ പ്രേരിപ്പിക്കും. ഇത് തേനീച്ചക്കൂടുകളുടെ ഉത്പാദനക്ഷമത വർധിപ്പിക്കാനും വിളകളിൽ പരാഗണം നടത്താനുള്ള തേനീച്ചകളുടെ കഴിവ് പ്രയോജനപ്പെടുത്തി കാർഷികവിളകളുടെ ഉത്പാദനം മെച്ചപ്പെടുത്താനും ഉപകരിക്കും.

മൂല്യവർധനാരീതികളിൽ പരിശീലനം

പുളിമാത്ത് പഞ്ചായത്ത് ഹാളിൽ വെച്ചു നടത്തിയ പരിശീലനപരിപാടിയിൽ തേനിനെയും തേനീച്ച മെഴുകിനെയും അടിസ്ഥാനമാക്കി നിരവധി മൂല്യവർധിത ഉത്പന്നങ്ങൾ നിർമിക്കാനുള്ള പ്രായോഗിക പരിശീലനം കർഷകർക്ക് നൽകി. ഹണികോള, ഹണി മീഡ്, ഹണി ലസ്സി, ഹണി മാങ്ങാ ലസ്സി, ഹണി ഫ്രൂട്ട് സലാഡ്,





ഹണി കേക്ക്, ഹണി ജിലേബി, ഹണി ഐസ്ക്രീം, ഹണി ജെല്ലി, ഹണി കാൻഡി, ഈന്തപ്പഴം-തേൻ അച്ചാർ തുടങ്ങിയ ഭക്ഷ്യ-പാനീയ ഉത്പന്നങ്ങളുണ്ടാക്കാനുള്ള പരിശീലനവും പരിപാടിയിൽ ഉൾപെടുത്തിയിരുന്നു. കൂടാതെ തേനീച്ച മെഴുക് ഉപയോഗിച്ചുള്ള സൗന്ദര്യവർദ്ധക ഔഷധ ഉത്പന്നങ്ങളായ ബോഡി ബാം, വേദനാസംഹാരി, ഹണി ഫേസ് ക്രീം, മെഴുകുതിരി, സോപ്പ് തുടങ്ങിയവ ഉണ്ടാക്കാനുള്ള പരിശീലനവും കർഷകർക്ക് നൽകി.

പെട്രോളിയം അധിഷ്ഠിത അസംസ്കൃത വസ്തുക്കളും കൃത്രിമ ചേരുവകളും ഉപയോഗിച്ചുണ്ടാക്കുന്ന പരമ്പരാഗത സൗന്ദര്യവർധക ഉത്പന്നങ്ങൾക്ക് ബദലായി പ്രകൃതിദത്ത അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ചുണ്ടാക്കുന്ന ഉത്പന്നങ്ങൾക്ക് ഇന്ന് കൂടുതൽ സ്വീകാര്യത ലഭിച്ചുവരുന്നു.

തേനീച്ചമെഴുകധിഷ്ഠിത ഉത്പന്നങ്ങൾക്ക് നിരവധി സവിശേഷതകളുണ്ട്. ചർമത്തെ മൃദുവാക്കി ഈർപം നിലനിർത്തുന്ന ഒരു പ്രകൃതിദത്ത മോയ്സ്ച്ചറൈസർ ആയി ഇത് പ്രവർത്തിക്കുന്നു. പാരബെൻസ്, ഫ്താലേറ്റ്സ്, പെർഫ്യൂമുകൾ തുടങ്ങിയ കൃത്രിമ ചേരുവകൾ ഇതിൽ ഇല്ല. മാത്രമല്ല, തേനീച്ചമെഴുകിന് പ്രകൃതിദത്ത ആന്റി ബാക്ടീരിയൽ, ആന്റി-ഇൻഫ്ളമേറ്ററി ഗുണങ്ങളുമുണ്ട്. ക്രീമുകൾക്കും ബാമുകൾക്കും കൃത്രിമ മെഴുക് ചേർക്കാതെ തന്നെ കട്ടിയും ഘടനയും ലഭിക്കും. പുനരുപയോഗിക്കാവുന്നതിനാലും ജൈവവിഘടനം സാധ്യമായതിനാലും മൈക്രോപ്ലാസ്റ്റിക് ഇല്ലാത്തതിനാലും ഇത് പരിസ്ഥിതിസൗഹൃദവുമാണ്. പ്രകൃതിദത്ത-ജൈവ ഉത്പന്നങ്ങളോടുള്ള ഉപഭോക്താക്കളുടെ താൽപര്യം വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ തേനീച്ചമെഴുക് അധിഷ്ഠിത സൗന്ദര്യവർധക-പരിചരണ ഉത്പന്നങ്ങൾക്ക് വിപണിയിൽ മികച്ച സാധ്യതയുണ്ട്.

തേൻ അനുബന്ധ ഉത്പന്നങ്ങളുടെ മൂല്യവർധന കർഷകരുടെ വരുമാനം കൂട്ടാനും ജീവിതനിലവാരം മെച്ചപ്പെടുത്താനും ഉപകരിക്കും. ഇന്ത്യയുടെ കയറ്റുമതി സ്ഥാനം മെച്ചപ്പെടുത്താനുമുള്ള ഒരു ചുവടുവെയ്പു കൂടിയാണിത്. തേനിച്ചക്കൂട്ടിൽ നിന്ന് ലഭിക്കുന്ന തേനും മെഴുകും മൂല്യവർധിത ഭക്ഷ്യ-പാനീയങ്ങളും സൗന്ദര്യവർധക ഔഷധ ഉത്പന്നങ്ങളുമായി മാറുമ്പോൾ അവയുടെ മൂല്യം പലമടങ്ങ് വർധിക്കുന്നു. ശാസ്ത്രീയമായ പരിശീലനം, സംസ്കരണം, ബ്രാൻഡിങ്, കൂട്ടായ വിപണനം എന്നിവയിലൂടെ ഈ സാധ്യതയെ യാഥാർത്ഥ്യമാക്കാൻ കഴിയും. ലളിതവും കുറഞ്ഞ ചെലവിലുള്ളതുമായ മൂല്യവർധനരീതികൾ വ്യാപകമായി പരിശീലിപ്പിക്കുന്നത് തേനീച്ചവളർത്തലിൽ ഏർപെട്ടിരിക്കുന്ന കർഷകരുടെ വരുമാനത്തിൽ വലിയ മാറ്റം സൃഷ്ടിക്കും. •

ഉപാസിയുടെ വാർഷികയോഗം

യുണൈറ്റഡ് പ്ലാന്റേഴ്സ് അസോസ്സിയേഷൻ ഓഫ് സതേൺ ഇന്ത്യ (UPASI -ഉപാസി)-യുടെ 133-ാമത് വാർഷികയോഗം കൂനൂരിൽ ഉപാസിയുടെ ആസ്ഥാനത്ത് നടന്നു. വാർഷികയോഗത്തിൽ പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു. മാതേസൺ ബോസാൻകിറ്റ് എന്റർപ്രൈസ് മാനേജിങ് ഡയറക്ടർ അഭിഷേക് പൊദ്ദാർ (പ്രസിഡന്റ്), എ.വി. തോമസ് ഗ്രൂപ്പ് കമ്പനികളുടെ പ്ലാന്റേഷൻ വിഭാഗം എക്സിക്യൂട്ടീവ് ഡയറക്ടർ അനിൽ മാത്യു (വൈസ് പ്രസിഡന്റ്) എന്നിവരാണ് പുതിയ ഭാരവാഹികൾ.



അഭിഷേക് പൊദ്ദാർ



അനിൽ മാത്യു



റബ്ബർബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ എം. വസന്തഗേശൻ ഐ.ആർ.എസ്. (ഇടത്തുനിന്ന് രണ്ടാമത്), സെക്രട്ടറി ഇൻ ചാർജ് ഡോ. ബിനോയ് കെ. കുര്യൻ (ഇടത്തുനിന്ന് മൂന്നാമത്) എന്നിവർ റബ്ബർബോർഡിന്റെ സ്റ്റാൾ സന്ദർശിച്ചപ്പോൾ.

യോഗത്തോടനുബന്ധിച്ച് നടത്തിയ എക്സിബിഷനിൽ റബ്ബർബോർഡ് പങ്കെടുത്തു. റബ്ബറിനുപുറമെ കാപ്പി, തേയില തുടങ്ങിയ വിളകളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരും തോട്ടംമേഖലയിൽ യന്ത്രവത്കരണത്തിന് സഹായിക്കുന്ന ഉപകരണങ്ങൾ നിർമിക്കുന്നവരും പ്രദർശനത്തിൽ പങ്കെടുത്തിരുന്നു. റബ്ബർബോർഡ് കർഷകർക്ക് വേണ്ടി നടപ്പാക്കുന്ന പദ്ധതികൾ, ഇന്ത്യൻ റബ്ബർ ഗവേഷണകേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് നടത്തുന്ന പരിശീലനങ്ങൾ തുടങ്ങിയവ വിശദമാക്കുന്ന പോസ്റ്ററുകളും ബോർഡിന്റെ പ്രസിദ്ധീകരണങ്ങളും റബ്ബർബോർഡ് സ്റ്റാളിൽ പ്രദർശിപ്പിച്ചിരുന്നു.

റെയിൻഗാർഡിങ്ങും സ്പ്രേയിങ്ങും നടത്തിയതിനുള്ള ധനസഹായത്തിന് അപേക്ഷിക്കാം



റബ്ബർതോട്ടങ്ങളിൽ 2026-ൽ റെയിൻഗാർഡിങ്ങും സ്പ്രേയിങ്ങും നടത്തിയതിനുള്ള ധനസഹായത്തിന് റബ്ബറുത്പാദകസംഘങ്ങൾക്ക് അപേക്ഷിക്കാം. പരമ്പരാഗത മേഖലയിലും പാരമ്പര്യേതര മേഖലയിലും ഉള്ളവർക്ക് മാത്രമേ സ്പ്രേയിങ് നടത്തിയതിനുള്ള ധനസഹായത്തിന് അർഹതയുള്ളൂ. റബ്ബർബോർഡ് വെബ്സൈറ്റിലുള്ള 'സർവീസ് പ്ലസ്' പോർട്ടൽ വഴി 2026 ഒക്ടോബർ 15 വരെ സംഘങ്ങൾക്ക് ഓൺലൈനായി അപേക്ഷകൾ സമർപ്പിക്കാം. അപേക്ഷയോടൊപ്പം ആവശ്യമായ രേഖകളും അപ്ലോഡ് ചെയ്യേണ്ടതാണ്. ഹെക്ടർപ്രതി പരമാവധി 4000 രൂപ വീതമാണ് ധനസഹായം.

വിശദവിവരങ്ങൾ റബ്ബർബോർഡ് വെബ്സൈറ്റിൽ (www.rubberboard.gov.in) നിന്ന് ലഭിക്കും. റബ്ബർബോർഡ് റീജിയണൽ ഓഫീസുകൾ, ഫീൽഡ് സ്റ്റേഷനുകൾ, കേന്ദ്രഓഫീസിൽ പ്രവർത്തിക്കുന്ന കോൾസെന്റർ (04812576622) എന്നിവിടങ്ങളിൽനിന്നും വിവരങ്ങൾ ലഭിക്കുന്നതാണ്.





കുര്യൻ കെ തോമസ്

കാട് - മലയാളത്തിലെ ആദ്യ
റബ്ബർചരിത്ര നോവൽ

(റബർ തോട്ടവ്യവസായം ചരിത്രഭൂമികയായ ആദ്യ മലയാളനോവൽ. കേരളത്തിലെ റബ്ബർ തോട്ടവ്യവസായത്തിന്റെയും കോർപറേറ്റ് മുതലാളിത്തത്തിന്റെയും ഉദയം വ്യക്തമാക്കുന്ന ചരിത്ര രേഖ. 'കാട്'; നാല് തലമുറകളുടെ കഥ പറയുന്ന നോവൽ.)

ഇ.എം. കോവൂരിന്റെ 'കാട്' (1964) മലയാള സാഹിത്യചരിത്രത്തിൽ റബ്ബറും റബ്ബർതോട്ട വ്യവസായവും മുഖ്യവിഷയമായ ആദ്യനോവ ലാണ്. അത് കേരളത്തിലെ മലയോര കുടിയേ റ്റത്തിന്റെയും റബ്ബർതോട്ടവ്യവസായത്തിന്റെ യും ചരിത്രം രേഖപ്പെടുത്തിയ സാമ്പത്തിക-സാമൂഹിക ചരിത്രരേഖയാണ്. സാഹസികത യും തടിമിടുക്കുമുള്ള തദ്ദേശീയർ കാടുകൾ വെട്ടിപ്പിടിച്ച് തോട്ടവ്യവസായങ്ങൾ കെട്ടിപ്പടു ക്കുന്നതാണ് നോവലിന്റെ പ്രമേയം.

1963 കാലഘട്ടത്തിൽ മാതൃഭൂമി വാരികയിൽ ഖണ്ഡ ശ്ശയായി പ്രസിദ്ധീകരിച്ചു തുടങ്ങിയ നോവലിന്റെ സാ ഹിത്യ പ്രവർത്തക സഹകരണസംഘം പ്രസിദ്ധീകരിച്ച ആദ്യപതിപ്പ് 1964 ജൂലൈയിൽ പുറത്തുവന്നു. കറന്റ് ബുക്സ് എഡിഷൻ 2001 സെപ്റ്റംബറിലും. സാഹിത്യ കാരനും സെഷൻസ് ജഡ്ജിയുമായിരുന്ന ഇ.എം. കോവൂർ (1906-1983) നോവൽ, ചെറുകഥ, നാടകം, സ്മരണകളടക്കം വിവിധ സാഹിത്യശാഖകളിലായി അമ്പതിലേറെ കൃതികളുടെ രചയിതാവാണ്. 1967-ൽ 'അച്ചിങ്ങയും കൊച്ചുരാമനും' എന്ന ചെറുകഥാസമാ

ഹാരത്തിനു കേരള സാഹിത്യ അക്കാദമി പുരസ്കാരം ലഭിക്കുകയുണ്ടായി.

പാശ്ചാത്യസാഹിത്യത്തിലെ 'റിയലിസ്റ്റിക്' ശൈലി മലയാളത്തിലേക്ക് പകർത്തിയ എഴുത്തുകാരനായിരുന്നു കോവൂർ. ആപ്റ്റൺ സിൻക്ലെയറുടെ (1878–1968) 'ദി ജംഗിൾ' എന്ന വിഖ്യാത കൃതിയിൽനിന്ന് പ്രചോദനമുൾക്കൊണ്ടാണ് അദ്ദേഹം 'കാട്' എന്ന നോവൽ രചിച്ചത്. ഇംഗ്ലീഷ് നോവലിസ്റ്റും കവിയുമായിരുന്ന തോമസ് ഹാർഡിയുടെ (1840–1928) പ്രകൃതിബോധത്തോട് കിടപിടിക്കുന്ന ശൈലിയിൽ മധ്യതിരുവിതാംകൂറിലെ മലയോരങ്ങളിൽ സാധാരണക്കാർ ആട്ടിയോടിക്കപ്പെടുന്നതും പ്രകൃതിയോട് മനുഷ്യൻ നടത്തുന്ന കയ്യേറ്റങ്ങളും വിഷയമാക്കി. ഇത്തരം വേറിട്ട പുതിയ ലോകം കണ്ടെത്താനുള്ള എളിയ ശ്രമമാണ് ഈ നോവലെന്ന് എഴുത്തുകാരൻ ആമുഖമായി പറയുന്നുമുണ്ട്. ചിക്കാഗോയിലെ ഇറച്ചിവ്യവസായശാലകളിലെ ചൂഷണങ്ങളും തൊഴിലാളികളുടെ ദയനീയ ജീവിതവും തുറന്നുകാട്ടിയ കൃതിയായിരുന്നു 'ദി ജംഗിൾ'. സിൻക്ലെയറിനെപ്പോലെ സമൂഹത്തിലെ അഴിമതികളും ബിസിനസ്സ് ലോകത്തെ ചൂഷണങ്ങളും തുറന്നുകാട്ടുന്ന 'മക്ക്റേക്കിങ്' ശൈലി കോവൂരും സ്വീകരിച്ചു. 1932-ൽ നോബൽ പുരസ്കാരം നേടിയ ജോൺ ഗാൾസ്വർത്തിയുടെ (1867–1933) 'ദി ഫോർസൈറ്റ് സാഗ' എന്ന കൃതിയുടെ മാതൃകയിൽ, കേരളത്തിലെ ഒരു കുടുംബത്തിന്റെ മൂന്ന് തലമുറകളിലൂടെ സാമൂഹികപരിവർത്തനം അദ്ദേഹം വരച്ചുകാട്ടി. നോബൽ സമ്മാനം നേടിയ ആദ്യഅമേരിക്കൻ എഴുത്തുകാരനായ ഹാരി സിൻക്ലെയർ ലൂയിസിന്റെ (1885–1951) മൂർച്ചയേറിയ ഹാസ്യത്തിലൂടെയും യാഥാർത്ഥ്യബോധത്തോടെയും സമൂഹത്തെയും മധ്യവർഗ ചിന്താഗതികളെയും വിമർശിക്കുന്ന രചനാരീതിയുടെ സ്വാധീനവും ഇവിടെ കാണാം.

നേർവായനയിൽ നോവൽ റബ്ബർതോട്ടപ്പണിക്കാരനായി തുടങ്ങി, പുതു തോട്ടവിളയുടെ അനന്തസാധ്യതകളെ അടുത്തറിഞ്ഞ്, കാടുതെളിച്ച് കൃഷിയിറക്കി, റബ്ബർ എസ്റ്റേറ്റ് ഉടമയും റബ്ബറുത്പന്നനിർമാണകമ്പനി മേധാവിയും പത്രമുതലാളിയുമായി വളർന്ന കൊച്ചപ്പന്റെ നാല് തലമുറകളുടെ കഥയാണിത്. 1947 ഫെബ്രുവരി ഒന്നിന് 'കടുവാക്കാട് റബ്ബർ കമ്പനി' രജിസ്റ്റർ ചെയ്യുന്നതിലൂടെയാണ് നോവൽ ആരംഭിക്കുന്നത്. പുതുമണ്ണിൽ പതിച്ച വിത്തുപോലെ കൊച്ചപ്പന്റെ മനസ്സിൽ ആശകൾ മുളപ്പിച്ചതും ജോയിന്റ് സ്റ്റോക്ക് കമ്പനികളെക്കുറിച്ചും സർവ്വാധികാരിയായ മാനേജിങ് ഡയറക്ടർ പദവിയുടെ സാധ്യതകളെക്കുറിച്ചും അറിവുപകർന്നതും മലങ്കര തോട്ടത്തിലെ റൈട്ടർ കുറുവച്ചനായിരുന്നു. അപ്പൻ ആശ്രിതനായിരുന്ന ഒളശ്ശക്കാരന്റെ കിഴുമൺ തോട്ടത്തിൽ കൊച്ചപ്പൻ കൂലിക്കാരനായി പണിയെടുത്തിരുന്ന കാലത്ത് ഈ റൈട്ടർ താമസിച്ചിരുന്നത് മലങ്കര, കിഴുമൺ തോട്ടങ്ങൾക്കിടയിലെ തോട്ടരികിലായിരുന്നു.

കൊച്ചപ്പന്റെ ഭാര്യ ശോശാമ്മ, മത്തായി കത്തനാരുടെ ഒൻപത് മക്കളിൽ ആറാമത്തെയാൾ. ഇടത്തെ കാലിനിത്തിരി സ്വാധീനകുറവുള്ള ഏകപുത്രി അമ്മിണി കെട്ടിയോനുമായി പിണങ്ങി കുട്ടികളുമായി വീട്ടിലുണ്ട്. ബിസിനസ്സ് കുതന്ത്രങ്ങൾ ഉപദേശിക്കുന്നത് അടൂർക്കാരൻ സക്കറിയ മാമൻ എന്ന മാമച്ചനാണ്. മാധ്യമങ്ങളും രാഷ്ട്രീയവും ഉപയോഗിച്ച് തോട്ടബിസിനസ്സ് എങ്ങനെ വളർത്താമെന്ന് അവരിരുവരും ചേർന്ന് കാണിച്ചുതരുന്നു. നേർവിപരീതമാണ് 300 രൂപ ശമ്പളക്കാരനായ ഫിലിപ്പോസ് മാസ്റ്ററുടെ ലളിതജീവിതം. അദ്ദേഹത്തിന്റെ മകൾ പൊന്നമ്മയാണ് കൊച്ചപ്പന്റെ രണ്ടാമത്തെ മകനായ അനിയൻ കുഞ്ഞിന്റെ കാമുകിയും (പിന്നീട് ഭാര്യയും). ഗാന്ധിയനായ വർഗ്ഗീസ് മാസ്റ്ററുടെയും ഭാര്യയുടെയും സ്വാധീനത്തിലാണ് അനിയൻ കുഞ്ഞ് സാമൂഹ്യബോധവും പക്വതയും ഉള്ളവനായി മാറുന്നത്. അങ്ങനെയാണ് അയാൾ 'ദേശരത്നം' പത്രത്തിന്റെ മാനേജിങ് എഡിറ്റർ സ്ഥാനം ഏറ്റെടുക്കുന്നതും 'ദീർഘദൃഷ്ടി'യോടെ അപ്പൻ കൊണ്ടുവന്ന കുണ്ടറയിലെ കശുവണ്ടി മുതലാളിയുടെ ഇളയമകളുമായുള്ള വിവാഹാലോചന വേണ്ടെന്നു വയ്ക്കുന്നതും. ഫ്യൂഡൽ പൊങ്ങച്ചങ്ങളിലും ധൂർത്തിലും മുങ്ങിയതായിരുന്നു കൊച്ചപ്പന്റെ മൂത്തമകൻ പാപ്പച്ചന്റെയും ഭാര്യ കുഞ്ഞാക്കമ്മയുടെയും ജീവിതം. ഊട്ടിയിലും കൂനൂരിലും വേനൽക്കാലം ചെലവഴിച്ചും ദിവാൻ വാട്ട്സ് സായിപ്പിനെ സൽക്കരിച്ചും ജീവിച്ച കുഞ്ഞാക്കമ്മയുടെ പിതാവിനെപ്പോലെ അവരിരുവരും ആർഭാടത്തിമിർപ്പുകളിൽ അഭിരമിച്ചു. ഒടുവിൽ അവർ ഒരു കാറപകടത്തിൽ മരിക്കുന്നു. പാപ്പച്ചന്റെ മരണത്തെത്തുടർന്നു ചാത്തൻവാലി തോട്ടത്തിന്റെ സൂപ്രണ്ട് ഭരണം അനിയൻകുഞ്ഞ് ഏറ്റെടുത്ത് കമ്പനിഭരണം അപ്പന്റെ അനുവാദത്തോടെ പരിഷ്കരിക്കുന്നു. മാമച്ചന്റെ ഓഹരി അവകാശങ്ങൾ അനിയൻകുഞ്ഞിന്റെ പേരിൽ വാങ്ങി രമ്യമായി ഒഴിവാക്കുന്നു. വിശ്വസ്തനെ പേഴ്സണൽ സെക്രട്ടറിയാക്കുന്നു. വയസ്സുകാലത്ത് കൊച്ചപ്പനും ശോശാമ്മക്കും കൊച്ചുമക്കൾ സന്തോഷം പകരുന്നു. കാലത്തിനും സ്നേഹത്തിനും നന്മയ്ക്കും നേടാൻ കഴിയാത്ത ഒന്നുമില്ലെന്ന വർഗീസ് മാസ്റ്ററുടെ വാചകം ഓർമിപ്പിച്ചുകൊണ്ട് നോവൽ അവസാനിക്കുന്നു.



ഇ.എം. കോവൂർ

മലയാള സാഹിത്യത്തിലെ റബ്ബർതോട്ടവ്യവസായത്തിന്റെ ആദ്യത്തെ സാമൂഹിക, സാമ്പത്തിക, ചരിത്ര വായനയാണ് ഇ.എം. കോവൂരിന്റെ കാട് എന്ന നോവൽ. സാമ്പത്തിക ശാസ്ത്രജ്ഞൻ ടി.സി. വർഗീസിന്റെ 'കാർഷിക മാറ്റവും സാമ്പത്തിക പ്രത്യാഘാതങ്ങളും: കേരളത്തിലെ ഭൂവുടമ-കുടിയായ്മ വ്യവസ്ഥകൾ, 1850–1960' എന്ന ആധികാരികപഠനം നിരത്തുന്ന സാമൂഹികമാറ്റങ്ങളുടെ നേർചിത്രങ്ങൾ ഈ നോവലിലുണ്ട്. തിരുവിതാംകൂറിൽ 1865-ലെ 'പണ്ടാരപ്പാട്ട വിളംബരം' പോലുള്ള നിയമങ്ങളിലൂടെ കൃഷിക്കാർക്ക് ഭൂമിയുടെ മേൽ നേരിട്ട് ഉടമസ്ഥാവകാശവും കൈമാറ്റസ്വാതന്ത്ര്യവും ലഭിച്ചു. ഇത് വലിയൊരു വിഭാഗം സ്വതന്ത്ര കർഷകരെ സൃഷ്ടിക്കുകയും ആധുനിക ക്രെഡിറ്റ് സംവിധാനങ്ങളുടെയും കൃഷിയുടെയും വികാസത്തിന് വഴിതുറക്കുകയും ചെയ്തു.

ഉരുത്തിരിഞ്ഞ മുതലാളിത്ത സാമ്പത്തികക്രമത്തിൽ കൃഷിയിലൂടെ കണക്കില്ലാതെ കൈവന്ന അധികവരുമാനത്തിന്റെ പുനരുപയോഗത്തിനായി തോട്ടവ്യവസായം, മക്കളുടെ ഉയർന്ന വിദ്യാഭ്യാസം, ഷെയർ മാർക്കറ്റ്, പത്രവ്യവസായം പോലെയുള്ള (ചിലത്) സാഹസികമെങ്കിലും ഏറെ ഫലപ്രദമായ മേഖലകൾ അതിലേർപ്പെട്ടവർ കണ്ടെത്തി. ഫ്യൂഡൽ മൂല്യങ്ങളിൽ അഭിരമിച്ചവർ ആർഭാടങ്ങളിൽ നാശഗർത്തങ്ങളിലേക്ക് നടന്ന

ടുത്തു. പണിയിടങ്ങളിൽ നിന്നും പണിയെടുക്കുന്നവന്റെ സംഘശബ്ദം ഉയർന്നു. കേരളത്തിൽ കഴിഞ്ഞ നൂറ്റാണ്ടിന്റെ മധ്യകാലത്തുനടന്ന സാമൂഹിക, സാമ്പത്തിക മാറ്റങ്ങളെ കഥാപാത്രങ്ങളിലൂടെ കോവൂർ ആവിഷ്കരിക്കുന്നു.

കാട് എന്ന നോവൽ കൊച്ചപ്പന്റെ നാലുതലമുറകളുടെ കഥ മാത്രമല്ല. കേരളത്തിന്റെ സാമൂഹിക, സാമ്പത്തിക ചരിത്രത്തിലെ റബ്ബർകൃഷി വികാസത്തിന്റെ അടയാളപ്പെടുത്തലുകളുടെ നിഴൽച്ചിത്രങ്ങൾ കൂടിയാണ്. നാട്ടുകാരുടെ റബ്ബർ തോട്ടവ്യവസായത്തിന്റെ പിതാവായ കൊല്ലങ്കേരിൽ പി. ജോണും ആദ്യത്തെ സ്വദേശി റബ്ബർകമ്പനിയായ മലങ്കര റബ്ബർ പ്രൊഡ്യൂസ് കമ്പനിയും നോവലിൽ കടന്നുവരുന്നുണ്ട്. മധ്യതിരുവിതാംകൂറിലെ സാമൂഹിക പശ്ചാത്തലത്തിൽ, സാധാരണ കർഷകരുടെ വ്യക്തിഗത കുടിയേറ്റങ്ങൾ എങ്ങനെ ധനമൂലധനത്തിന്റെയും പണത്തോടുള്ള ആർത്തിയുടെയും കടന്നുവരവോടെ കോർപറേറ്റ് ജോയിന്റ് സ്റ്റോക്ക് കമ്പനികളായി മാറി എന്ന് നോവൽ വ്യക്തമാക്കുന്നു. വലിയ എസ്റ്റേറ്റുകൾ വെട്ടിപ്പിടിക്കാനായി മലമ്പനിയോടും വന്യമൃഗങ്ങളോടും പൊരുതി ജീവിച്ച ആദിവാസികളെയും ചെറുകിട കർഷകരെയും കോർപറേറ്റ് കമ്പനികൾ പണം എറിഞ്ഞ് ആട്ടിയോടിക്കുന്നു. ഒപ്പം വനഭൂമിക്കുവേണ്ടിയുള്ള വഴക്കും അനുബന്ധമായി അരങ്ങേറുന്ന വനനാശനവും നോവലിലുണ്ട്.

റബ്ബർതോട്ടവ്യവസായം ഉരുത്തിരിയുന്ന കാലത്തിന്റെ പ്രതിനിധാന സ്വഭാവമുള്ള ഒട്ടനവധി കഥാപാത്രങ്ങളും ഈ നോവലിലുണ്ട്. കറുവച്ചനു ഷെയർ മാർക്കറ്റിലിറങ്ങാൻവേണ്ടി കറുവാക്കാട് എസ്റ്റേറ്റിലെ റബ്ബർ പ്ലാന്റിങ്ങിന്റെ സ്ഥിതിവിവരകണക്കുകൾ പൊലിപ്പിച്ചുകാട്ടി ആകർഷകമായ റിപ്പോർട്ട് തയ്യാറാക്കി നൽകിയ കോട്ടയം കോളേജിൽ സായിപ്പിന്റെ കീഴിൽ ഇംഗ്ലീഷ് ഭാഷാപഠനം നടത്തിയ പ്ലാന്റർ, ചാത്തൻവാലി തോട്ടത്തിലെ കള്ളനായ റൈട്ടർ, പ്രോസ്പരിറ്റി ബാങ്ക് സെക്രട്ടറി, പ്ലാന്റേഷൻ കമ്പനി ഡയറക്ടർമാർ, ഷെയർ ഹോൾഡർമാർ, എസ്റ്റേറ്റ് സൂപ്രണ്ടുമാർ, സത്യസന്ധനും അനിയൻ കുഞ്ഞിന്റെ സഹപാഠിയുമായ എ.എസ്.പി., കൊച്ചപ്പന്റെ ഡ്രൈവർ, കടുക്കക്കുളം തോട്ടത്തിലെ സായിപ്പ്, ബട്ട്ലർ; സായിപ്പ് 'ഏറ്റവും അടുത്തറിഞ്ഞ' അയാളുടെ പൊണ്ടാട്ടി,.. ഇങ്ങനെ... ഇങ്ങനെ...

അഭിഭാഷകൻ, കമ്പനിനിയമം കൈകാര്യം ചെയ്ത ന്യായാധിപൻ, കമ്പനിത്തകർച്ചയുടെ ദുരന്തങ്ങൾ ഏറ്റുവാങ്ങേണ്ടിവന്ന അനുഭവസ്ഥൻ, പ്ലാന്റേഷൻ കമ്പനി നടത്തിപ്പ് അടുത്തുനിന്നു കണ്ട വ്യക്തി... ഇങ്ങനെ പല നിലകളിൽ പലർക്കും അപരിചിതമായ ലോകത്തെപ്പറ്റി തനിക്കുള്ള അനുഭവങ്ങളും അറിവുകളുമാണ് നോവലിൽ പങ്കുവെക്കുന്നതെന്നു കോവൂർ ആമുഖക്കുറിപ്പിൽ സൂചിപ്പിക്കുന്നുണ്ട്.

മുട്ടത്തുവർക്കി, കാനം ഇ.ജെ. തുടങ്ങിയ ജനപ്രിയ എഴുത്തുകാരിൽനിന്നും വ്യത്യസ്തനായിരുന്നു കോവൂർ. അവർക്ക് പ്രകൃതിയും തോട്ടങ്ങളും വെറും കാൽപനിക പശ്ചാത്തലം മാത്രമായിരുന്നപ്പോൾ, കോവൂരിന്റെ കൃതികളിൽ പ്രകൃതി മനുഷ്യനോട് പൊരുതുന്ന പ്രധാന കഥാപാത്രമായി. മുതലാളിത്ത വ്യവസ്ഥിതി സാധാരണക്കാരുടെ ജീവിതത്തെ എങ്ങനെ ബാധിക്കുന്നു എന്ന് അദ്ദേഹം കൃത്യമായി അടയാളപ്പെടുത്തി.

നർമബോധം നിറഞ്ഞ ശൈലിയിൽ കൊച്ചുകൊച്ചു കഥകൾ കോർത്തിണക്കി വലിയൊരു നോവൽ രൂപപ്പെടുത്തുന്ന അദ്ദേഹത്തിന്റെ പ്രശംസനീയമായ രചനാരീതിയെക്കുറിച്ച് കെ.എം. തരകന്റെ 'മലയാള നോവൽ സാഹിത്യചരിത്ര'ത്തിൽ പ്രത്യേക പരാമർശമുണ്ട്. സാമൂഹികവിമർശനവും ആക്ഷേപഹാസ്യവും നിറഞ്ഞതാണ് കോവൂരിന്റെ രചനാശൈലി. മരിച്ച മകന്റെയും മരുമകളുടെയും കല്ലറയ്ക്കുമേൽ എഴുതിയ വ്യാജമായ പുകഴ്ത്തലുകൾ കണ്ട് ശോശാമ്മ പറയുന്ന 'കള്ളം, പച്ചക്കള്ളം, എവിടെയും കള്ളം...' പോലെ സമൂഹത്തിലെ പൊങ്ങച്ചങ്ങൾക്കെതിരെയുള്ള പരിഹാസപ്രതികരണങ്ങൾ നോവലിൽ ഉടനീളമുണ്ട്.

(ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിലെ മുൻ പബ്ലിക്കേഷൻ ഓഫീസറും മഹാത്മാഗാന്ധി സർവ്വകലാശാലയിലെ മുൻ പബ്ലിക്കേഷൻ ഡയറക്ടറുമാണ് ലേഖകൻ.) •

തോടനാൽ റബ്ബറുത്പാദകസംഘം റബ്ബർപാൽ സംഭരണം തുടങ്ങി



റബ്ബർബോർഡിന്റെ പാലാ റീജിയണൽ ഓഫീസിന്റെ പരിധിയിലുള്ള തോടനാൽ റബ്ബറുത്പാദകസംഘം കവണാർ ലാറ്റക്സ് കമ്പനിയുമായി ചേർന്ന് റബ്ബർപാൽ സംഭരണം ആരംഭിച്ചു. തോടനാലിൽ വെച്ച് നടന്ന യോഗത്തിൽ റബ്ബർബോർഡ് പാലാ റീജിയണൽ ഓഫീസിലെ ഡെപ്യൂട്ടി റബ്ബർ പ്രൊഡക്ഷൻ കമ്മിഷണർ സാലിമോൾ ഈപ്പൻ റബ്ബർപാൽ സംഭരണത്തിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. സംഘം പ്രസിഡന്റ് സിബി കുര്യാക്കോസിന്റെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ കവണാർ ലാറ്റക്സ് ലിമിറ്റഡ് കമ്പനി മാനേജിങ് ഡയറക്ടർ രഞ്ജിത് ഡി., അസിസ്റ്റന്റ് ഡെവലപ്മെന്റ് ഓഫീസർ സുജ എസ്. നായർ, കവണാർ ലാറ്റക്സ് മാർക്കറ്റിങ് എക്സിക്യൂട്ടീവ് സോജൻ പി.റ്റി., സംഘം ഭരണസമിതിയംഗങ്ങൾ, കർഷകർ തുടങ്ങിയവർ പങ്കെടുത്തു.



സുരേഷ് ബാബു എ.സി.

മനുഷ്യജീവിതത്തിൽ


പോളിമറുകളുടെ പങ്ക്

പോളിമറുകളുടെ ഉപയോഗം ഇന്ന് നിത്യ ജീവിതത്തിന് ഒഴിവാക്കാൻ ആകാത്തതായിരിക്കുന്നു. ഇരുമ്പുസാമഗ്രികളും മരഉപകരണങ്ങളും തുകലും ഉപയോഗിച്ചിരുന്ന മനുഷ്യൻ ഇപ്പോൾ പോളിമറുകൾ വൻതോതിൽ ഉപയോഗിച്ചുവരുന്നു. ചീർപ്പ് മുതൽ വിമാനത്തിന്റെ ഭാഗങ്ങൾ വരെ പല മേഖലകളിലും പോളിമറുകൾ വ്യാപകമായി ഉപയോഗിക്കുന്നു.

പ്രകൃതിദത്തമായ പോളിമറുകളിൽ ഏറ്റവും പ്രധാനപ്പെട്ടത് പ്രകൃതിദത്തറബ്ബർ ആണ്. പ്രകൃതിദത്തമായ റബ്ബർപാൽ പോളി ഐസോപ്രിൻ (Poly Isoprene) ആണ്. ഐസോപ്രിൻ പോളിമറൈസേഷൻ നടന്നാണ് പ്രകൃതിദത്തമായ റബ്ബർ ഉണ്ടാകുന്നത്. ഇത് ടയർ, ബെൽറ്റുകൾ, ട്യൂബുകൾ, വെള്ളത്തെ തടഞ്ഞുനിർത്തുന്ന വസ്തുക്കൾ എന്നിവ ഉണ്ടാക്കാൻ ഉപയോഗിക്കുന്നു.

മനുഷ്യന്റെ ജീവൻ തുടങ്ങുന്നതിന് മുമ്പുതന്നെ പ്രകൃതിദത്തമായ പോളിമറുകൾ ഭൂമിയിൽ നിലനിന്നിരുന്നു. ഇങ്ങനെയുള്ള ഒന്നാണ് സെല്ലുലോസ് പോളിമർ. സസ്യങ്ങളുടെ കോശഭിത്തിയുടെ പ്രധാന ഘടനാപരമായ ഭാഗമാണ് സെല്ലുലോസ്. ഈ പോളിമറുകൾ മനുഷ്യന്റെ ജീവിതത്തിൽ ഒഴിച്ചുകൂടാൻ പറ്റാത്തവയാണ്. ഇവ ബയോഡീഗ്രേഡബിൾ ആയതുകൊണ്ട് പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടാക്കുന്നില്ല.

പോളിമറുകൾ എന്നത് ഉയർന്ന തന്മാത്രാഭാരമുള്ള നീളം കൂടിയ തന്മാത്രകളാണ്. ഒന്നിലധികം ചെറിയ തന്മാത്രകൾ ചേർന്നുകൊണ്ട് ഇവ വൻതന്മാത്രയുണ്ടാക്കുന്നു. പല തന്മാത്രകൾ കൂടിച്ചേർന്ന് പോളിമർ ഉണ്ടാകുന്ന പ്രവർത്തനത്തിനെ പോളിമറൈസേഷൻ (Polymerization) എന്ന് പറയുന്നു.



സാധാരണമായി രണ്ടുതരം പ്രവർത്തനങ്ങളിലൂടെയാണ് പോളിമറൈസേഷൻ നടക്കുന്നത്. ഒന്നാമതായി ഒന്നിലധികം തന്മാത്രകൾ കൂടിച്ചേർന്ന് നേർതന്മാത്രകൾ (Straight Chain) ഉണ്ടാകുന്ന പ്രവർത്തനം. ഇത് കൂടിച്ചേരൽ (Addition Polymerization) എന്ന് പറയുന്നു. രണ്ടാമതായി ഒന്നിലധികം തന്മാത്രകൾ കൂടിച്ചേർന്ന് പോളിമറുകൾ ഉണ്ടാകുമ്പോൾ അവയുടെ പ്രതിപ്രവർത്തനത്തിൽ ഉപോത്പന്നങ്ങളായി വെള്ളം (H_2O), ഹൈഡ്രോക്ലോറിക് ആസിഡ് (HCl) എന്നിവ പുറം തള്ളുന്ന പ്രവർത്തനം. ഇതിന് കണ്ടൻസേഷൻ പോളിമറൈസേഷൻ എന്നുപറയുന്നു.

ആദ്യമായി കൂടിച്ചേരൽ (Addition Polymerization) വഴിയുണ്ടാകുന്ന പോളിമറുകളെപ്പറ്റി പരിശോധിക്കാം.

പോളിമറൈസേഷൻ വഴിയുണ്ടാകുന്ന പോളിമറാണ് പ്ലാസ്റ്റിക്കുകൾ. രണ്ട് തരം പ്ലാസ്റ്റിക്കുകളാണ് ഇങ്ങനെ ഉണ്ടാകുന്നത്. ഒന്നാമതായി തെർമോ പ്ലാസ്റ്റിക്കുകൾ (thermoplastics), രണ്ട് തെർമോസെറ്റിങ് പ്ലാസ്റ്റിക്കുകൾ (thermo setting plastics)

തെർമോ പ്ലാസ്റ്റിക്കുകൾ

രണ്ട് തന്മാത്രകളോ വളരെയധികം തന്മാത്രകളോ ചേർന്ന് പോളി എഥിലീൻ ഉണ്ടാകുന്നു. ഇതിലെ മോണോമർ എഥിലീൻ ആണ്. വളരെയധികം എഥിലീൻ തന്മാത്രകൾ ചേർന്നിട്ടാണ് പോളിത്തീൻ ഉണ്ടാകുന്നത്. ഇത് വെള്ളം ശേഖരിക്കുന്ന കുപ്പികൾ, ഭക്ഷണത്തിനുള്ള ജാറുകൾ എന്നിവയ്ക്കും വസ്ത്രങ്ങൾ ഉണ്ടാക്കുന്നതിനും ഉപയോഗിക്കുന്നു. രണ്ടാമതായി ഉയർന്ന സാന്ദ്രതയുള്ള പ്ലാസ്റ്റിക്കുകൾ. അവ ഡിറ്റർജന്റ് കുപ്പികൾ, പാൽപ്പാത്രങ്ങൾ, പൈപ്പുകൾ എന്നിവ ഉണ്ടാക്കാൻ ഉപയോഗിക്കുന്നു.

അനേകം വിനൈൽ ക്ലോറൈഡ് (Vinyl Chloride) തന്മാത്രകൾ ചേർന്ന് പോളിവിനൈൽ ക്ലോറൈഡ് (PVC) ഉണ്ടാകുന്നു. ഇത് പൈപ്പുകൾ, വൈദ്യമേഖലയിലെ ട്യൂബുകൾ, ക്രെഡിറ്റ് കാർഡുകൾ എന്നിവ ഉണ്ടാക്കാൻ ഉപയോഗിക്കുന്നു. അനേകം പ്രൊപ്പിലിൻ (Propylene) തന്മാത്രകൾ ചേർന്ന് പോളി പ്രൊപ്പിലിൻ (Poly propylene) ഉണ്ടാകുന്നു. മോട്ടോർ വാഹനങ്ങളുടെ ഭാഗങ്ങൾ ഉണ്ടാക്കാൻ ഇവ ഉപയോഗിക്കുന്നു.


പോളിസ്റ്റൈറിനാണ് (Polystyrene) ആണ് അടുത്ത തെർമോ പ്ലാസ്റ്റിക്. ഇത് അനേകം സ്റ്റൈറിൻ (Styrene) തന്മാത്രകൾ ചേർന്ന് രൂപംകൊള്ളുന്നതാണ്. വസ്ത്രങ്ങളും കിടക്കകളും ഉണ്ടാക്കാൻ ഈ പ്ലാസ്റ്റിക്കുകൾ ഉപയോഗിക്കുന്നു. മറ്റൊന്ന് കുറഞ്ഞ സാന്ദ്രതയുള്ള പോളി എഥിലീൻ. ഇവ എഥിലീൻ ചേർന്ന് തന്നെയാണ് ഉണ്ടാകുന്നത്. പച്ചക്കറി, മറ്റു സാധനങ്ങൾ എന്നിവ പൊതിയുന്നതിനുള്ള സഞ്ചികൾ ഉണ്ടാക്കാൻ ഇവ ഉപയോഗിക്കുന്നു.

അടുത്തതായി പോളി ടെട്രാ ഫ്ളൂറോ എത്തിലീൻ (PTFE), ടെഫ്ളോൺ (TEFLON) എന്നിവ. ഈ പ്ലാസ്റ്റിക്കുകളുടെ പ്രതലത്തിൽ യാതൊന്നും ഒട്ടിച്ചേർന്ന് നിൽക്കുകയില്ല, മാത്രമല്ല താപത്തെ ചെറുത്ത് നിർത്താനും ഇവയ്ക്ക് കഴിയും. നോൺസ്റ്റിക് പാൻ ഉണ്ടാക്കാൻ ഇവ ഉപയോഗിക്കുന്നു.

തെർമോ പ്ലാസ്റ്റിക്കുകൾ ചൂടാക്കുമ്പോൾ മൃദുവാകുകയും തണുപ്പിക്കുമ്പോൾ ദൃഢമാവുകയും ചെയ്യുന്ന വയാണ്. എന്നാൽ തെർമോസെറ്റിങ്ങ് പ്ലാസ്റ്റിക്കുകൾ ആകട്ടെ അവ ചൂടാക്കുമ്പോൾത്തന്നെ ദൃഢമായി സെറ്റ് ചെയ്ത് പോവുകയാണ് ചെയ്യുന്നത്. തെർമോ പ്ലാസ്റ്റിക്കുകളുടെ പ്രത്യേകത പുനർപ്രക്രിയ വഴി പുതിയ പ്ലാസ്റ്റിക്ക് ഉപകരണങ്ങളോ പാത്രങ്ങളോ ഉണ്ടാക്കാൻ കഴിയും എന്നതാണ്. എന്നാൽ തെർമോസെറ്റിങ്ങ് പ്ലാസ്റ്റിക്കുകൾ പുനരാവൃത്തി ചെയ്യാനോ അതുവഴി മറ്റൊരു ഉത്പന്നം ഉണ്ടാക്കാനോ കഴിയാത്തവയാണ്.

തെർമോസെറ്റ് പ്ലാസ്റ്റിക്സ്

ഇനി തെർമോസെറ്റ് പ്ലാസ്റ്റിക്കുകളെപ്പറ്റി പറയാം. തെർമോസെറ്റ് പ്ലാസ്റ്റിക്കുകൾ കണ്ടൻസേഷൻ പ്രവർത്തനംവഴിയാണ് രൂപകൽപന ചെയ്യുന്നത്. ഉദാഹരണമായി, ബേക്കലൈറ്റ് (Bakelite). ഇത് ഫിനോളും ഫോർമാൽഡിഹൈഡും ചേർന്നുണ്ടാകുന്ന പോളിമർ തെർമോസെറ്റ് പ്ലാസ്റ്റിക് ആണ്. ഇത് ഇലക്ട്രിക്കൽ സ്വിച്ചുകൾ, പാത്രത്തിന്റെ പിടി തുടങ്ങിയവ ഉണ്ടാക്കാൻ ഉപയോഗിക്കുന്നു. ചൂട് തീരെ കടത്തിവിടുന്നില്ല എന്നതാണ് ഇവ ഇതിനുപയോഗിക്കാൻ കാരണം. മറ്റൊന്നാണ് യൂറിയ ഫോർമാൽഡിഹൈഡ് (UF Resin). യൂറിയയും ഫോർമാൽഡിഹൈഡും ചേർത്താൽ രൂപം കൊ



ഡി.ആർ.സി. പരിശോധനാശാല ഉദ്ഘാടനം ചെയ്തു



റബ്ബർബോർഡ് കമ്പനിയായ പൊന്മുടി റബ്ബേഴ്സിന്റെ കീഴിൽ കന്യാകുമാരി ജില്ലയിലെ കുലശേഖരത്ത് തുടങ്ങിയ ഡി.ആർ.സി. പരിശോധനാശാലയുടെ ഉദ്ഘാടനം റബ്ബർബോർഡിലെ ജോയിന്റ് ഡയറക്ടർ (പി. & ക്യു.സി.) പി. അറുമുഖം നിർവ്വഹിച്ചു. തിരുവനന്തപുരം ജില്ലയിലെ അമ്പൂരി, വെള്ളറട, കാരക്കോണം, പാറശ്ശാല തുടങ്ങിയ പ്രദേശങ്ങളിൽ നിന്നും തമിഴ്നാട്ടിലെ കന്യാകുമാരി ജില്ലയിൽ നിന്നുമുള്ള റബ്ബർകർഷകർക്ക് റബ്ബർപാലിലെ ഉണക്കറബ്ബറിന്റെ അംശം നിർണയിക്കുന്നതിന് ഈ പരിശോധനാശാല പ്രയോജനപ്പെടും.

റബ്ബർബോർഡിന്റെ മാർത്താണ്ഡം റീജിയണൽ ഓഫീസിലെ ഡെപ്യൂട്ടി റബ്ബർ പ്രൊഡക്ഷൻ കമ്മീഷണർ കെ. മുരളി അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ പൊന്മുടി റബ്ബേഴ്സ് മാനേജിങ് ഡയറക്ടർ സുമ എം.എസ്. സ്വാഗതം പറഞ്ഞു. പൊന്മുടി റബ്ബേഴ്സിന്റെ ഡയറക്ടർ ബോർഡ് അംഗം വേണുഗോപാലൻ നായർ, ആണ്ടൂർ റബ്ബറുത്പാദകംസംഘം പ്രസിഡന്റ് പി.എസ്. പ്രദീപ് കുമാർ, പുല്ല റബ്ബറുത്പാദകസംഘം വൈസ് പ്രസിഡന്റ് രാജശേഖരൻ നായർ എന്നിവർ ആശംസകൾ അർപ്പിച്ചു. കമ്പനി ഡയറക്ടർ ബോർഡ് അംഗം കെ.എം. ജലാലുദ്ദീൻ കൃതജ്ഞത പറഞ്ഞു.

ഡി.ആർ.സി. നിർണയിക്കുന്നതിനായി റബ്ബർപാലിന്റെ സാമ്പിൾ ശേഖരിക്കേണ്ട ശരിയായ രീതിയെക്കുറിച്ച് റബ്ബർബോർഡിലെ അസിസ്റ്റന്റ് ക്വാളിറ്റി കൺട്രോൾ ഓഫീസർ എം.എൻ. ബിജു ക്ലാസ്സെടുത്തു. റബ്ബർ ബോർഡിന്റെ വിവിധ പദ്ധതികളെക്കുറിച്ച് കുഴിത്തുറ ഫീൽഡ് ഓഫീസർ കെ. നെപ്പോളിയൻ വിശദീകരിച്ചു.

ള്ളുന്നത് തെർമോസെറ്റ് പ്ലാസ്റ്റിക് ആണ്. കിടക്കകൾ, കോട്ടിങ്ങുകൾ, ഇൻസുലേറ്റർ തുടങ്ങിയവ ഉണ്ടാക്കാൻ ഇത് ഉപയോഗിക്കുന്നു. അടുത്തതായി ഇപ്പോക്സി റെസിനുകൾ (epoxy resins). ഇവ ശൂന്യാകാശവാഹനങ്ങളിലും സ്പോർട്സ് സാമഗ്രികൾ ഉണ്ടാക്കുന്നതിനും പശകൾ നിർമിക്കുന്നതിനും ഉപയോഗിക്കുന്നു.

അടുത്തതായി ഉള്ള ഒരു തെർമോസെറ്റ് ആയ കെൽവാർ (Kelvar). ഇതിന് ടെൻസിൽ കട്ടി (Tensile Strength) വളരെക്കൂടുതലാണ്. ഇവ ബുള്ളറ്റ് പ്രൂഫ് (Bullet Proof) വസ്ത്രങ്ങൾ ഉണ്ടാക്കാനും മത്സരവാഹനങ്ങളുടെ ടയറുകൾ ഉണ്ടാക്കാനും ഉപയോഗിക്കുന്നു.

അടുത്തതായി പോളി കാർബണേറ്റ് ആണ്. ഈ പോളിമറുകൾ ബുള്ളറ്റ് പ്രൂഫ് (Bullet proof) ഗ്ലാസ്സുകൾ ഉണ്ടാക്കുന്നതിന് ഉപയോഗിക്കുന്നു. ജനൽ വാതിൽ എന്നിവ ഉണ്ടാക്കുന്നതിനും ഉപയോഗിക്കുന്നു.

ഒരു പ്രധാന പോളിമറാണ് നൈലോൺ (Nylon). ഇത് തെർമോപ്ലാസ്റ്റിക്കാണ്. ഹെക്സാ മിഥിലിൻ ഡൈ അമീനും അഡിപിക് ആസിഡും ചേർന്നുള്ള പോളിമറാണ് ഇത്. പൂർണമായും കൃത്രിമ നാരുകൾ കൊണ്ടാണ് ഈ പോളിമർ രൂപം കൊള്ളുന്നത്. പ്രകൃതിദത്തമായ നാരുകൾ ഇതിലടങ്ങിയിട്ടില്ല. ഇത് ഷർട്ടുകൾ, നീന്താനുപയോഗിക്കുന്ന വസ്ത്രങ്ങൾ, ബാഗുകൾ, വലകൾ, കയറുകൾ, പാരച്ച്യൂട്ടുകൾ, ടാർപോളിനുകൾ, ടെൻറുകൾ എന്നിവയ്ക്ക് ഉപയോഗിക്കുന്നു.

അടുത്തതായി ഉള്ളത് സിലിക്കോൺ പോളിമർ. ഈ പോളിമറിന് ടെൻസൈൽ ബലവും വലിച്ച് നീട്ടാനുള്ള കഴിവും വളരെയധികമാണ്. ഇവ ബേക്കറി മോൾഡുകൾ ഉണ്ടാക്കാൻ ഉപയോഗിക്കുന്നു. അനേകം ബ്യൂട്ടാഡൈയിൻ (Butadiene) ചേർന്ന് Poly Butadine (പോളി ബ്യൂട്ടാഡൈൻ) ഉണ്ടാകുന്നു. ഇത് Buna N എന്ന പേരിലറിയപ്പെടുന്നു. അനേകം ബ്യൂട്ടാഡൈയിനും സ്റ്റൈറിനും (Styrene) ചേർന്ന് Buna S ഉണ്ടാകുന്നു. അനേകം ബ്യൂട്ടാഡൈയിനും അക്രിലോ നൈട്രയിലും ചേർന്ന് നൈട്രയിൽ റബ്ബർ (Buna N) ഉണ്ടാകുന്നു. ബൂണാ N, ബൂണാ -S (Buna N, Buna S) തുടങ്ങിയവ കൃത്രിമ റബ്ബറുകൾ ആണ്. റബ്ബറിന്റെ ഏത് ആവശ്യത്തിനും ഇവ ഉപയോഗിക്കുന്നു. കയ്യുറകൾ, ബെൽറ്റ്, ഹോസുകൾ, ചെരിപ്പ്, ഓയിലിനെ മറച്ചുനിർത്തുന്ന പശകൾ ഉണ്ടാക്കാനും തറയിലിടുന്ന പായകൾ ഉണ്ടാക്കാനും Buna N ഉപയോഗിക്കുന്നു. Buna-S റബ്ബർ ടയറുകൾ ഉണ്ടാക്കാനും കൺവേയർ ബെൽറ്റുകൾ (പത്രത്തിന്റെ പ്രിന്റിങ് ബെൽറ്റുകൾ), വൈദ്യുത ഇൻസുലേറ്ററുകൾ, പാദരക്ഷകൾ എന്നിവയുണ്ടാക്കാൻ ഉപയോഗിക്കുന്നു.

(ലേഖകൻ ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിലെ മുൻ സയിന്റിഫിക് ഓഫീസറാണ്) •



ടിന്റു മോൾ എം.
അസിസ്റ്റന്റ് ഡെവലപ്മെന്റ് ഓഫീസർ

പ്രവാസത്തിൽ നിന്ന്
റബ്ബർകൃഷിയിലേക്ക്

വിദേശരാജ്യങ്ങളിലെ ജീവിതാനുഭവങ്ങളിൽ നിന്ന് സ്വന്തം മണ്ണിലേക്ക് മടങ്ങിയെത്തി, റബ്ബർ കൃഷിയെ ജീവിതമാർഗം മാത്രമല്ല, ഒരു ദൗത്യമായി ഏറ്റെടുത്ത കർഷകനാണ് കൊല്ലം ജില്ലയിലെ കലയനാട് അഞ്ജു ഭവനിലെ സദാശിവൻ. 22-ാമത്തെ വയസ്സിൽ പ്രവാസജീവിതം തുടങ്ങിയ അദ്ദേഹം 1978 മുതൽ 2000 വരെ സുഡാൻ, അൾജീരിയ, ബംഗ്ലാദേശ്, ഇറാഖ്, കുവൈത്ത്, അബുദാബി, ദുബായ് തുടങ്ങിയ രാജ്യങ്ങളിൽ സ്റ്റീൽ മെറ്റൽ ഫാബ്രിക്കേറ്ററായി ജോലി ചെയ്തു. പ്രവാസജീവിതത്തിന്റെ തിരക്കുകൾക്കിടയിലും സ്വന്തം മണ്ണിനോടുള്ള ബന്ധം അദ്ദേഹം കൈവിട്ടില്ല. 1988-ൽ വീടിനടുത്തുള്ള പ്ലാച്ചേരി എന്ന സ്ഥലത്ത് ഒരു റബ്ബർതോട്ടം സ്വന്തമാക്കിയതോടെയാണ് റബ്ബർകൃഷിയോടുള്ള താൽപര്യം തുടങ്ങിയത്. 2000-ൽ നാട്ടിൽ തിരിച്ചെത്തിയ ശേഷം പൂർണമായും റബ്ബർകൃഷിയിലേക്ക് തിരിഞ്ഞു. റബ്ബർബോർഡ് നടത്തിയ ടാപ്പിങ് പരിശീലനപരിപാടിയിൽ പങ്കെടുത്ത് വൈദഗ്ധ്യം നേടിയതോടെ തന്റെ തോട്ടത്തിലെ മരങ്ങൾ സ്വയം ടാപ്പു ചെയ്യാൻ തുടങ്ങി.

ഇന്ന് ഒരു ഹെക്ടറിനടുത്ത് വിസ്തൃതിയുള്ള തന്റെ തോട്ടത്തിൽ വിവിധ റബ്ബറിനങ്ങൾ (ആർആർഐഐ 414, ആർആർഐഐ 430, ആർആർഐഐ 417, ആർആർഐഐ 105) ശാസ്ത്രീയമായി പരിപാലിച്ചു വരുന്നു. 2025-26 കാലയളവിൽ ഏകദേശം 1,300 കിലോ



റബ്ബർബോർഡിലെ റബ്ബർ ടാപ്പിങ് ഡെമോൺസ്ട്രേറ്റർ വി. കലൈസെൽവനോടൊപ്പം സദാശിവൻ (ഇടത്ത്) തന്റെ തോട്ടത്തിൽ

തിരുവനന്തപുരം മ്യൂസിയത്തിലെ റബ്ബർമരം



ചെയർമാൻ എൻ. ഹരി മ്യൂസിയംവളപ്പിലെ റബ്ബർമരത്തിനടുത്ത്

തിരുവനന്തപുരം മ്യൂസിയം വളപ്പിൽ സംരക്ഷിച്ചുവരുന്ന 150 വർഷത്തോളം പഴക്കമുള്ള റബ്ബർമരം റബ്ബർബോർഡ് ചെയർമാൻ എൻ. ഹരി, എക്സിക്യൂട്ടീവ് ഡയറക്ടർ എം. വസന്തഗേശൻ ഐ.ആർ.എസ്., റബ്ബർ പ്രൊഡക്ഷൻ കമ്മീഷണർ ഡോ. സിജു റ്റി. എന്നിവർ സന്ദർശിച്ചു.

ശ്രീലങ്കയിൽ നിന്ന് കേരളത്തിലേക്ക് കൊണ്ടുവന്ന റബ്ബർതൈകളിൽ ഒന്ന് വിശാഖം തിരുനാൾ രാമവർമ്മ മഹാരാജാവിന്റെ കാലത്ത് തിരുവനന്തപുരം മ്യൂസിയം വളപ്പിൽ നട്ടുപിടിപ്പിക്കുകയായിരുന്നു എന്ന് പറയപ്പെടുന്നു. കേരളത്തിലെ പഴക്കമേറിയ റബ്ബർമരങ്ങളിൽ ഒന്നാണിത്.

അടുത്തകാലത്ത് ഈ മരത്തിന്റെ ഒരു പ്രധാന ശിഖരം ഒടിഞ്ഞുവീഴുകയും മരത്തിൽ രോഗ-കീടബാധ കണ്ടെത്തുകയും ചെയ്തിരുന്നു. മരത്തിന്റെ ആരോഗ്യസ്ഥിതി നിലനിർത്തുന്നതിനുവേണ്ട ശാസ്ത്രീയമായ സംരക്ഷണ നടപടികൾ സ്വീകരിച്ചുവരുന്നു.



എം. വസന്തഗേശൻ ഐ.ആർ.എസ്. (വലത്ത്), സിജു റ്റി. എന്നിവർ റബ്ബർമരത്തിനടുത്ത്

ഗ്രാം റബ്ബറുത്പാദിപ്പിച്ച അദ്ദേഹം, ടാപ്പിങ് മുതൽ വളപ്രയോഗം വരെയുള്ള ഭൂരിഭാഗം ജോലികളും കുടുംബാംഗങ്ങളുടെ സഹകരണത്തോടെ തന്നെയാണ് നടത്തുന്നത്. മണ്ണുപരിശോധനയ്ക്ക് ശേഷമുള്ള വളപ്രയോഗവും കൃത്യമായ ടാപ്പിങ് രീതികളും അദ്ദേഹത്തിന്റെ കൃഷിയിലെ പ്രത്യേകതകളാണ്. റബ്ബറിന്റെ അപക്വകാലത്ത് ഇടവിളയായി വാഴ, പയർ, മഞ്ഞൾ, ഇഞ്ചി, ചേന തുടങ്ങിയവ കൃഷി ചെയ്ത് വരുമാനമെടുക്കാനും അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചിരുന്നു.

കർഷകരുടെ കൂട്ടായ്മയുടെ കരുത്തായി 2015-ൽ കലയനാട് റബ്ബറുത്പാദകസംഘം രൂപവത്കരിക്കുന്നതിലും അതിന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിലും സദാശിവൻ നിർണായക പങ്കുവഹിച്ചു. പിന്നീട് 500-ലധികം കർഷകരെ ഉൾക്കൊള്ളുന്ന കൂട്ടായ്മയായി അത് വളർന്നു. വിവിധ സബ്സിഡികളും റബ്ബർബോർഡ് ആനുകൂല്യങ്ങളും കർഷകരിലേക്ക് എത്തിക്കുന്നതിനും ഒരു കോടിയിലധികം രൂപയുടെ ആനുകൂല്യങ്ങൾ അംഗങ്ങൾക്ക് ലഭ്യമാക്കുന്നതിനും ഈ സംഘത്തിന് കഴിഞ്ഞു.

ബോധവൽക്കരണ ക്ലാസുകൾ, സെമിനാറുകൾ, കാർഷിക പരിശീലനപരിപാടികൾ എന്നിവ സംഘടിപ്പിച്ച് കർഷകരെ അറിവിലൂടെ ശാക്തീകരിക്കുന്നതിലും അദ്ദേഹം സജീവമാണ്. നിലവിൽ കർഷകരിൽ നിന്ന് റബ്ബർപാൽ സംഭരിച്ച് റബ്ബർബോർഡുകമ്പനിയായ സഹ്യാദ്രി റബ്ബേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് മുഖേനയാണ് വിപണനം നടത്തുന്നത്.

വിദേശനാടുകളിൽനിന്ന് നേടിയ അനുഭവസമ്പത്തും സ്വന്തം മണ്ണിനോടുള്ള ആത്മബന്ധവും കർഷകരോടുള്ള സേവനമനോഭാവവും സമന്വയിപ്പിച്ചാണ് സദാശിവന്റെ റബ്ബർകൃഷിയാത്ര മുന്നേറുന്നത്. സ്വന്തം തോട്ടത്തിൽ വിജയിച്ച കർഷകൻ എന്നതിലുപരി, നിരവധി കർഷകർക്ക് അറിവും പ്രചോദനവും പകർന്നുനൽകുന്ന കൂട്ടായ്മാ പ്രവർത്തകനുമാണ് അദ്ദേഹം. 'പ്രവാസജീവിതത്തിനുശേഷം നാട്ടിലെത്തിയാൽ എന്തുചെയ്യണം?' എന്ന ചോദ്യത്തിന് സ്വന്തം ജീവിതംകൊണ്ട് തന്നെ അദ്ദേഹം നൽകുന്ന മറുപടിയാണിത്. പ്രവാസജീവിതത്തിൽനിന്ന് നേടിയ അറിവും അനുഭവവും സ്വന്തം മണ്ണിന്റെ വളർച്ചയ്ക്കായി പ്രയോജനപ്പെടുത്തുന്ന അദ്ദേഹത്തിന്റെ മാതൃക, നാട്ടിലേക്ക് മടങ്ങിയെത്തുന്ന മറ്റ് പ്രവാസികൾക്കും പ്രചോദനമാകട്ടെ. •



ഗിഫു മേലാറ്റൂർ

റബ്ബർ - കേരളത്തിന്റെ പച്ചപ്പൊന്ന്

റബ്ബർമാസികയുടെ വജ്രജൂബിലിയാഘോഷത്തോടനുബന്ധിച്ച് 'കേരളത്തിൽ റബ്ബർകൃഷിയുടെ വ്യാപനം കൊണ്ട് ഉണ്ടായ മാറ്റങ്ങൾ' എന്ന വിഷയത്തെ അധികരിച്ച് പൊതുജനങ്ങൾക്കായി നടത്തിയ ഉപന്യാസ രചനാമത്സരത്തിൽ മൂന്നാം സ്ഥാനം നേടിയ രണ്ടു ലേഖനങ്ങളിലൊന്ന്.

ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ കേരളത്തിന്റെ മണ്ണിലേക്ക് കടന്നുവന്ന റബ്ബർ, കേവലം ഒരു കാർഷികവിളയായിരുന്നില്ല. മറിച്ച് കേരളത്തിന്റെ സാമൂഹിക, സാമ്പത്തിക, സാംസ്കാരിക മേഖലകളെ അടിമുടി മാറ്റിയെഴുതിയ ഒരു വിളയായിരുന്നു. പരമ്പരാഗതമായി സുഗന്ധവ്യഞ്ജനങ്ങളുടെയും നെല്ലിന്റെയും കൃഷിയിൽ ഒതുങ്ങിനിന്നിരുന്ന കേരളീയ കാർഷികമേഖലയെ ആഗോള റബ്ബറുത്പാദന കേന്ദ്രങ്ങൾക്കിടയിൽ സ്ഥാനം പിടിക്കാൻ സഹായിച്ച ഈ പരിവർത്തനം സംസ്ഥാനത്തിന്റെ വികസനചരിത്രത്തിലെ ഒരു സുപ്രധാന അധ്യായമാണ്. മലയോരമേഖലകളിലേക്കുള്ള കുടിയേറ്റം മുതൽ പുതിയ വ്യവസായങ്ങളുടെ ഉദയം വരെ, റബ്ബർകൃഷി കേരളത്തിൽ വരുത്തിയ മാറ്റങ്ങൾ വളരെ വലുതാണ്. റബ്ബർകൃഷി കേരളത്തിലുണ്ടാക്കിയ വിവിധ തലങ്ങളിലുള്ള മാറ്റങ്ങളെക്കുറിച്ച് ഈ ലേഖനത്തിൽ വിശദീകരിക്കുന്നു.

സാമ്പത്തിക രംഗത്തെ പരിവർത്തനങ്ങൾ

റബ്ബർകൃഷിയുടെ വ്യാപനം കേരളത്തിന്റെ സാമ്പത്തിക അടിത്തറയെ ശക്തിപ്പെടുത്തി. പരമ്പരാഗത കാർഷികവിളകൾക്ക് ലഭിച്ചിരുന്നതിനേക്കാൾ സ്ഥിരതയുള്ളതും ഉയർന്നതുമായ വരുമാനം റബ്ബറിൽ നിന്ന് ലഭിച്ചു. ഇത് ചെറുകിട കർഷകരെ സാമ്പത്തികമായി മെച്ചപ്പെട്ട അവസ്ഥയിലെത്തിച്ചു.

വരുമാന സുസ്ഥിരതയും ഗ്രാമീണ സമ്പദ് വ്യവസ്ഥയും

റബ്ബർമരങ്ങൾ ദീർഘകാലം തുടർച്ചയായി വരുമാനം നൽകുന്നത് ഗ്രാമീണ സമ്പദ്വ്യവസ്ഥയ്ക്ക് വലിയ മുതൽക്കൂട്ടായി. ഓരോ ദിവസവും ടാപ്പിങ് വഴി ലഭിക്കുന്ന ആദായം അന്നന്നത്തെ ചെലവുകൾക്ക് ഉപകരിക്കുന്നു. ഇത് ഗ്രാമീണ കുടുംബങ്ങളെ സാമ്പത്തികമായി ശാക്തീകരിക്കുകയും അവരുടെ ജീവിതനിലവാരം ഉയർത്താൻ സഹായിക്കുകയും ചെയ്തു. ബാങ്കിങ് മേഖലയും ഈ വളർച്ചയ്ക്ക് അനുസൃതമായി ഗ്രാമപ്രദേശങ്ങളിൽ കൂടുതൽ സജീവമായി.

വ്യവസായവത്ക്കരണം

റബ്ബറിന്റെ വ്യാപനം കേരളത്തിൽ ഒരു വ്യാവസായിക വിപ്ലവത്തിന് വഴിതുറന്നു. അങ്ങനെ ടയർ, റബ്ബർ ബാൻഡ്, മെഡിക്കൽ ഉത്പന്നങ്ങൾ തുടങ്ങിയ നിരവധി റബ്ബറധിഷ്ഠിത വ്യവസായങ്ങൾ ഇവിടെ ഉണ്ടായി. എറണാകുളം ജില്ലയിൽ സ്ഥാപിക്കപ്പെട്ട റബ്ബറധിഷ്ഠിത വ്യവസായ പാർക്ക് ഇതിനുദാഹരണമാണ്. ഇത് മികച്ച തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും സംസ്ഥാനത്തിന്റെ വ്യാവസായികഭൂപടത്തിൽ ഒരു പുതിയ ഇടം നേടിക്കൊടുക്കുകയും ചെയ്തു.

വിദേശനാണ്യം

റബ്ബറുത്പന്നങ്ങളുടെ കയറ്റുമതിയിലൂടെ കേരളത്തിന് വലിയ തോതിൽ വിദേശനാണ്യം നേടാൻ കഴിഞ്ഞു. ഇന്ത്യൻ റബ്ബറിന്റെ പ്രധാന ഉത്പാദകരെന്ന നിലയിൽ ആഗോള റബ്ബർ വിപണിയിൽ കേരളത്തിന് ഒരു നിർണായക സ്വാധീനം ചെലുത്താനും കഴിഞ്ഞു.



സാമൂഹിക മാറ്റങ്ങൾ

റബ്ബർകൃഷി കേവലം സാമ്പത്തികനേട്ടങ്ങളിൽ മാത്രം ഒതുങ്ങിനിന്നില്ല, മറിച്ച് കേരളത്തിൽ സാമൂഹികമായും സംസ്കാരികമായും വലിയ മാറ്റങ്ങളുണ്ടാക്കി.

മലബാറിലേക്കുള്ള കുടിയേറ്റം

മധ്യകേരളത്തിലെയും തെക്കൻ കേരളത്തിലെയും കർഷകർ കൂടുതൽ ഭൂമി തേടി മലബാറിലെ മലയോര മേഖലകളിലേക്ക് കൂട്ടത്തോടെ കുടിയേറി. ഈ കുടിയേറ്റം മലബാറിന്റെ മലയോരമേഖലയിൽ കാർഷിക രീതികളെ പൂർണമായും മാറ്റിമറിച്ചു. വയനാട്, ഇടുക്കി, കോഴിക്കോട്, കണ്ണൂർ ജില്ലകളിലെ മലയോരഗ്രാമങ്ങൾ റബ്ബർതോട്ടങ്ങളാൽ നിറഞ്ഞു. ഈ കുടിയേറ്റം പുതിയ ഗ്രാമങ്ങളും പട്ടണങ്ങളും രൂപംകൊള്ളുന്നതിനും വികസിക്കുന്നതിനും കാരണമായി.

സാമൂഹിക സമവാക്യങ്ങൾ

റബ്ബർകർഷകരുടെ സാമ്പത്തികനില മെച്ചപ്പെട്ടതോടെ അവരുടെ സാമൂഹിക പദവിയും ഉയർന്നു. റബ്ബർകൃഷി ചെയ്യുന്ന കർഷകർ സമൂഹത്തിൽ ഒരു പുതിയ മധ്യവർഗമായി ഉയർന്നുവന്നു. ക്രമേണ ഇത് വിദ്യാഭ്യാസത്തിനും ആരോഗ്യപരിപാലനത്തിനും കൂടുതൽ പ്രാധാന്യം നൽകുന്ന ഒരു സമൂഹത്തിന് രൂപം നൽകി.

തൊഴിൽസംസ്കാരം

റബ്ബർതോട്ടങ്ങളിലെ ടാപ്പിങ് പോലുള്ള ജോലികൾക്ക് ധാരാളം തൊഴിലാളികളെ ആവശ്യമായി വന്നു. ക്രമേണ കേരളത്തിലെ തൊഴിലാളികളുടെ ലഭ്യത കുറഞ്ഞതോടെ അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള തൊഴിലാളികൾ ഈ മേഖലയിൽ കൂടുതലായി എത്താൻ തുടങ്ങി. ഇത് കേരളത്തിന്റെ തൊഴിൽ മേഖലയിലെ ഒരു പ്രധാന മാറ്റമായി. ഈ തൊഴിലാളികളുടെ സാന്നിധ്യം കേരളത്തിന്റെ സാമൂഹികവും സാംസ്ക്കാരികവുമായ വൈവിധ്യത്തിന് കൂടുതൽ നിറം പകർന്നു.

റബ്ബർകൃഷിയുടെ ഭാവി

കേരളത്തിന്റെ കാർഷികമേഖലയിലും ജനജീവിതത്തിലും റബ്ബർകൃഷി വരുത്തിയ മാറ്റങ്ങൾ വളരെ വലുതാണ്. ഇത് കേരളത്തിന്റെ സാമ്പത്തിക അടിത്തറ ശക്തമാക്കുകയും പുതിയ തൊഴിൽമേഖലകൾ തുറക്കുകയും ചെയ്തു. അതേസമയം ഭക്ഷ്യസുരക്ഷ, പാരിസ്ഥിതിക സന്തുലിതാവസ്ഥ തുടങ്ങിയ വിഷയങ്ങളിൽ റബ്ബർകൃഷി ചില വെല്ലുവിളികൾ ഉയർത്തിയിട്ടുണ്ട്. ഈ മാറ്റങ്ങളെല്ലാം മനസ്സിലാക്കിക്കൊണ്ട്, റബ്ബർകൃഷിയെ കൂടുതൽ പരിസ്ഥിതി സൗഹൃദപരവും സുസ്ഥിരവുമാക്കി മുന്നോട്ട് കൊണ്ടുപോകാനുള്ള ശ്രമങ്ങളാണ് ഭാവിയിൽ കേരളം നടത്തേണ്ടത്.

കേരളത്തിന്റെ സാമ്പത്തികരംഗത്ത് റബ്ബർ ചെലുത്തിയ സ്വാധീനം കണക്കിലെടുക്കുമ്പോൾ റബ്ബറിനെ 'പച്ചപ്പൊന്ന്' എന്ന് വിശേഷിപ്പിക്കാൻ സാധിക്കും. ഈ വിശേഷണത്തിന് പിന്നിലെ കാരണങ്ങൾ ഇവയാണ്.

വരുമാനം : കേരളത്തിലെ ലക്ഷക്കണക്കിന് കർഷകർക്ക് സ്ഥിരമായ വരുമാനം ഉറപ്പാക്കുന്ന ഒരു കാർഷിക വിളയാണ് റബ്ബർ. സ്വർണം സാമ്പത്തിക ഭദ്രതയുടെ പ്രതീകമായി കണക്കാക്കുന്നതുപോലെ, റബ്ബർകൃഷി കർഷകർക്ക് സാമ്പത്തിക സുരക്ഷിതത്വം നൽകുന്നു.

സാമ്പത്തിക വളർച്ച : റബ്ബർകൃഷിയിലൂടെ കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥ വലിയ രീതിയിൽ വളർന്നു. റബ്ബറധിഷ്ഠിത വ്യവസായങ്ങൾ, തൊഴിലവസരങ്ങൾ എന്നിവയെല്ലാം ഈ വളർച്ചയ്ക്ക് ആക്കം കൂട്ടി.

ഭൂമിയുടെ വില : റബ്ബർകൃഷിക്ക് യോജിച്ച ഭൂമിക്ക് വലിയ ഡിമാൻഡും ഉയർന്ന വിലയുമുണ്ട്. ഇത് റബ്ബർതോട്ടങ്ങൾക്ക് സ്വർണത്തിനുള്ള മൂല്യത്തിന് സമാനമായ ഒരു പ്രാധാന്യം നൽകുന്നു.

'പച്ചപ്പൊന്ന്' എന്ന വിശേഷണം റബ്ബറിന്റെ സാമ്പത്തിക പ്രാധാന്യത്തെയും അതിലൂടെ കേരളത്തിനുണ്ടായ സാമ്പത്തിക നേട്ടങ്ങളെയും മനോഹരമായി സൂചിപ്പിക്കുന്നു.

(മലപ്പുറം ജില്ലയിലെ മേലാറ്റൂർ സ്വദേശിയാണ് ലേഖകൻ)

GOLDEN TOUCH®
FORMIC ACID



GTC®

GOLDEN TOUCH®
RUBBER SHEET FUNGICIDE (PNP)
GOLDEN TOUCH®
FORMIC ACID

റബ്ബർ ഷീറ്റുകളെ :

1. പൂപ്പലിൽ നിന്നും സംരക്ഷിക്കുന്നു.
2. സുവർണ്ണനിറം പകരുന്നു.
3. ഗുണമേന്മാ വർദ്ധനവിനെ സഹായിക്കുന്നു.

GOLDEN TOUCH® – ALUMINIUM DISH
GOLDEN TOUCH® – FORMIC ACID 85%

Rubber Estates Inputs: Spout, Cup Hanger, Latex Collection Cup, Sieve etc..
N.B.: Available at : Rubber Board Companies & Rubber Marketing Societies

Manufactured & Marketed by

GTC®
Since 1991

Geo Thomas & Co.

II[nd] Floor Rubber Board Office Building
M.C. Road, Muvattupuzha - 686 661
Mob: 9847043098
e-mail: geothomasco@yahoo.com, Web: www.goldentouchpnp.com



റബ്ബർബോർഡ് കോൾസെന്റർ നടത്തിയ പ്രത്യേക ഫോൺ-ഇൻ പരിപാടികളിൽ 'റബ്ബർതോട്ടങ്ങളിലെ ഇടവിളക്കൃഷി' എന്ന വിഷയത്തിൽ ഇന്ത്യൻ റബ്ബർ ഗവേഷണകേന്ദ്രത്തിലെ ശാസ്ത്രജ്ഞ ഡോ. ഫേബ ജോസഫ്, 'ഇടവേള കൂടിയ ടാപ്പിങ്' എന്ന വിഷയത്തിൽ റബ്ബർബോർഡിലെ അസിസ്റ്റന്റ് ഡെവലപ്മെന്റ് ഓഫീസർ മനോജ് കുമാർ വി., 'റബ്ബർഷീറ്റു നിർമാണം' എന്ന വിഷയത്തിൽ റബ്ബർബോർഡിലെ അസിസ്റ്റന്റ് കാളിറ്റി കൺട്രോൾ ഓഫീസർ ബിജു എം.എൻ. എന്നിവർ ചോദ്യങ്ങൾക്ക് നൽകിയ മറുപടികളാണ് യഥാക്രമം താഴെ ചേർത്തിട്ടുള്ളത്.

റബ്ബർതോട്ടങ്ങളിലെ ഇടവിളക്കൃഷി

1. ***റബ്ബർതോട്ടങ്ങളിൽ ഇടവിളകൾ കൃഷിചെയ്യുമ്പോൾ അടിസ്ഥാനപരമായി ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തെല്ലാമാണ്?***

   റബ്ബർതൈകളുടെ ചുവട്ടിൽനിന്ന് ഒന്നര മീറ്ററെങ്കിലും അകലത്തിൽ മാത്രമേ ഇടവിളകൾ കൃഷിചെയ്യാവൂ. ഇടവിളകൾ നടുമ്പോൾ മണ്ണിളക്കൽ പരമാവധി കുറയ്ക്കണം. ചെരിവുള്ള തോട്ടങ്ങളിൽ ചെരിവിനു കുറുകെ വേണം ഇടവിളകൾ നടാൻ. കൂടുതൽ ചെരിവുള്ള പ്രദേശങ്ങളാണെങ്കിൽ ഇടവിളക്കൃഷി പാടെ ഒഴിവാക്കി ആവരണവിളകൾ വെച്ചുപിടിപ്പിക്കുന്നതാണ് ഉത്തമം. ഇടവിളകൾക്ക് കാർഷികസർവ്വകലാശാലയുടെ ശുപാർശപ്രകാരമുള്ള ജൈവ-രാസവളങ്ങൾ ഉപയോഗിക്കുകയും അമിത വളപ്രയോഗം ഒഴിവാക്കുകയും വേണം. ഇടവിളകളുടെ വിളവെടുപ്പിനുശേഷം ബാക്കിവരുന്ന ജൈവാവശിഷ്ടങ്ങൾ വെട്ടിയരിഞ്ഞ് മണ്ണിൽ ചേർക്കുന്നത് നല്ലതാണ്. മുഖ്യവിളയായ റബ്ബറിന്റെ പരിചരണത്തിൽ വീഴ്ച വരാതെ ശ്രദ്ധിക്കേണ്ടതാണ്.

2. ***കാപ്പിയും കൊക്കോയും എങ്ങനെയാണ് റബ്ബർതോട്ടത്തിൽ നടേണ്ടത്?***

   നാലു റബ്ബർതൈകൾക്കിടയിൽ ഒരു കാപ്പി അല്ലെങ്കിൽ ഒരു കൊക്കോ എന്ന കണക്കിൽ നടാം. അതായത് രണ്ടു റബ്ബർനിരകൾക്കിടയിൽ ഒരു നിര കാപ്പി അല്ലെങ്കിൽ കൊക്കോ നടാവുന്നതാണ്. 45 സെ.മീ. വീതം നീളവും വീതിയും ആഴവുമുള്ള കുഴികളെടുത്താണ് ഇവ നടേണ്ടത്.

3. ***ഏതിനം കാപ്പിയാണ് റബ്ബർതോട്ടങ്ങളിൽ നടാൻ ഏറ്റവും യോജിച്ചത്?***

   ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം നടത്തിയ പരീക്ഷണങ്ങളിൽ 'റോബസ്റ്റ' എന്ന ഇനമാണ് ഏറ്റവും ആദായം നൽകിയത്. റോബസ്റ്റ കാപ്പി കൃഷിചെയ്യുമ്പോൾ കാപ്പിച്ചെടിയുടെ ഉയരം 120 സെന്റീമീറ്ററായി നിയന്ത്രിക്കണം.

4. ***റബ്ബർതോട്ടങ്ങളിൽ ഇടവിളക്കൃഷിക്ക് യോജിച്ച വിളകൾ ഏതൊക്കെയാണ്?***

   വാഴ, കൈത, ഇഞ്ചി, മഞ്ഞൾ, കിഴങ്ങുവർഗ്ഗങ്ങൾ, പച്ചക്കറികൾ, ഔഷധസസ്യങ്ങൾ, കൊക്കോ, കാപ്പി തുടങ്ങിയവയെല്ലാം റബ്ബറിനൊപ്പം കൃഷിചെയ്യാവുന്ന ഇടവിളകളാണ്. ഇടവിളകൾ തെരഞ്ഞെടുക്കുമ്പോൾ അവയുടെ വിപണനസാധ്യതകൾ കൂടി ഉറപ്പുവരുത്തണം.

5. ***ഇടവിളകൃഷിക്കനുയോജ്യമായ മഞ്ഞൾ ഇനങ്ങൾ ഏതെല്ലാമാണ്?***



ഡോ. ഫേബ ജോസഫ് സംശയങ്ങൾക്ക് മറുപടി പറയുന്നു

തണലിലും നല്ല വിളവ് നൽകുന്ന മഞ്ഞളിനങ്ങളായ പ്രഗതി, പ്രതിഭ എന്നിവ റബ്ബർതോട്ടങ്ങളിൽ ഇട വിളയായി കൃഷിചെയ്യാവുന്നതാണ്.

ഇടവേള കൂടിയ ടാപ്പിങ്

1. ***അത്യുത്പാദനശേഷിയുള്ള റബ്ബർമരങ്ങളിൽ അനുവർത്തിക്കാവുന്ന ടാപ്പിങ് രീതികൾ ഏതെല്ലാമാണ്?***

   അത്യുത്പാദനശേഷിയുള്ള ഇനങ്ങളിൽ ശാസ്ത്രീയമായ കൃഷിരീതിയനുസരിച്ച് ഇടവേള കൂടിയ ടാപ്പിങ് രീതികൾ അവലംബിക്കുന്നതാണ് നല്ലത്. റബ്ബർമരത്തിന്റെ പകുതി ചുറ്റളവിൽ മൂന്ന് ദിവസത്തിലൊരിക്കൽ, നാല് ദിവസത്തിലൊരിക്കൽ, ആഴ്ചയിൽ ഒരിക്കൽ എന്നീ ടാപ്പിങ് രീതികളിൽ ഏതെങ്കിലും ഒരു രീതി അനുവർത്തിക്കാവുന്നതാണ്.

2. ***ഇടവേള കൂട്ടി ടാപ്പിങ് നടത്തുമ്പോൾ ഉത്തേജകൗഷധം പ്രയോഗിക്കേണ്ടത് എങ്ങനെയെന്ന് വിശദീകരിക്കാമോ?***

   മൂന്നു ദിവസത്തിലൊരിക്കൽ ടാപ്പിങ് നടത്തുന്ന മരങ്ങളിൽ വർഷത്തിൽ മൂന്നു പ്രാവശ്യവും (ഏപ്രിൽ/മെയ്, സെപ്റ്റംബർ, നവംബർ എന്നീ മാസങ്ങളിൽ) നാല് ദിവസത്തിലൊരിക്കൽ ടാപ്പിങ് നടത്തുന്നവയിൽ വർഷത്തിൽ ആറ് പ്രാവശ്യവും (ഏപ്രിൽ/മെയ്, ജൂൺ, ആഗസ്റ്റ്, സെപ്റ്റംബർ, നവംബർ, ഡിസംബർ എന്നീ മാസങ്ങളിൽ) ആഴ്ചയിലൊരിക്കൽ ടാപ്പിങ് നടത്തുന്ന മരങ്ങളിൽ എല്ലാ മാസവും ഉത്തേജകൗഷധപ്രയോഗം (രണ്ടര ശതമാനം വീര്യമുള്ള എത്തഫോൺ) നടത്താം.

3. ***ആഴ്ചയിലൊരിക്കൽ ടാപ്പിങ് രീതി നടപ്പാക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തെല്ലാമാണ്?***

   മരങ്ങൾ റെയിൻഗാർഡ് ചെയ്ത് കൃത്യമായ ഇടവേള നൽകി ടാപ്പിങ് ദിനങ്ങൾ നഷ്ടപ്പെടാതെ ടാപ്പുചെയ്യണം. ഓരോ നാല് ടാപ്പിങ്ങിന് ശേഷവും അഞ്ചാമത്തെ ടാപ്പിങ്ങിന് 72 മണിക്കൂർ മുൻപായി രണ്ടര ശതമാനം വീര്യമുള്ള എത്തഫോൺ വെട്ടുപട്ടയിൽ പുരട്ടണം. മഴക്കാലത്ത് കുമിൾനാശിനി ഉപയോഗിച്ച് വെട്ടുപട്ട കഴുകുക, ശരിയായ ആഴത്തിൽ ടാപ്പുചെയ്യുക, രണ്ടര മില്ലീമീറ്റർ പട്ടക്കനമെടുത്ത് ടാപ്പുചെയ്യുക എന്നിവയെല്ലാമാണ് ആഴ്ചയിലൊരിക്കൽ ടാപ്പുചെയ്യുന്ന തോട്ടങ്ങളിൽ പ്രധാനമായും ശ്രദ്ധിക്കേണ്ട കാര്യങ്ങൾ.



മനോജ് കുമാർ വി. സംശയങ്ങൾക്ക് മറുപടി പറയുന്നു

4. ***പുതുതായി മാർക്കുചെയ്യുന്ന മരങ്ങളിൽ ആഴ്ചയിലൊരിക്കൽ എന്ന രീതിയിൽ ടാപ്പിങ് നടത്താൻ കഴിയുമോ?***

   പുതുതായി മാർക്കുചെയ്ത് ടാപ്പിങ് തുടങ്ങുമ്പോൾ തന്നെ ആഴ്ചയിലൊരിക്കൽ രീതി അവലംബിക്കാവുന്നതാണ്. ഈ രീതിയിൽ ടാപ്പുചെയ്യുമ്പോൾ ഒരു വർഷം ലഭിക്കുന്ന ടാപ്പിങ് ദിനങ്ങൾ 52 ദിവസം മാത്രമായതിനാൽ ഒരു ടാപ്പിങ് ദിനം പോലും വിളവെടുപ്പ് മുടങ്ങാതിരിക്കാൻ ശ്രദ്ധിക്കണം. അതിനാൽ നിർബന്ധമായും മരങ്ങൾ റെയിൻഗാർഡ് ചെയ്യുകയും ശുപാർശപ്രകാരമുള്ള ഉത്തേജകൗഷധം പ്രയോഗിക്കുകയും ചെയ്യണം. മഴക്കാലത്ത് പട്ടച്ചീയൽ പോലുള്ള കുമിൾരോഗങ്ങൾ വരാതിരിക്കാൻ വെട്ടുപട്ട കുമിൾനാശിനി ഉപയോഗിച്ച് കഴുകണം. ഓരോ ടാപ്പിങ്ങിലും അരിയുന്ന പട്ടയുടെ കനം രണ്ടര മില്ലീമീറ്റർ ആയി നിലനിർത്തുകയും വേണം.

5. ***ഉത്തേജകൗഷധം പ്രയോഗിച്ച് ടാപ്പുചെയ്യുന്നത് മരത്തിന്റെ ആരോഗ്യത്തെ ബാധിക്കുമോ?***

   റബ്ബർബോർഡ് ശുപാർശ ചെയ്തിരിക്കുന്ന വീര്യത്തിലും ഇടവേളകളിലും ഉത്തേജകൗഷധം ഉപയോഗിച്ച് ടാപ്പുചെയ്യുന്നത് മരത്തിന്റെ ആരോഗ്യത്തെ ബാധിക്കുകയില്ല. എത്തഫോൺ ജലത്തിന്റെ സാന്നിധ്യത്തിൽ വിഘടിക്കപ്പെടുമ്പോൾ എത്തിലിൻ എന്ന വാതകവും മറ്റുചില നിരുപദ്രവകരമായ വസ്തുക്കളും മാത്രമാണ് ഉണ്ടാകുന്നത്. അതിനാൽ തന്നെ എത്തഫോൺ പ്രയോഗം ദോഷകരമാകുന്നതല്ല.

റബ്ബർഷീറ്റു നിർമാണം

1. ***റബ്ബർപാൽ വെള്ളം ചേർത്ത് നേർപ്പിക്കുന്നത് എന്തിനുവേണ്ടിയാണ് ?***

   റബ്ബർമരത്തിൽ നിന്ന് ലഭിക്കുന്ന റബ്ബർപാലിൽ ഉണക്ക റബ്ബറിന്റെ അംശം 30 മുതൽ 40 വരെ ശതമാനമാണ്. ഇത് 12.5 മുതൽ 15 വരെ ശതമാനമാക്കി കുറയ്ക്കാനാണ് റബ്ബർപാൽ വെള്ളം ചേർത്ത് നേർപ്പിക്കുന്നത്. ഇങ്ങനെ നേർപ്പിച്ച പാൽ ഉറച്ചെടുക്കുന്ന പാൽക്കട്ടിക്ക് നല്ല മാർദ്ദവം ഉണ്ടാകും. അത് ഷീറ്റ് ആക്കാനും ഉണക്കിയെടുക്കാനും എളുപ്പമാണ്. അരിപ്പയിൽ കൂടി അരിച്ചുമാറ്റാൻ സാധിക്കാത്ത മൺതരികളും മറ്റു മാലിന്യങ്ങളും നേർപ്പിച്ച പാലിന്റെ അടിയിൽ അടിഞ്ഞുകൂടി നീക്കം ചെയ്യാൻ സാധിക്കുന്നു. നേർപ്പിക്കുമ്പോൾ റബ്ബർപാലിലുള്ള റബ്ബറിതര വസ്തുക്കൾ വെള്ളത്തിൽ ലയിച്ചുചേർന്ന് ഷീറ്റടിക്കുന്ന സമയത്ത് പുറത്തുപോവുകയും തന്മൂലം ഷീറ്റിന്റെ ഗുണമേന്മ വർദ്ധിക്കുകയും ചെയ്യും.

2. ***റബ്ബർപാൽ നേർപിക്കുന്നതിനുള്ള വെള്ളത്തിന്റെ അളവ് എങ്ങിനെയാണ് നിശ്ചയിക്കുന്നത്?***

   റബ്ബർപാൽ നേർപിക്കാനാവശ്യമായ വെള്ളത്തിന്റെ അളവ് നിശ്ചയിക്കുന്നതിനായി ആദ്യം റബ്ബർപാലിൽ അടങ്ങിയിട്ടുള്ള ഉണക്കറബ്ബറിന്റെ അളവ് (ഡി. ആർ.സി.) കണ്ടുപിടിക്കണം. അതിനുശേഷം റബ്ബർപാലിന്റെ ഡി.ആർ.സി. 12.5 മുതൽ 15 വരെ ശതമാനം ആക്കാൻ ആവശ്യമായ തോതിൽ വെള്ളം ചേർക്ക



ബിജു എം.എൻ. സംശയങ്ങൾക്ക് മറുപടി പറയുന്നു

ണം. ഭൂരിപക്ഷം വരുന്ന ചെറുകിടകർഷകരെ സംബന്ധിച്ചിടത്തോളം ഡി.ആർ.സി. നിർണയം അത്ര പ്രായോഗികമല്ലാത്തതിനാൽ റബ്ബർപാലിന് കൊഴുപ്പ് കൂടുതലുള്ളപ്പോൾ രണ്ട് ഇരട്ടിയും സാമാന്യം കൊഴുപ്പുള്ളപ്പോൾ ഒന്നര ഇരട്ടിയും കൊഴുപ്പ് കുറവാണെങ്കിൽ തുല്യ അളവും വെള്ളം ചേർക്കാവുന്നതാണ്. നേർപിക്കാൻ ഉപയോഗിക്കുന്ന വെള്ളം അരിപ്പയിലൂടെ അരിച്ചുവേണം റബ്ബർപാലിൽ ചേർക്കാൻ.

3. ***ഷീറ്റുനിർമാണത്തിനായി നേർപ്പിച്ച റബ്ബർപാലിൽ ഏത് അളവിലാണ് ആസിഡ് ചേർക്കേണ്ടത്?***

ഫോർമിക് ആസിഡ് ആണ് ഉറ കൂട്ടാനായി ഉപയോഗിക്കുന്നത്. വിപണിയിൽ ലഭിക്കുന്നത് 85 ശതമാനം വീര്യമുള്ള ആസിഡാണ്. റബ്ബർപാൽ ഉറകൂട്ടാനായി ഒരു ശതമാനം വീര്യമാക്കി നേർപ്പിച്ച ഫോർമിക് ആസിഡ് മതിയാകും. ഇതിനായി 100 മില്ലി ലിറ്റർ ഫോർമിക് ആസിഡ് പത്തു ലിറ്റർ വെള്ളത്തിൽ നേർപ്പിച്ച് എടുക്കുക. ഉറ കൂട്ടിയശേഷം ഷീറ്റടിക്കുന്നത് അടുത്ത ദിവസം ആണെങ്കിൽ ഒരു തളികയിലെ നാല് ലിറ്റർ നേർപ്പിച്ച റബ്ബർപാലിൽ 250 മി. ലിറ്റർ നേർപ്പിച്ച ഫോർമിക് ആസിഡ് ഒഴിച്ച് നന്നായി ഇളക്കിക്കൊടുത്താൽ മതിയാകും.

4. ***പാൽ തരിച്ചു പോകാതിരിക്കാൻ എന്തൊക്കെ ശ്രദ്ധിക്കണം?***

റബ്ബർപാൽ ഏകദേശം മൂന്നു മുതൽ അഞ്ചു വരെ മണിക്കൂർ ഉറകൂടാതെ ഇരിക്കും.റബ്ബർപാൽ സംസ്കരണത്തിനു മുമ്പായി ഉറകൂടൽ നടക്കുന്നതിനെയാണ് തരിക്കുക എന്ന് പറയുന്നത് . ഇതു തടയാനായി സോഡിയം സൾഫൈറ്റ് 0.05 ശതമാനം വീര്യത്തിൽ റബ്ബർപാലിൽ ചേർത്താൽ മതിയാകും. അഞ്ച് ഗ്രാം സോഡിയം സൾഫൈറ്റ് 100 മി. ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ച് 10 ലിറ്റർ പാലിൽ എന്ന തോതിൽ ചേർക്കാം. സോഡിയം സൾഫൈറ്റ് ആവശ്യത്തിലധികം ചേർത്താൽ ഷീറ്റ് ഉണങ്ങാൻ താമസിക്കാനും ഉറകൂടാൻ കൂടുതൽ ആസിഡ് ആവശ്യമായി വരാനും സാധ്യതയുണ്ട്.

5. ***മഴക്കാലത്ത് ഷീറ്റിൽ ഉണ്ടാകുന്ന പൂപ്പൽ ഒഴിവാക്കാനായി എന്തു ചെയ്യാം?***

മഴക്കാലത്ത് റബ്ബർഷീറ്റിൽ ഉണ്ടാകുന്ന പൂപ്പൽ ഒഴിവാക്കാനായി ശുദ്ധജലത്തിൽ റബ്ബർഷീറ്റുകൾ കഴുകിയെടുത്തശേഷം 0.05 ശതമാനം വീര്യമുള്ള പാരാ നൈട്രോഫിനോൾ (പി.എൻ.പി.) ലായനിയിൽ 15 മുതൽ 20 വരെ മിനിറ്റ് നേരം മുക്കിയിടണം. ഒരു കിലോഗ്രാം ഉണക്ക റബ്ബറിന് ഒരു ഗ്രാം എന്ന തോതിലാണ് പി.എൻ.പി. ഉപയോഗിക്കേണ്ടത്. പത്ത് ലിറ്റർ വെള്ളത്തിൽ അഞ്ച് ഗ്രാം പാരാ നൈട്രോഫിനോൾ ലയിപ്പിച്ചെടുത്ത ലായനി 500 ഗ്രാം വീതം തൂക്കമുള്ള 10 ഷീറ്റുകൾക്ക് മതിയാകുന്നതാണ്.

6. ***ഷീറ്റുകളിൽ കുമിളകൾ രൂപപ്പെടുന്നത് എന്തുകൊണ്ടാണ്?***

ഷീറ്റുകളിൽ കുമിളകൾ രൂപപ്പെടുന്നത് റബ്ബർപാലിൽ ബാക്ടീരിയകളുടെ പ്രവർത്തനം മൂലം വാതകങ്ങൾ ഉണ്ടാകുന്നതുകൊണ്ടാണ്. ഷീറ്റു നിർമാണത്തിന് ഉപയോഗിക്കുന്ന പാത്രങ്ങളും ഉപകരണങ്ങളും വൃത്തിയായി സൂക്ഷിക്കാൻ ശ്രദ്ധിക്കണം. ആവശ്യമായിട്ടുള്ള ആസിഡിന്റെ അളവ് നിശ്ചയിച്ച് ആസിഡ് കൃത്യമായി ചേർത്ത് ഇളക്കി യോജിപ്പിച്ചുകഴിഞ്ഞാൽ കുമിളകൾ ഉണ്ടാകുന്നത് തടയാൻ സാധിക്കും. പുകപ്പുരയിലെ ഉയർന്ന താപനില മൂലവും പൊള്ളലുകളും കുമിളകളും ഉണ്ടാകാം. ശ്രദ്ധിച്ചു നോക്കിയാൽ ഇവ വേർതിരിച്ചറിയാൻ സാധിക്കും.

തയ്യാറാക്കിയത്

സ്ലീബ വി. പോൾ
(ഫാം ഓഫീസർ)

റബ്ബർബോർഡ് കോൾസെന്റർ പ്രത്യേക ഫോൺ - ഇൻ പരിപാടി



റബ്ബർ പ്രോഡക്ട്സ് ഇൻക്യുബേഷൻ സെന്റർ നൽകുന്ന സേവനങ്ങൾ

റബ്ബർബോർഡിന്റെ റബ്ബർ പ്രോഡക്ട്സ് ഇൻക്യുബേഷൻ സെന്റർ (Rubber Products Incubation Centre- RPIC) റബ്ബറധിഷ്ഠിത വ്യവസായങ്ങൾ തുടങ്ങുന്നതുമായി ബന്ധപ്പെട്ട് നൽകുന്ന സേവനങ്ങളെക്കുറിച്ചുള്ള ചോദ്യങ്ങൾക്ക് 2026 ഒക്ടോബർ 14 ബുധനാഴ്ച രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒരുമണി വരെ ഇന്ത്യൻ റബ്ബർഗവേഷണ കേന്ദ്രത്തിലെ ശാസ്ത്രജ്ഞൻ ഡോ. മധുസൂദനൻ കെ.എൻ. മറുപടി പറയും.

ചെറുതേനീച്ചകളുടെ പരിചരണം

ചെറുതേനീച്ചകളുടെ പരിചരണവും കോളനി വിഭജനവും സംബന്ധിച്ച് കർഷകർക്കുള്ള സംശയങ്ങൾക്ക് 2026 ഒക്ടോബർ 16 വെള്ളിയാഴ്ച രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒരുമണി വരെ ഹോർട്ടിക്കോർപ്പിലെ മുൻ പ്രോഗ്രാം ഓഫീസർ ബെന്നി ഡാനിയേൽ മറുപടി നൽകും.

കോൾസെന്റർ ഫോൺ നമ്പർ 0481 2576622

Guard Against the Monsoon!
Secure Your Latex Tapping Channels with
ANNA RAINPROOF

(Rain Guarding Compound)

WITH 23 YEARS OF EXPERTISE,
OUR EASY-TO-APPLY PASTE
REQUIRES NO HEATING AND
EFFECTIVELY KEEPS
RAINWATER OUT THIS SEASON





OUR PRODUCT RANGE

- Rain Guarding Compound
- Rain Guarding Plastic / Ribbon
- Rain Guard Tapping Shade
- Kissan Guard Shade
- Stapler Machine / Pin
- Suthali
- Scrapper
- Cup Hanger
- Spout (Chill)
- Latex Collection Cup
- Tapping Knife - Ordinary
- Nadan Tapping Knife
- Jabong Knife
- Gouge Knife
- Sharpening Stone
- Template & Marker
- Rubber Coat - Black
- Rubber Coat - White
- Aluminium Dish
- Aluminium Mug
- Aluminium Bucket
- Tapping Light
- Pathavetty
- Ounce Glass
- Arival
- Pine Apple Knife
- Arippa
- Ammonia
- Lauric Acid
- Copper Oxy Chloride
- COC Fytran
- Motex
- Formic Acid - White
- Formic Acid with PNP
- PNP Powder
- Agrowin Gel
- Ethipone
- Copper Sulphate
- China Clay
- Dolomite
- Chalk Powder
- Lime Shell Powder
- Sodium Sulphate
- Sodium Bi Sulfite
- Sulphur - Dusting / Smoking
- TMTD
- DAHP
- Wetex

IAF

ISO 9001:2015
VEXIL
BPS MS
Q9133755

NABCB
QM022

Rubber Board Approved

Best & Highest Quality Rubber Tapping Equipments & Materials


ai ANNA INDUSTRIES™
SINCE 1991

Anna Industries

(An ISO 9001:2015 Certified Company)
Kolenchery, Cochin, Kerala, Pin: 682 311

Phone:
93 88 60 1632
94 95 00 3366
0484 2764590
0484 2760216

E-mail: sales@annabusiness.com
annaindustries@ymail.com
annatradersklcy@gmail.com
www.annabusiness.com
Toll Free : 1800 1230 366



നവംബർ മാസത്തിലെ കൃഷിപ്പണികൾ

മഴയും വെയിലും ഇടകലർന്ന കാലാവസ്ഥയിൽ തോട്ടങ്ങളിൽ കളകൾ കൂടുതലായി വളർന്നിട്ടുണ്ടാകും. അവ നീക്കം ചെയ്യണം. കളകൾ ഉണങ്ങിയശേഷം വേനൽകാലത്ത് തൈകളുടെ ചുവട്ടിൽ പുതയിടാൻ ഉപയോഗിക്കാം.



നഴ്സറികളിലെ തൈകൾക്ക് ഇതുവരെ വളം ചെയ്യാൻ സാധിച്ചിട്ടില്ലെങ്കിൽ ഇപ്പോൾ വളം ചെയ്യാം. കൃഷിയുള്ള ഒരു ഹെക്ടർ സ്ഥലത്തിന് 1255 കി. ഗ്രാം എന്ന തോതിൽ 10-10-4-1.5 എന്ന അനുപാതത്തിലുള്ള എൻ.പി.കെ.എംജി. കൂട്ടു വളത്തിൽ 118 കിലോഗ്രാം മഗ്നീഷ്യം സൾഫേറ്റ് ചേർത്ത് ഇട്ടുകൊടുക്കണം. തൈനിരകൾക്കിടയിൽ വളം വിതറി, കൈപ്പല്ലികൊണ്ട് മണ്ണുമായി ഇളക്കി യോജിപ്പിച്ചാൽ മതി. ഉണങ്ങിയ ഇലകൾകൊണ്ട് ചവറുവെയ്ക്കണം. ചവറു വെയ്ക്കുന്നതുകൊണ്ട് തൈകളുടെ ചുവടുഭാഗം ചൂടേറ്റ് കരിയാതിരിക്കും. മാത്രമല്ല, കളകളുടെ വളർച്ച നിയന്ത്രിക്കുകയും ചെയ്യാം. ആവശ്യമെന്നു കണ്ടാൽ നഴ്സറിയിലെ തൈകൾ നനയ്ക്കണം. രാവിലെയും വൈകുന്നേരവും മാത്രമേ തൈകൾ നനയ്ക്കാവൂ. തടങ്ങൾ നല്ലതുപോലെ നനഞ്ഞുകുതിരുന്ന തരത്തിൽ വെള്ളമൊഴിക്കുകയാണെങ്കിൽ ആഴ്ചയിൽ ഒരുതവണ നനച്ചാൽ മതി. വിസ്തൃതി കൂടിയ നഴ്സറികളിൽ ഓരോ ദിവസം ഓരോ ഭാഗം വീതം നനയ്ക്കുന്നത് സൗകര്യപ്രദമായിരിക്കും.

ഒട്ടുകമ്പുനഴ്സറിയിലെ ചെടികളിൽ ശാഖകൾ ഉണ്ടാകാൻ അനുവദിക്കരുത്. ചെറുതൈകൾക്കിടയിലെ കളകൾ നീക്കം ചെയ്യേണ്ടതാണ്. നീക്കം ചെയ്യുന്ന കളകൾ നടീൽ നിരകൾക്കിടയിൽ ശേഖരിക്കാം. അവ ഉണങ്ങിയശേഷം ചവറുവെയ്ക്കാൻ ഉപയോഗിക്കാവുന്നതാണ്.

പുതയിടൽ

കൃഷിയിടത്തിലെ ചെറുതൈകളുടെ ചുവട്ടിൽ ചവറുവെയ്ച്ചുകൊടുക്കേണ്ടതാണ്. മണ്ണിലെ ഈർപവും പോഷകമൂലകങ്ങളും നിലനിർത്തുന്നതിനും മണ്ണിൽ മഴവെള്ളം നേരിട്ട് കുത്തിവീഴാതിരിക്കുന്നതിനും ചെറുതൈകളുടെ ചുവടുഭാഗം വെയിലേറ്റ് ഉണങ്ങാതിരിക്കുന്നതിനും ഇത് സഹായിക്കും. ഉണങ്ങിയ ഇലകൾ, പുല്ല്, ആഫ്രിക്കൻ പായൽ മുതലായവ ചവറുവെയ്ക്കാൻ ഉപയോഗിക്കാം. തൈകളുടെ കടയ്ക്കൽ നിന്ന് അഞ്ചു മുതൽ ഏഴു വരെ സെ. മീ. അകലം വിട്ട് ചവറുവെയ്ക്കണം. തൈത്തണ്ടിന് കേടുപറ്റാതിരിക്കാനാണിത്.

തോട്ടപ്പയർ

കൃഷിയിടത്തിൽ ഈ വർഷം നട്ടുപിടിപ്പിച്ചതും ഇതുവരെ വളംചെയ്യാത്തുമായ തോട്ടപ്പയറിന് ഇപ്പോൾ വളംചെയ്യാവുന്നതാണ്. ഹെക്ടർ പ്രതി 165 കി. ഗ്രാം റോക്ക് ഫോസ്ഫേറ്റ് രണ്ടു പ്രാവശ്യമായി ചേർത്തുകൊടുക്കണം. കളകൾ നീക്കം ചെയ്ത് തോട്ടപ്പയർ ശരിയായി പടരുന്നതിനുള്ള സാഹചര്യം ഉണ്ടാക്കിക്കൊടുക്കുന്നതിനും ശ്രദ്ധിക്കണം. ചെറുതൈകളുടെ ചുവട്ടിൽ



ഒരു മീറ്റർ വിസ്തൃതിയിൽ തോട്ടപ്പയർ വളരാൻ അനുവദിക്കരുത്. തൈകളിൽ പടർന്നുകയറുന്ന തോട്ടപ്പയർ അപ്പപ്പോൾ നീക്കം ചെയ്യേണ്ടതാണ്.

മുളകളും ശിഖരങ്ങളും

ബഡ്ഡുതൈകളിൽ തായ്തടിയിൽ നിന്നു വളരുന്ന മുളകൾ മുറിച്ചുകളയണം. ചെറുതൈകൾക്ക് നിലനിരപ്പിൽ നിന്ന് രണ്ടരമീറ്റർ വരെ ഉയരത്തിൽ ശാഖകൾ വളരാൻ അനുവദിക്കരുത്. ബഡ്ഡുമരങ്ങളിൽ ടാപ്പിങ് ആരംഭിക്കുന്നത് 125 സെ.മീ. പൊക്കത്തിലായതിനാൽ ഈ ഭാഗത്ത് ശിഖരങ്ങൾ നിർത്തുന്നത് ടാപ്പിങ്ങിന് ബുദ്ധിമുട്ടുണ്ടാക്കും. ശിഖരങ്ങളും മുളകളും മൂർച്ചയുള്ള കത്തി ഉപയോഗിച്ച് തായ്ത്തടിയിൽ നിന്ന് കുറച്ചു വിട്ട് താഴെനിന്നു മുകളിലേക്ക് മുറിച്ചുകളയണം.

കാറ്റിനെ ചെറുക്കാൻ

ചെറുതൈകൾ കാറ്റിൽ വളഞ്ഞുപോകുകയും ഒടിയുകയും ചെയ്യുക സാധാരണമാണ്. ഇങ്ങനെ സംഭവിക്കാതിരിക്കാൻ തൈകൾക്ക് താങ്ങുകൊടുക്കുകയോ അവ വലിച്ചുകെട്ടുകയോ ചെയ്യാം. കെട്ടുമ്പോൾ തൈയുടെ പുറന്തൊലിക്ക് കേടുവരാതിരിക്കാൻ ചകിരി, ചാക്ക് മുതലായ എന്തെങ്കിലും കൊണ്ട് പൊതിഞ്ഞ ശേഷമേ കെട്ടാവൂ. കെട്ടുകൾ അധികം മുറുകുകയുമരുത്. കാറ്റുമൂലമോ മറ്റോ മരങ്ങൾക്ക് കേടുപാടുകൾ സംഭവിച്ചിട്ടുണ്ടെങ്കിൽ ആ ഭാഗം വൃത്തിയായി മുറിച്ച് മുറിവുണങ്ങാൻ സഹായിക്കുന്ന പെട്രോളിയം ഉത്പന്നങ്ങളിൽ ഏതെങ്കിലും ഒന്ന് പുരട്ടേണ്ടതാണ്. ഇടവേള കൂടിയ ടാപ്പിങ് നടത്തുന്ന റബ്ബർമരങ്ങളിൽ എത്തഫോൺ എന്ന ഉത്തേജകൗഷധം ഈ മാസത്തിൽ പ്രയോഗിക്കാം.

തണൽ

പുതുതായി നട്ട തൈകൾക്ക് തണൽ കൊടുക്കേണ്ടതാണ്. മെടഞ്ഞ തെങ്ങോലയോ ചാക്കോ മുളയോ ഇതിനുപയോഗിക്കാം. കൂടകളാണ് ഉപയോഗിക്കുന്നതെങ്കിൽ അവ ആവശ്യത്തിന് വലിപ്പമുള്ളവയായിരിക്കണം.







കപ്പുതൈകൾ

അടുത്ത വർഷത്തേക്കാവശ്യമുള്ള കപ്പുതൈകൾ തയ്യാറാക്കുന്ന ജോലി ഇപ്പോൾ തന്നെ തുടങ്ങാം.

കപ്പുകളിൽ തന്നെ വിത്തിട്ട് തൈകൾ വളർത്തിയെടുത്ത് ബഡ്ഡു ചെയ്തെടുക്കുകയാണെങ്കിൽ തൈകൾക്ക് നല്ല വേരുപടലം ഉണ്ടാകും. കപ്പുകളിൽ വളർന്ന ആരോഗ്യമുള്ള തൈകൾ കൃഷി ചെയ്താൽ അവ ഒരു വർഷം നേരത്തേതന്നെ വിളവെടുപ്പിനുള്ള വണ്ണമെത്തും. ഒരേപോലെയും ഊർജ്ജസ്വലതയോടെയും വളരുന്ന തൈകൾ തിരഞ്ഞെടുത്ത് കൃഷിസ്ഥലത്ത് നടുന്നതിനും കുഴിക്കേട് പരമാവധി ഒഴിവാക്കുന്നതിനും ഈ രീതി സഹായകരമാണ്. തൈകളെല്ലാം ഒരേപോലെ വളർന്ന് ഒരേ സമയത്തുതന്നെ ടാപ്പുചെയ്യാനുള്ള വണ്ണമെത്തുമെന്നതാണ് മറ്റൊരു മെച്ചം. മരങ്ങൾ നേരത്തെ വിളവെടുപ്പിന് തയ്യാറാകുന്നതുമൂലം സംരക്ഷണച്ചെലവും ആനുപാതികമായി കുറയും. •

കൊതുകുകളെ നിയന്ത്രിക്കുക; പകർച്ചപ്പനി തടയുക



മഴക്കാലത്ത് മാരകരോഗങ്ങൾ പരത്തുന്ന കൊതുകുകൾ പെരുകുക സാധാരണമാണ്. മരപ്പൊത്തുകളിലും ചെറിയ അടപ്പുകളിലും കെട്ടിക്കിടക്കുന്ന വെള്ളത്തിൽപോലും കൊതുകുകൾ പെരുകാം. ശ്രദ്ധിച്ചില്ലെങ്കിൽ ചിരട്ടകളിലും റെയിൻഗാർഡുകളുടെ മടക്കുകളിലും പശയുടെ ടിന്നുകളിലും ഒക്കെ വെള്ളം കെട്ടിനിൽക്കാം. കൊതുകിന്റെ ഉപദ്രവം ഏറ്റവും കൂടുതൽ നേരിടേണ്ടിവരുന്നത് ടാപ്പിങ്തൊഴിലാളികളാണ്.

- കൊതുകുകൾ പരത്തുന്ന ചിക്കുൻ ഗുനിയയ്ക്കും ഡെങ്കിപ്പനിക്കുമെതിരെ ജാഗ്രത പുലർത്തുക.
- വീടും പരിസരവും വെള്ളം കെട്ടിക്കിടക്കാത്തവിധം വൃത്തിയായി സൂക്ഷിക്കുക.
- പറമ്പിൽ ഉപേക്ഷിച്ച ചിരട്ടകൾ, പ്ലാസ്റ്റിക്കുകൾ, പാത്രങ്ങൾ, ടിന്നുകൾ, ടയറുകൾ, ബാരലുകൾ തുടങ്ങിയവ നീക്കം ചെയ്യുക.
- ജലസംഭരണികൾ കൊതുകുകടക്കാത്തവിധം മൂടുക.
- റബ്ബർപാൽ എടുത്തശേഷം ചിരട്ടകൾ കമിഴ്ത്തിവയ്ക്കുക.
- ടാപ്പിങ് നിർത്തിവച്ച തോട്ടങ്ങളിലും ചിരട്ടകൾ കമിഴ്ത്തിവയ്ക്കുക.
- വെള്ളം കെട്ടിനിൽക്കാതെ റെയിൻഗാർഡ് ശരിയായി താഴ്ത്തിയിടുക.
- മഴവെള്ളം കെട്ടിനിൽക്കാനുള്ള സാഹചര്യങ്ങൾ റബ്ബർതോട്ടങ്ങളിൽ ഇല്ലെന്ന് ഉറപ്പുവരുത്തുക.
- വീട്ടിലെ പൂപ്പാത്രങ്ങളിലും പൂപ്പാത്രങ്ങൾ വയ്ക്കുന്ന പാത്രങ്ങളിലും വെള്ളം കെട്ടിക്കിടക്കുന്നില്ലെന്ന് ഉറപ്പുവരുത്തുക.

പൊതുതാൽപര്യാർത്ഥം റബ്ബർബോർഡ് പ്രസിദ്ധീകരിക്കുന്നത്.

നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് പരിശീലനപരിപാടികൾ

2026 നവംബർ മാസത്തെ പരിശീലനപരിപാടികൾ

1. **റബ്ബർപാലിൽ നിന്നുള്ള ഉത്പന്നനിർമാണം**
   റബ്ബർപാലിൽ നിന്ന് വിവിധതരം ഉത്പന്നങ്ങൾ നിർമിക്കുന്നതിനെക്കുറിച്ചുള്ള പരിശീലനം നവംബർ 02 മുതൽ 06 വരെയുള്ള തീയതികളിൽ നടക്കും. റബ്ബർപാൽ അധിഷ്ഠിത വ്യവസായങ്ങൾ, ലാറ്റക്സ് കോമ്പൗണ്ടിങ്, പ്രോഡക്റ്റ് ഡിസൈൻ; റബ്ബർ ബാൻഡ്, കയ്യുറകൾ, ഫോം റബ്ബർ, പശകൾ, ബലൂണുകൾ എന്നിവയുടെ നിർമാണം, ഉത്പന്നങ്ങളുടെ ഗുണമേന്മ നിയന്ത്രിക്കുന്ന ഘടകങ്ങൾ എന്നിവ കോഴ്സിൽ ഉൾപെടുന്നു. പരിശീലനമാധ്യമം ഇംഗ്ലീഷ് ആയിരിക്കും. പരിശീലനഫീസ് 5000 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).
2. **റബ്ബർകൃഷി**
   റബ്ബർകൃഷിപരിപാലനത്തിൽ ഹ്രസ്വകാലപരിശീലനം നവംബർ 04 മുതൽ 06 വരെയുള്ള തീയതികളിൽ നടക്കും. പുതിയ റബ്ബറിനങ്ങൾ, നടീൽസമ്പ്രദായങ്ങൾ, വളമിടൽ, രോഗ-കീടങ്ങളുടെ നിയന്ത്രണം, ടാപ്പിങ്, റബ്ബർപാൽ സംസ്കരണം എന്നിവ പരിശീലനപരിപാടിയിൽ ഉൾപെടുത്തിയിട്ടുണ്ട്. എസ്റ്റേറ്റ് മേഖലയിലുള്ളവർക്കും നഴ്സറിയുടമകൾ, തോട്ടംമേഖലയിൽ നിന്നുള്ളവർ എന്നിവർക്കും അപേക്ഷിക്കാവുന്നതാണ്. പരിശീലനമാധ്യമം ഇംഗ്ലീഷ് ആയിരിക്കും. പരിശീലനഫീസ് 1500 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).
3. **മികച്ച കാർഷികരീതികൾ (Good Agricultural Practices)**
   മികച്ച കാർഷികരീതികൾ (Good Agricultural Practices) എന്ന വിഷയത്തിലുള്ള പരിശീലനം നവംബർ 12, 13 തീയതികളിൽ നടക്കും. റബ്ബർതോട്ടങ്ങളിൽ മികച്ച കാർഷികരീതികളിലൂടെ ചെലവ് കുറച്ചുകൊണ്ട് ഉത്പാദനം വർദ്ധിപ്പിക്കുക എന്ന



താണ് പരിശീലനോദ്ദേശ്യം. എസ്റ്റേറ്റ് മേഖലയിലുള്ളവർക്കും കർഷകർക്കും ഈ പരിശീലനം പ്രയോജനപ്പെടും. പരിശീലനഫീസ് 1750 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).

4. **റബ്ബർ പ്രോഡക്റ്റ്സ് അനാലിസിസ് ആന്റ് റിവേഴ്സ് എഞ്ചിനീയറിങ്**

പ്രകൃതിദത്തവും കൃത്രിമവുമായ റബ്ബറുകൾ, കോമ്പൗണ്ടിങ് ഘടകങ്ങൾ, അസംസ്കൃത വസ്തുക്കളുടെ പരിശോധനയും ഗുണമേന്മാനിയന്ത്രണവും, പ്രോസസ്സ് കൺട്രോൾ ടെസ്റ്റുകൾ, വൾക്കനൈസേറ്റ്സ് ടെസ്റ്റിങ്, പ്രോഡക്റ്റ് അനാലിസിസ് തുടങ്ങിയ വിഷയങ്ങൾ ഉൾകൊള്ളിച്ചുകൊണ്ടുള്ള പരിശീലനം നവംബർ 16 മുതൽ 20 വരെയുള്ള തീയതികളിൽ നടക്കും. റബ്ബർവ്യവസായം, ഗവേഷണമേഖല, പ്രതിരോധമേഖല എന്നിവയുമായി ബന്ധപ്പെട്ട വ്യക്തികൾക്ക് ഈ പരിശീലനത്തിൽ പങ്കെടുക്കാം. പരിശീലനഫീസ് 12000 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).

5. **റബ്ബർ ടാപ്പിങ്**

റബ്ബർടാപ്പിങ്ങിലുള്ള പരിശീലനം നവംബർ 16 മുതൽ 20 വരെയുള്ള തീയതികളിൽ നടക്കും. നൂതന ടാപ്പിങ് രീതികൾ, ഉത്തേജകൗഷധപ്രയോഗം, ഇടവേള കൂടിയ ടാപ്പിങ്, നിയന്ത്രിതകമിഴ്ത്തിവെട്ട് എന്നിവയിൽ പരിശീലനം നൽകും. പരിശീലന ഫീസ് 1500 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).

6. **ഇടവിളക്കൃഷി**

റബ്ബർതോട്ടങ്ങളിൽ ഇടവിളകൾ കൃഷിചെയ്യുന്നതിൽ ഏകദിനപരിശീലനം (ഓൺലൈൻ) നവംബർ 25-ന് നടക്കും. റബ്ബറിനോടൊപ്പം കൃഷിചെയ്യാവുന്ന ഇടവിളകൾ, അവയുടെ നടീൽരീതികൾ, പരിപാലനം എന്നിവ ഉൾപെടുത്തിക്കൊണ്ടുള്ളതാണ് പരിശീലനം. കർഷകർ, തോട്ടം മാനേജർമാർ, നഴ്സറിയുടമകൾ, തോട്ടംമേഖലയിൽ നിന്നുള്ളവർ എന്നിവർക്ക് അപേക്ഷിക്കാവുന്നതാണ്. പരിശീലനഫീസ് 100 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).

7. **റബ്ബർനടീൽ, പരിപാലനം**

റബ്ബറിന്റെ നടീൽരീതികൾ, പരിപാലനം, ഇടവിളകൃഷി, കളനാശനം എന്നിവയുൾക്കൊള്ളിച്ചുകൊണ്ടുള്ള ഏകദിനപരിശീലനം (ഓൺലൈൻ) നവംബർ 25 -ന് നടക്കും. പരിശീലനഫീസ് 100 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).

8. **ഉണക്കറബ്ബർ നിർണയം**

റബ്ബർപാലിലെ ഉണക്കറബ്ബർ തിട്ടപ്പെടുത്തുന്നത് സംബന്ധിച്ചുള്ള പരിശീലനം നവംബർ 25 മുതൽ 27 വരെയുള്ള തീയതികളിൽ നടക്കും. പരിശീലനമാധ്യമം മലയാളം ആയിരിക്കും. പരിശീലനഫീസ് 2500 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ), വ്യവസായമേഖലയിൽ നിന്നുള്ളവർക്ക് 3500 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).

പട്ടികജാതി-പട്ടികവർഗവിഭാഗത്തിൽപെട്ടവർക്ക്, ജാതിസർട്ടിഫിക്കറ്റ് ഹാജരാക്കുന്ന പക്ഷം, ഫീസിൽ 50 ശതമാനം ഇളവ് ലഭിക്കുന്നതാണ്. താമസ സൗകര്യം ആവശ്യമുള്ളവർ ദിനംപ്രതി 454 രൂപ അധികം നൽകണം. റബ്ബറുത്പാദകസംഘങ്ങളിൽ അംഗങ്ങളായിട്ടുള്ളവർ അംഗത്വസർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ തെരഞ്ഞെടുക്കപ്പെട്ട പരിശീലനങ്ങൾക്ക് ഫീസിൽ 25 ശതമാനം ഇളവ് നൽകും.

പരിശീലനവുമായി ബന്ധപ്പെട്ട പുതുക്കിയ വിവരങ്ങൾ എന്തെങ്കിലുമുണ്ടെങ്കിൽ അറിയുന്നതിനായി https://www.facebook.com/RubberBoardofIndia എന്ന ഫേസ്ബുക്ക് പേജിലോ വാട്ട്സ് ആപ്പിലോ (04812353201), 9497317209 (വ്യവസായം), 9446428554 (കൃഷി, വിജ്ഞാനവ്യാപനം) എന്നീ ഫോൺനമ്പരുകളിലോ ബന്ധപ്പെടുക.



183 മായുന്ന ഗ്രാമക്കാഴ്ചകൾ, മറയുന്ന ഗ്രാമനന്മകൾ



മുരളീധരൻ തഴക്കര

എല്ലാം 'ഡിലീറ്റ്' ചെയ്യുന്ന കാലമാണിത്

സാക്ഷരതയുടെയും ആയുർദൈർഘ്യത്തിന്റെയും താരതമ്യേന കുറഞ്ഞ ശിശുമരണനിരക്കിന്റെയും സാംസ്കാരിക പ്രസ്ഥാനങ്ങളുടെയും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും എല്ലാം കാര്യത്തിൽ കേരളം ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് ബഹുദൂരം മുന്നിലാണ്. എന്നാൽ വയോജനങ്ങളുടെ ശ്രദ്ധാപൂർവ്വമായ സംരക്ഷണത്തിലും മാലിന്യപരിപാലനത്തിലും സാക്ഷരകേരളം പിന്നാക്കമാണെന്ന് പറയാതെ വയ്യ. ഒരു പക്ഷേ രാജ്യത്ത് ഏറ്റവുമധികം വൃദ്ധസദനങ്ങൾ ഉള്ള നാടായി ദൈവത്തിന്റെ കൈയ്യൊപ്പുള്ള കേരളം വളരുകയാണ്. ഓർഫനേജ് കൺട്രോൾ ബോർഡിന്റെ കീഴിൽ നിയമാനുസൃതം രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന ഏതാണ്ട് എഴുനൂറിലേറെ വൃദ്ധസദനങ്ങളാണ് ഇവിടെയുള്ളത്. നിയമാനുസൃതമല്ലാതെ പ്രവർത്തിക്കുന്നവ ഇതിലുമേറെയുണ്ട്. സാമൂഹ്യനീതി വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ ഏതാണ്ട് രണ്ട് ഡസനിലധികം സർക്കാർ സ്നേഹാലയങ്ങളും കേരളത്തിൽ പ്രവർത്തിച്ചുവരുന്നു.

ജന്മംനൽകി വളർത്തി വലുതാക്കിയ അച്ഛനമ്മമാർ സ്വന്തം മക്കൾക്ക് അധിക ബാധ്യതയായി മാറുന്ന ദുരന്തപൂർണമായ സാഹചര്യവും അവർ അനാഥരായി വഴിയിൽ ഉപേക്ഷിക്കപ്പെടുന്ന അവസ്ഥയും ഒരു പകർച്ചവ്യാധി കണക്കേ പടർന്നുപിടിക്കുകയാണ്. ഈ പശ്ചാത്തലത്തിലാണ് മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും സംരക്ഷണം നിയമപരമായി ഉറപ്പാക്കുന്നതിന് ഭാരതസർക്കാർ നിർബന്ധിതമായത്. അറുപത് വയസിന് മുകളിൽ പ്രായമുള്ളവർക്ക് മക്കളോ അവകാശികളോ മാന്യമായ ജീവിതവും സംരക്ഷണവും ഉറപ്പാക്കുന്നത് നിഷ്ക്കർഷിക്കുന്ന നിയമമാണിത്. ഈ കാര്യത്തിൽ മക്കളോ അടുത്ത അവകാശികളോ വീഴ്ച വരുത്തിയാൽ നിർബന്ധപൂർവ്വം ജീവിതച്ചെലവ് നൽകാൻ നിയമം വ്യവസ്ഥ ചെയ്യുന്നു. സംരക്ഷണകാര്യങ്ങളിൽ വീഴ്ച വരുത്തിയാൽ തടവും പിഴയും അനുഭവിക്കേണ്ടിവരും.

പുസ്തകത്തിലെ പശു പുല്ലുതിന്നില്ലല്ലോ? വിദ്യാഭ്യാസത്തിലും സംസ്കാരത്തിലും സാക്ഷരതയിലും ഈശ്വരവിശ്വാസത്തിലുമെല്ലാം ഒരു പണത്തൂക്കം മുന്നിൽ നിൽക്കുന്ന കേരളത്തിൽ ഇപ്പോഴിതാ ഓരോ പഞ്ചായത്ത് വാർഡിലും മുതിർന്നവർക്കായി സ്നേഹാലയങ്ങൾ ആരംഭിക്കുന്ന കാഴ്ചയാണ് നാം കാണുന്നത്. ജീവിതസായന്തനത്തിൽ വൃദ്ധജനങ്ങളെ പാർപ്പിക്കാനുള്ള സ്നേഹവീടുകളുടെ ഉദ്ഘാടനം ഏറെ ആഘോഷപൂർവ്വം മന്ത്രിമാരടക്കം പങ്കെടുക്കുന്ന മഹാസമ്മേളനങ്ങളായി നടക്കുന്നു! ഇങ്ങനെ സ്നേഹാലയങ്ങൾ കൈയ്യെത്തുംദൂരത്തുണ്ടാകുമ്പോൾ പ്രായാധിക്യമുള്ള അച്ഛനമ്മമാരെ അവിടെ ഏൽപിച്ച് സ്വസ്ഥരാകുക എന്ന നിലയിലേക്ക് കേരളീയസമൂഹം മാറുകയാണോ? സർക്കാരിന്റെ നിയന്ത്രണങ്ങളും നിയമങ്ങളുമുണ്ടെങ്കിലും ഇപ്പോഴും ജീവകാരുണ്യമേൽവിലാസം ഉപയോഗപ്പെടുത്തി സ്നേഹാലയങ്ങളും സ്നേഹവീടുകളും അനുദിനം ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഇങ്ങനെ അനധികൃതമായി സ്നേഹാലയങ്ങളുണ്ടാക്കി ജീവകാരുണ്യം പലരുടേയും ജീവനോപാധിയായി മാറുന്നു എന്നതും പറയാതെവയ്യ! മനുഷ്യമനസ്സിന്റെ ആർദ്രതയേയും കാരുണ്യത്തെയും യഥാർത്ഥത്തിൽ ചൂഷണം ചെയ്യുന്ന ഇത്തരം വാർത്തകൾ മാധ്യമങ്ങളിലൂടെ നാം നിത്യേന കാണുകയാണ്!

കൂട്ടുകുടുംബങ്ങൾ അണുകുടുംബങ്ങളായതും പുരുഷനൊപ്പം സ്ത്രീയും തൊഴിൽ തേടുന്നതും കുട്ടികളുടെ എണ്ണത്തിൽ കുറവുണ്ടായതും തൊഴിലിനും പഠനത്തിനുമായി യുവത കൂട്ടത്തോടെ രാജ്യം വിട്ടുപോകുന്നതും കൃഷിക്ക് അപചയമുണ്ടായതും ജീവിതത്തിന്റെ സ്പീഡ് വല്ലാതെ കൂടിയതും ആയുർദൈർഘ്യവർധനയാൽ വയോജനങ്ങളുടെ സംഖ്യാബലം ക്രമാതീതമായി വർദ്ധിച്ചതുമെല്ലാം ഈ പ്രശ്നത്തോട് ചേർത്ത് നാം കാണേണ്ടതുണ്ട്. സർവ്വോപരി പോയകാല കേരളത്തിൽ നിലനിന്ന കുടുംബബന്ധങ്ങളിലുണ്ടായ ശോഷണവുമെല്ലാം ഇതിലേക്ക് വഴിതെളിച്ച സാഹചര്യങ്ങളും ഘടകങ്ങളുമാണ്.

ഒരു കാലത്ത് ചെറുപ്പക്കാർ തൊഴിൽ തേടി പേർഷ്യയിലേക്ക് പോയി എന്നാണ് നമ്മൾ പറഞ്ഞിരുന്നത്. ഈ പേർഷ്യ എന്ന പ്രയോഗത്തിൽ എല്ലാ ഗൾഫ് നാടുകളും വരുമായിരുന്നു. തൊഴിലന്വേഷകരായി ഗൾഫ് നാടുകളിലേക്ക് പോയവരൊക്കെയും സ്വന്തം നാട്ടിലും വീട്ടിലും തിരിച്ചെത്തിയിരുന്നു. അവർ അയച്ച പണത്തിന്റെ പിൻബലമാണ് കേരളത്തിന്റെ ഇന്നു കാണുന്ന വളർച്ചയ്ക്ക് വളക്കൂറായത്. ഇപ്പോൾ സ്ഥിതിയാകെ മാറി. പഠിക്കാനായി അമേരിക്കയിലേക്കും ആസ്ട്രേലിയയിലേക്കും ജർമിനിയിലേക്കും മറ്റും പോകുന്നവരി

ലേറെയും തിരിച്ച് നാട്ടിലേക്കും വീട്ടിലേക്കും മടങ്ങിയെത്തുന്നില്ല! അവിടെ പൗരത്വം സ്വീകരിച്ച് കുടുംബസമേതം താമസമാക്കുകയാണ്. ജന്മനാട്ടിലേക്ക് ഇടയ്ക്കൊന്ന് വരണമെങ്കിൽ പാസ്പോർട്ട് എടുക്കേണ്ട അവസ്ഥ! ഇവിടെ പ്രായമായ അച്ഛനും അമ്മയും ചുറ്റോടുചുറ്റും മതിലുള്ള വലിയ വീട്ടിൽ താമസിക്കുന്നു. പക്ഷേ എല്ലാം അനുനിമിഷം വിദേശത്തിരുന്ന് കാണാൻ പാകത്തിൽ വീടിനകത്തും പുറത്തും പറമ്പിലുമെല്ലാം സിസി ടിവി ക്യാമറ സ്ഥാപിച്ചിട്ടുണ്ട്.

ഇപ്പോൾ കേരളം നേരിടുന്ന വന്യമൃഗശല്യവും ഇതിനോട് ചേർത്ത് ചർച്ച ചെയ്യേണ്ടതായുണ്ട്. വനസമാനമായ വീട്ടുവളപ്പുകൾ, സ്ഥിരമായി അടഞ്ഞുകിടക്കുന്ന ബഹുനില വീടുകൾ എന്നിവ വർത്തമാനകാല കേരളത്തിൽ പുതിയ കാര്യമല്ല. കാടിറങ്ങി ആനയും പുലിയും കാട്ടുപന്നിയുമെല്ലാം നാട്ടിലെത്തുന്നതും മനുഷ്യ-വന്യജീവി സംഘർഷം ഒരു തുടർക്കഥയാകുന്നതും കൃഷി ഇല്ലാതാകുന്നതും നാട് കാടായി മാറുന്ന സാഹചര്യവുംകൂടി കാണാതെ പോകരുത്. എത്രയെത്ര റബ്ബർതോട്ടങ്ങൾ ടാപ്പുചെയ്യാതെ കിടക്കുന്നു. യാതൊരു പരിചരണങ്ങളുമില്ലാതെ അനാഥാവസ്ഥയിലുള്ള തോട്ടങ്ങളുമുണ്ട്. റബ്ബർ ചുരത്തുന്ന സമ്പത്തിനേക്കാൾ മെച്ചപ്പെട്ട ധനാഗമ വഴിയുള്ളപ്പോൾ പിന്നെന്തിന് തോട്ടത്തിലേക്കിറങ്ങണം. അഥവാ ടാപ്പുചെയ്താമെന്ന് വിചാരിച്ചാൽ ടാപ്പർമാരെ കിട്ടാനുമില്ല. ഓരോ മരത്തേയും തൊട്ടറിഞ്ഞിരുന്ന കാരണവന്മാരുടെ കഷ്ടപ്പാടിന്റെ നാൾവഴികൾ ഈ പുതിയകാലത്ത് നമ്മുടെ ഇളം തലമുറയ്ക്ക് അമ്മുമ്മക്കഥയായേ തോന്നൂ. അവരെ കുറ്റംപറഞ്ഞിട്ട് കാര്യമില്ല. മണ്ണിൽ ചവിട്ടാതെ വീടിനുള്ളിലും സോക്സ് ഇടിച്ചാണ് നമ്മൾ അവരെ വളർത്തിയത്. മണ്ണിലേക്ക് ഇറങ്ങിയാൽ അവിടെ കീടാണു ഉണ്ടെന്ന് പറഞ്ഞ് നാം അവരെ ഭയപ്പെടുത്തുകയും ചെയ്തിരുന്നു! ഒരു നേരം അരവയർ നിറയ്ക്കാനും വിശപ്പടക്കാനും പാടുപെട്ട മലയാളി ഇന്നിതാ വയറ് കുറയ്ക്കാൻ വല്ലാതെ പാടുപെടുകയാണ്! ജിമ്മിലും ഫിറ്റ്നസ് സെന്ററുകളിലും പണം കൊടുത്ത് വ്യായാമം ചെയ്ത് വയർ കുറയ്ക്കാൻ കഷ്ടപ്പെടുന്നു. എല്ലാം വൈറൽ ആക്കുകയും റീലിലാക്കുകയും ചെയ്യുന്ന തിരക്കിനിടയിൽ മണ്ണും കൃഷിയും റബ്ബറും ടാപ്പിങ്ങുമെല്ലാം കൈവിട്ടുപോയി! പ്രായാധിക്യത്താൽ അവശരായി ഓർമ മങ്ങിത്തുടങ്ങിയ അച്ഛനമ്മമാർ സ്വന്തം വീടിന് പുറത്ത് സ്നേഹ വീടുകളിലുമായി!

കടപ്പാടിന്റെയും കരുതലിന്റെയും കാരുണ്യത്തിന്റെയും ഉറവക്കണ്ണികൾ വറ്റിക്കൊണ്ടിരിക്കുന്നു. എല്ലാം എല്ലാക്കാലത്തേക്കും സൂക്ഷിച്ചുവയ്ക്കുന്ന രീതിയും സമ്പ്രദായവും ഇപ്പോഴില്ലല്ലോ! സകലതും 'ഡിലീറ്റ്' ചെയ്യുന്ന കാലമാണല്ലോ ഇത്. ആവശ്യം കഴിഞ്ഞാൽ അപ്പോൾതന്നെ ഡിലീറ്റ് ചെയ്യുക എന്നത് പുതിയ കാലത്തിന്റെ ശീലമാണ്. അത് പൊക്കിൾകൊടി ബന്ധങ്ങളായാലും ആത്മസൗഹൃദമായാലും പ്രിയങ്കര സന്ദേശമായാലും വായിക്കുക അല്ലെങ്കിൽ ഓർമിക്കുക അടുത്ത നിമിഷം മായിച്ചുകളയുക. നമ്മളും അങ്ങനെ മാറിക്കഴിഞ്ഞു. ഒന്നും ഓർമയിൽ സൂക്ഷിക്കാനുള്ളതല്ല എന്ന് സമാശ്വസിക്കുകയേ നിർവ്വാഹമുള്ളൂ. •

'റബ്ബർ ഗ്രോവേഴ്സ് ഗൈഡ് - 2026' വിൽപനയ്ക്ക്



റബ്ബർകൃഷിപരിപാലനം, വിവിധ റബ്ബറിനങ്ങളും അവയുടെ പ്രത്യേകതകളും, വളമിടൽ, രോഗങ്ങളും അവയുടെ നിവാരണമാർഗങ്ങളും, വിളവെടുപ്പ്, സംസ്കരണം, വിപണനം തുടങ്ങി റബ്ബറിന്റെ എല്ലാ മേഖലകളെയും കുറിച്ച് വിശദമായി പ്രതിപാദിക്കുന്ന ഒരു പുസ്തകമാണ് 'റബ്ബർ ഗ്രോവേഴ്സ് ഗൈഡ്'. റബ്ബർബോർഡിന്റെ വിവിധ പദ്ധതികൾ, പരിശീലനപരിപാടികൾ, സ്ഥിതിവിവരക്കണക്കുകൾ, ബോർഡിന്റെ ഇന്ത്യയൊട്ടാകെയുള്ള ഓഫീസുകളുടെ വിലാസങ്ങൾ, ബന്ധപ്പെടേണ്ട ഫോൺ നമ്പറുകൾ എന്നിവയെല്ലാം ഈ പുസ്തകത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഇംഗ്ലീഷിൽ തയ്യാറാക്കിയിരിക്കുന്ന ഈ പുസ്തകത്തിന്റെ പരിഷ്കരിച്ച പതിപ്പ് ഇപ്പോൾ വിൽപനയ്ക്ക് ലഭ്യമാണ്. ഒരു കോപ്പിയുടെ വില 250 രൂപ. ബന്ധപ്പെടേണ്ട ഫോൺ നമ്പർ 0481 2301231 (എക്സ്റ്റൻഷൻ നമ്പർ 346).

റബ്ബർമാസിക- പരസ്യനിരക്കുകൾ

റബ്ബർമാസികയുടെ പരസ്യനിരക്കുകൾ (5 ശതമാനം ജി.എസ്.റ്റി. സഹിതം) താഴെച്ചേർക്കുന്നു.



ബാക്ക് കവർ (കളർ)	-	13860 രൂപ
ഫ്രണ്ട് ഇൻസൈഡ് (കളർ)	-	9975 രൂപ
ബാക്ക് ഇൻസൈഡ് (കളർ)	-	9975 രൂപ
സെന്റർ സ്പ്രെഡ് (കളർ/ ബ്ലാക്ക് & വൈറ്റ്)	-	16800 രൂപ
ഇൻസൈഡ് ഫുൾ പേജ് (കളർ/ ബ്ലാക്ക് & വൈറ്റ്)	-	8400 രൂപ
ഇൻസൈഡ് 1/2 പേജ് (കളർ/ ബ്ലാക്ക് & വൈറ്റ്)	-	4200 രൂപ
ഇൻസൈഡ് 1/4 പേജ് (കളർ/ ബ്ലാക്ക് & വൈറ്റ്)	-	2100 രൂപ
ഇൻസൈഡ് 1/8 പേജ് (കളർ/ ബ്ലാക്ക് & വൈറ്റ്)	-	1313 രൂപ

പരസ്യം നൽകാൻ ആഗ്രഹിക്കുന്നവർ തയ്യാറാക്കിയ പരസ്യത്തിന്റെ സോഫ്റ്റ് കോപ്പി, പരസ്യം നൽകാൻ ആഗ്രഹിക്കുന്ന ലക്കത്തിന്റെ തൊട്ടുമുൻപത്തെ മാസം 15-ാം തീയതിക്കകം നൽകേണ്ടതാണ്. എഡിറ്റർ, റബ്ബർ മാസിക, കോട്ടയം-2 എന്ന വിലാസത്തിൽ അയച്ചു തരികയോ ppr@rubberboard.org.in എന്ന വിലാസത്തിലേക്ക് ഇ-മെയിൽ ചെയ്യുകയോ ചെയ്യാം. പരസ്യത്തുക സെക്രട്ടറി, റബ്ബർബോർഡ്, കോട്ടയം-2 എന്ന വിലാസത്തിലുള്ള ഡിമാന്റ് ഡ്രാഫ്റ്റായി അയയ്ക്കുകയോ റബ്ബർ ബോർഡിന്റെ അക്കൗണ്ടിൽ നേരിട്ട് അടയ്ക്കുകയോ ചെയ്യാം. കൂടുതൽ വിവരങ്ങൾക്ക്: 0481-2301231. എക്സ്റ്റൻഷൻ - 346

റബ്ബർവില കഴിഞ്ഞമാസം (രൂപ/കിന്റൽ)

തീയതി	ആഭ്യന്തരവില					അന്താരാഷ്ട്രവില	
	കോട്ടയം			കൊച്ചി		ബാങ്കോക്ക്	
	ആർഎസ്എസ് 4	ആർഎസ്എസ് 5	60% ലാറ്റക്സ്	ആർഎസ്എസ് 4	ആർഎസ്എസ് 5	ആർഎസ്എസ് 3	ആർഎസ്എസ് 4
2026 സെപ്റ്റംബർ 1	27500	27100	20290	27500	27100	26411	26324
2026 സെപ്റ്റംബർ 2	27400	27000	20290	27400	27000	26230	26144
2026 സെപ്റ്റംബർ 3	27300	26900	20185	27300	26900	26106	26020
2026 സെപ്റ്റംബർ 4	27200	26800	19970	27200	26800	26187	26101
2026 സെപ്റ്റംബർ 5	27200	26800	അവധി	27200	26800	അവധി	അവധി
2026 സെപ്റ്റംബർ 6	അവധി	അവധി	അവധി	അവധി	അവധി	അവധി	അവധി
2026 സെപ്റ്റംബർ 7	27200	26800	20075	27200	26800	26478	26392
2026 സെപ്റ്റംബർ 8	27200	26800	20185	27200	26800	26385	26298
2026 സെപ്റ്റംബർ 9	27300	26800	20185	27300	26800	26714	26628
2026 സെപ്റ്റംബർ 10	27400	26900	20185	27400	26900	26900	26813
2026 സെപ്റ്റംബർ 11	27400	26900	20185	27400	26900	26759	26672
2026 സെപ്റ്റംബർ 12	27400	26900	അവധി	27400	26900	അവധി	അവധി
2026 സെപ്റ്റംബർ 13	അവധി	അവധി	അവധി	അവധി	അവധി	അവധി	അവധി
2026 സെപ്റ്റംബർ 14	27400	26900	20185	27400	26900	26791	26704
2026 സെപ്റ്റംബർ 15	27400	26900	20185	27400	26900	26550	26463
2026 സെപ്റ്റംബർ 16	27400	26900	20075	27400	26900	26450	26363
2026 സെപ്റ്റംബർ 17	27400	26900	20075	27400	26900	26553	26466
2026 സെപ്റ്റംബർ 18	27400	26900	20075	27400	26900	26403	26317
2026 സെപ്റ്റംബർ 19	27400	26900	അവധി	27400	26900	അവധി	അവധി
2026 സെപ്റ്റംബർ 20	അവധി	അവധി	അവധി	അവധി	അവധി	അവധി	അവധി
2026 സെപ്റ്റംബർ 21	27400	26900	20075	27400	26900	26522	26435
2026 സെപ്റ്റംബർ 22	27450	26950	20185	27450	26950	26546	26460
2026 സെപ്റ്റംബർ 23	27500	27000	20290	27500	27000	26830	26743
2026 സെപ്റ്റംബർ 24	27550	27050	20395	27550	27050	27149	27062
2026 സെപ്റ്റംബർ 25	27700	27200	20395	27700	27200	27170	27084
2026 സെപ്റ്റംബർ 26	27800	27200	അവധി	27800	27200	അവധി	അവധി
2026 സെപ്റ്റംബർ 27	അവധി	അവധി	അവധി	അവധി	അവധി	അവധി	അവധി
2026 സെപ്റ്റംബർ 28	27900	27300	20395	27900	27300	26853	26767
2026 സെപ്റ്റംബർ 29	27900	27400	20395	27900	27400	26613	26528
2026 സെപ്റ്റംബർ 30	28000	27400	20395	28000	27400	27079	26993
ശരാശരി	**27465**	**26981**	**20212**	**27465**	**26981**	**26622**	**26535**

തയ്യാറാക്കിയത്: മാർക്കറ്റ് പ്രൊമോഷൻ ഡിവിഷൻ, റബ്ബർബോർഡ്

പ്രകൃതിദത്തറബ്ബർമേഖല –പ്രതിമാസാവലോകനം

ഉത്പാദനവും ഉപഭോഗവും ഇനംതിരിച്ച്	ജൂൺ 2026	ജൂൺ 2025	ഏപ്രിൽ 2026 മുതൽ ജൂൺ 2026 വരെ	ഏപ്രിൽ 2025 മുതൽ ജൂൺ 2025 വരെ	ഏപ്രിൽ 2025 മുതൽ മാർച്ച് 2026 വരെ	(3) ഉം (4) ഉം തമ്മിലുള്ള വ്യത്യാസം(+/-) ശതമാനത്തിൽ
	(1)	(2)	(3)	(4)	(5)	(6)
ഉത്പാദനം (ടൺ)						
ഷീറ്റുറബ്ബർ (ആർഎസ്എസ്)	35400	34000	78100	78750	569550	
ബ്ലോക്കുറബ്ബർ	17000	15100	51600	45650	207825	
സാന്ദ്രീകൃതറബ്ബർപാൽ (ഡി.ആർ.സി.)	7500	6750	22300	21600	110000	
മറ്റുള്ളവ	1100	1150	3000	3000	17625	
ആകെ	**61000**	**57000**	**155000**	**149000**	**905000**	**4.0**
ഉപഭോഗം* (ടൺ)						
ഷീറ്റുറബ്ബർ (ആർഎസ്എസ്)	48500	52200	146500	158200	597500	
ബ്ലോക്കുറബ്ബർ	54000	56800	157500	164400	661000	
സാന്ദ്രീകൃതറബ്ബർപാൽ (ഡി.ആർ.സി.)	9000	9100	27300	29000	120500	
മറ്റുള്ളവ	3500	3900	9700	11400	48000	
ആകെ	**115000**	**122000**	**341000**	**363000**	**1427000**	**–6.1**
ടയർനിർമ്മാണത്തിനുപയോഗിച്ചത്	79565	77738	231637	227579	907956	1.8
ഇറക്കുമതി/കയറ്റുമതി (ടൺ)						
ഇറക്കുമതി (p)	32028	36505	114588	118597	459081	
കയറ്റുമതി (p)	316	103	986	602	3014	

2026 ജൂൺ അവസാനത്തെ സ്റ്റോക്ക് (ടൺ)			
കർഷകർ	21000	ഷീറ്റുറബ്ബർ	**143500**
കച്ചവടക്കാർ, സംസ്കർത്താക്കൾ	64000	ബ്ലോക്കുറബ്ബർ	**65000**
ടയർ നിർമ്മാതാക്കൾ (c)	114000	റബ്ബർപാൽ (ഡിആർസി)	**23500**
മറ്റു വ്യവസായികൾ	45000	മറ്റുള്ളവ	**12000**
ആകെ	**244000**	**ആകെ**	**244000**

* ആഭ്യന്തരോത്പാദനവും ഇറക്കുമതിയുമുൾപ്പെടെ, p-ലഭ്യമായ കണക്കുകൾ അനുസരിച്ച്

c- ട്രാൻസിറ്റ് ഉൾപ്പെടെ

തയ്യാറാക്കിയത്: സ്റ്റാറ്റിസ്റ്റിക്സ് ആന്റ് പ്ലാനിങ് ഡിവിഷൻ, റബ്ബർബോർഡ്

തോട്ടത്തിലാശാൻ

പ്രസന്നൻ ആനിക്കാട്



ഗുണമേന്മയുള്ള നടീൽവസ്തുക്കൾക്ക്

റബ്ബർബോർഡ് നഴ്സറികൾ

റബ്ബർബോർഡിന്റെ കേരളത്തിലെ നഴ്സറികൾ	
സെൻട്രൽ നഴ്സറി കരിക്കാട്ടൂർ, മുക്കട പി.ഒ. ഇ-മെയിൽ: cnkkr@rubberboard.org.in	**റബ്ബർബോർഡ് റീജിയണൽ നഴ്സറി,** മഞ്ചേരി. ഇ-മെയിൽ: romji@rubberboard.org.in
റബ്ബർബോർഡ് റീജിയണൽ നഴ്സറി കടയ്ക്കാമൺ, പുനലൂർ. ഇ-മെയിൽ: ropnr@rubberboard.org.in	**റബ്ബർബോർഡ് റീജിയണൽ നഴ്സറി** ഉളിക്കൽ, കണ്ണൂർ. ഇ-മെയിൽ: roskm@rubberboard.org.in
റബ്ബർബോർഡ് റീജിയണൽ നഴ്സറി കാഞ്ഞിക്കുളം, പാലക്കാട്. ഇ-മെയിൽ:ropgt@rubberboard.org.in	**റബ്ബർബോർഡ് റീജിയണൽ നഴ്സറി** ആലക്കോട്, തളിപ്പറമ്പ്. ഇ-മെയിൽ: rotba@rubberboard.org.in

കൂടുതൽ വിവരങ്ങൾക്ക്:
റബ്ബർബോർഡ് കോൾസെന്റർ
ഫോൺ: 0481-2576622



RUBBER MONTHLY (MALAYALAM)
Published on 11 October 2026
RNI. 7842

Registered KL / KTM/ 44 / 2024-26
Licence No. KL / CR / KTM / WPP - 09 / 2024-26
Licensed to post without pre-payment



പകരമാകില്ല മറ്റൊന്നും

- അനുകരണങ്ങളെ സൂക്ഷിക്കുക
- തോട്ടം നേരിൽ കണ്ട് കൃഷിരീതികൾ മനസ്സിലാക്കുക
  പ്രത്യേകതകൾ
- 30% ൽ അധികം തണൽ ആവശ്യം
- റബ്ബർ തോട്ടത്തിൽ കാട് വളരാത്തതുമൂലം പണിക്കൂലി ലാഭകരം
- തായ്വേരുകൾ ആയതിനാൽ ഇടവിളകൃഷിക്ക് അനുയോജ്യം
- തായ്വേരായതിനാൽ നനയ്ക്കേണ്ടതില്ല
- ഉത്പാദനത്തിൽ വർദ്ധനവ്
- തോട്ടം നട്ടുപിടിപ്പിച്ചു കൊടുക്കുന്നു
- കേരളത്തിൽ എവിടെ നിന്നും മാർക്കറ്റ് വിലയിൽ കാപ്പി സംഭരിക്കുന്നു

റോയ്സ്
ഹൈടെക് ഹൈബ്രിഡ് കോഫി
പ്ലാന്റേഷൻ & നേഴ്സറി
PULPALLY - WAYANAD
9447 907 464
9744 517 595
www.royscoffee.com

Printed and Published by B. Sreekumar, Deputy Director (I/C), Publicity and Public Relations Division, Rubber Board, Kottayam-686 002 on behalf of the Rubber Board, Ministry of Commerce & Industry, Government of India and printed at Penta Offset, Penta Arcade, Near Koprath Temple Jn., Collectorate P.O., Kottayam-686 002, and published from the Rubber Board, Keezhukunnu, Collectorate PO, Kottayam-686 002. Editor: B. Sreekumar